Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 വൃശ്ചികം 1—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 നവംബർ 17 | ലക്കം 14


## നവംബർ 21

### ശ്ലൈഹികതീർത്ഥാടനകേന്ദ്രത്തിൽപ്രഥമ മാർത്തോമ്മാമഹം

(ഫാദർ ക്ലെമൻസ് ടി. ഒ. സി. ഡി.)

മാർത്തോമ്മാ ക്രിസ്ത്യാനികൾ അനേകനൂററാണ്ടുകളായി ഭക്തിപൂർവ്വം നടത്തിപ്പോന്നിരുന്നതും ഇടക്കാലത്തു് നിന്നുപോയതുമായ ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂർ തീർത്ഥാടനം ആവർത്തിക്കപ്പെടുകയാണു്. മാർത്തോമ്മായുടെ വലങ്കരമല്ലേ ഇന്നവിടെ സ്ഥിതിചെയ്യുന്നതു്? ശ്ലൈഹിക തീർത്ഥാടന കേന്ദ്രമായിട്ടാണല്ലോ കൊടുങ്ങല്ലൂരിനെ പരിശുദ്ധസിംഹാസനം പ്രഖ്യാപനം ചെയ്തിരിക്കുന്നതു്.

മാർത്തോമ്മാശ്ലീഹായുടെ മക്കൾ എന്നഭിമാനിക്കുന്ന ഓരോ കേരളീയ കത്തോലിക്കനേയും സന്തോഷത്തിലാറാടിക്കുന്ന ഒരു സംഭവമാണു് ചരിത്രം സൃഷ്ടിച്ച 1953 ഡിസംബറിൽ നടന്നതു്. അന്നു് കർദ്ദിനാൾ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻതന്നെ കേരളത്തിൽ വന്നു് നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ വലങ്കരം നമുക്കു സമ്മാനിച്ചു. മാർത്തോമ്മാ ഒന്നാമതായി ഭാരതത്തിൽ കാലുകുത്തിയ പുണ്യഭൂമിയും ഭാരതസഭയുടെ പിള്ളത്തൊട്ടിയുമായ കൊടുങ്ങല്ലൂരിനെ ഒരു ശ്ലൈഹികതീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കയും അവിടെ നമ്മുടെ പിതാവിന്റെ ശരീരാവശിഷ്ടം നിക്ഷേപിക്കുകയും ചെയ്തതും അന്നുതന്നെയാണല്ലോ. ഭാരതീയസഭയുടെ ഉല്പത്തിസ്ഥാനമായ കൊടുങ്ങല്ലൂർ ഇന്നു ഒരു "പൊന്തിഫിക്കൽ ഷ്റൈൻ" ആയി പരിലസിക്കുന്ന കാഴ്ച കേരളീയരെ അഭിമാനപുളകമണിയിക്കതന്നെ ചെയ്യുന്നു. ചരിത്രകാരന്മാർ പറയുന്നു, നമ്മുടെ പിതാവായ തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതു് നവമ്പർ 21-ാം തീയതി ആണെന്നു്. ഈ മഹാദിനത്തിന്റെ സ്മരണ നിലനിത്തിക്കൊണ്ടു് ആണ്ടുതോറും നവംബർ 21-ാംനു-ോ അടുത്ത ഞായറാഴ്ചയോ വേണം കൊടുങ്ങല്ലൂരെ തീർത്ഥാടനകേന്ദ്രത്തിൽ പ്രധാനതിരുനാൾ ആഘോഷിക്കവാൻ എന്നു കേന്ദ്രം തീരുമാനിച്ചിരിക്കുന്നതും ആഹ്ലാദപ്രദമായ ഒരു സംഗതിയാണു്. മാർത്തോമ്മായുടെ രണ്ടാമത്തെ കേരളപ്രവേശനത്തിനുശേഷം— തിരുശേഷിപ്പ് കേരളത്തിലേക്കു് കൊണ്ടുവന്നതിനു ശേഷം—വന്നുചേരുന്ന ഒന്നാമത്തെ ഭാരതപ്രവേശനത്തിരുനാളാണു് ഈ നവംബർ 21-ാംനു നടക്കുവാൻ പോകുന്നതു്. കേരളത്തിന്റെ നാനാഭാഗത്തുനിന്നും ഭക്തജനങ്ങളും, ചരിത്രപ്രേമികളും, പൗരപ്രമാണികളും, വൈദികപ്രമുഖന്മാരും, സമുദായാഭിമാനികളും ആയി പലരും ഈ പ്രഥമതിരുനാൾ ഏററം ആഘോഷമായും കേരളീയക്രിസ്ത്യാനികളുടെയെല്ലാം ഭാഗഭാഗിത്വത്തോടുകൂടിയും നടത്തപ്പെടേണ്ടതാണെന്നും അതു് സംബന്ധിച്ച് പൊതുജനങ്ങൾക്കു വേണ്ട അറിവു് കാലേകൂട്ടി നൽകേണ്ടതാണെന്നും ഞങ്ങളെ തുടരെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാർ അതിപുരാതനകാലം മുതൽക്കേ കേരളത്തിന്റെ നാനാഭാഗത്തുനിന്നും പ്രതിവർഷം കൂട്ടംകൂട്ടമായി കൊടുങ്ങല്ലൂർക്കു് തീർത്ഥാടനം നടത്തിയിരുന്ന ചരിത്രസംഭവത്തെ പലരും ചൂണ്ടിക്കാണിക്കയും പില്ക്കാലത്തു് നിദ്രാവസ്ഥയിലാണ്ടുപോയ ആ പിതൃഭക്തിപ്രകടനത്തെ ഇന്നത്തെ കേരളീയക്രിസ്ത്യാനികൾ—2000 സംവത്സരങ്ങൾക്കുമുമ്പു് കൊടുങ്ങല്ലൂരിൽ പ്രവത്തനമനുഷ്ഠിച്ചു നമ്മുടെ പിതാക്കന്മാരെ ക്രൈസ്തവരാക്കിയ മാർത്തോമ്മായുടെ വലങ്കരം കൊടുങ്ങല്ലൂരിൽ സ്ഥിതിചെയ്യുന്നതു് കാണുവാനുള്ള ഭാഗ്യം സിദ്ധിച്ചിരിക്കുന്ന ഇന്നത്തെ കേരളീയക്രിസ്ത്യാനികൾ— പുനർജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ എടുത്തുപറയുകയും ചെയ്തുകൊണ്ടിരിക്കുന്നു. പൊതുജനാഭിപ്രായത്തെ ആദരിച്ചും മാർത്തോമ്മാ ഭക്തിയാൽ പ്രേരിതരായും അടുത്തുവരുന്ന നവംബർ 21-ാംതീയതി കൊടുങ്ങല്ലൂർ തീർത്ഥാടനകേന്ദ്രത്തിലെ ഒന്നാമത്തെ തിരുനാൾ കഴിയുന്നതും മോടിയായി നടത്തുന്നതിനും പൊതുജനങ്ങൾക്കു കഴിവുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ പിതാവിന്റെ ഈ പൊതുതിരുനാൾ നാം എങ്ങനെയാണു് മോടിപിടിപ്പിക്കേണ്ടതെന്നും, മാർത്തോമ്മാഭക്തിയെ ഉജ്ജീവിപ്പിക്കുവാൻ എന്തെല്ലാം കാര്യപരിപാടികളാണു് നാം സ്വീകരിക്കേണ്ടതെന്നും മററുമുള്ള കാര്യങ്ങൾ പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾക്കും പരിചിന്തനത്തിനുമായി സാദരം സമർപ്പിച്ചുകൊള്ളുന്നു.



—o—

### മരിയ വത്സരാഘോഷത്തിൽ എല്ലാമതക്കാരും പങ്കെടുക്കുന്നു

ലെബനോണിൽ ബെയ്‌റൂട്ട് എന്ന സ്ഥലത്തുവച്ചു് അവിടത്തെ ദേശീയ മരിയ വത്സരാഘോഷപരിപാടികൾ ഒക്ടോബർ അവസാനവാരത്തിൽ സമംഗളം പര്യവസാനിച്ചിരിക്കുന്നു. കഴിഞ്ഞ ജൂൺമാസം മുതൽ "കർത്താവിന്റെ ദാസി" എന്ന പേരിൽ അറിയപ്പെടുന്ന മാതൃസ്വരൂപം രാജ്യമാകെ പര്യടനം നടത്തുകയായിരുന്നു. ലെബനോണിലെ സിറിയൻ കത്തോലിക്ക് പാത്രിയാർക്കു് കർദ്ദിനാൾ ട്രപ്പൂണി തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചു, മരിയവത്സരം അക്രൈസ്തവരുടെ ഇടയിൽപ്പോലും ശക്തിമത്തായ ഒരു മതവിശ്വാസചൈതന്യം സംജാതമാക്കിയിട്ടുണ്ടെന്നാണു്. തിരുമേനി പറഞ്ഞു: "കത്തോലിക്കരെപ്പോലെ ഓർത്തഡോക്സ് സഭാവിഭാഗക്കാർ മാത്രമല്ല ദൈവജനനിയുടെ തിരുസ്വരൂപം അവരവരുടെ ഇടവകകളിലേക്കു കൊണ്ടുവരണമെന്നാവശ്യപ്പെട്ടതു്; മുസ്ലീമുകളും ഡ്രൂസ്ജാതിക്കാരും മാതൃസ്വരൂപം സ്വാഗതം ചെയ്യുകയും ഭക്തഗാനങ്ങൾ ആലപിക്കുകയും കർമ്മങ്ങളിൽ പങ്കെടുക്കുകയുംചെയ്തു." ലെബനോണിലും ഹൗരാനിലും മററും താമസിക്കുന്ന ഒരു പ്രത്യേകമതാവലംബികളായ മലവർഗ്ഗക്കാരാണു് ഡ്രൂസുകൾ എന്നറിയപ്പെടുന്നതു്. "മരിയനഗരം" എന്നു

ലീജിയൻ ഓഫ് മേരി

# "ചെന്നായ്ക്കളുടെ ഇടയിലെ കുഞ്ഞാട്"

## ചൈനയിലെ ഹൃദയസ്പർശകമായ സംഭവങ്ങൾ

### (ഫാദർ വർഗ്ഗീസ് പഴയമഠം)

(തുടർച്ച)

1950 ആരംഭത്തിൽ ഓരോ അംഗവും ഒരു നിശ്ചയമെടുത്തു: താൻ ഒരനാഗതനെയെങ്കിലും സത്യസഭയിലേക്ക് ആനയിച്ചുകൊള്ളാമെന്ന്. മൂന്നു മാസത്തിനുള്ളിൽ എൻ്റെ അധീനതയിൽ ഉണ്ടായിരുന്ന സൈനികർ 36 പേരെ മാനസാന്തരപ്പെടുത്തി. മററുസൈന്യശാഖകളും ഇതേതോതിൽ പ്രവർത്തിച്ചുപോന്നു. പെട്ടെന്നു പൊട്ടിപ്പുറപ്പെട്ട പീഡനങ്ങൾ പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ തീർച്ചയായും 1951-ൽ ഈ രൂപതയിൽ 3,000-ൽ പരം പേർ മാനസാന്തരത്തിനണയുമായിരുന്നു. പ്രതിമാസം 100 പേരെങ്കിലും സാധാരണയായി ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നു.

1951 മാർച്ച് മുതലാണ് മരിയസൈനികരുടെ നേരേ പരസ്യമായി പ്രതിരോധന ശരങ്ങൾ തൊടുത്തുവിടപ്പെട്ടതു്. ചെമ്പടയുടെ അധീനത്തിലുണ്ടായിരുന്ന പത്രങ്ങളും മാസികകളും മരിയസൈന്യത്തെ അധിക്ഷേപിച്ച് വാർത്തകൾ പ്രസിദ്ധപ്പെടുത്തി. സഖ്യത്തിനെതിരായി ലഘുലേഖകൾ വിതരണം ചെയ്യപ്പെട്ടു. അമേരിക്കരുടേയും ഐർലണ്ടുകാരുടേയും പിണിയാളുകളായി പ്രവർത്തനം നടത്തുന്ന വിപ്ലവപ്രസ്ഥാനമായി ലീജിയൻ മുദ്രയടിക്കപ്പെട്ടു. മതത്തിൻ്റെ മൂടുപടം ധരിച്ചുകൊണ്ട് രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ അസ്വാസ്ഥ്യങ്ങൾ ജനിപ്പിക്കുകയെന്നതായിരുന്നു മറെറാരാരോപണം. സൈനികർ വിതരണം ചെയ്തിരുന്ന പ്രാർത്ഥനപുസ്തകങ്ങൾ, മതഗ്രന്ഥങ്ങൾ മുതലായവ ഗവണ്മെൻറിനെതിരായുള്ള പ്രചരണങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. 1951 ആഗസ്റ്റ് മാസത്തിൽ മരിയസൈന്യത്തെ നിരോധിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവും പുറപ്പെടുവിച്ചു. അംഗങ്ങളെല്ലാം പോലീസിൽ ഹാജരായി താഴെ പറയുന്ന പ്രസ്താവനയിൽ ഒപ്പുവയ്ക്കണമെന്നും കല്പനയായി. "ഞാൻ (പേര്)....-ാംനു- ലീജിയൻ ഓഫ് മേരി എന്ന വിപ്ലവപ്രസ്ഥാനത്തിൽ സാമാജികനായി ചേർന്നു. ജനങ്ങൾക്കും രാഷ്ട്രത്തിനും എതിരായി രഹസ്യപ്രവർത്തനങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. ആകയാൽ ആ പ്രസ്ഥാനത്തെ ഞാൻ വെറുക്കുകയും, അതിനോടുള്ള സകല ബന്ധങ്ങളും ഉപേക്ഷിക്കുകയും, അതിൻ്റെ പ്രവർത്തനങ്ങളിൽ ഒരുനാളും ഞാൻ പങ്കെടുക്കുകയില്ലെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു."

ഇത്ര വാസ്തവവിരുദ്ധവും, ദുരുദ്ദേശപരവുമായ ഒരു പ്രസ്താവനയോട് അനുകൂലിക്കുവാൻ മാത്രം ഭീരുക്കളായിരുന്നില്ലാ മരിയസൈനികർ. അതിനാൽ അധികാരികൾ അവരെ ഭീഷണിപ്പെടുത്തിനോക്കി:- "ഞങ്ങൾക്കു ബോദ്ധ്യമുണ്ട് നിങ്ങളുടെ പ്രസ്ഥാനം വിപ്ലവാത്മകമാണെന്നു്. അതിനുള്ള തെളിവും ഞങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആ പ്രസ്ഥാനത്തോടുള്ള വേഴ്ച വിഛേദിച്ചാൽ നിങ്ങളെ വിട്ടയക്കാം." താദൃശമായ തന്ത്രങ്ങളും പരാജയമടഞ്ഞപ്പോൾ മറെറാരടവാണ് കമ്മ്യൂണിസ്റ്റ്കാർ ഉപയോഗിച്ചതു്. "നിങ്ങളുടെ മതാദർശങ്ങൾക്കു വിരുദ്ധമല്ല ഈ ഒപ്പുവയ്ക്കൽ. നിങ്ങളുടെ മെത്രാപ്പോലീത്താതന്നെ ഇതിൽ ഒപ്പിട്ടുകഴിഞ്ഞു. പിന്നെ എന്തിനു് ശങ്കിക്കുന്നു നിങ്ങൾ?" (ഈ അവസരത്തിൽ മെത്രാപ്പോലീത്താതിരുമേനി കാരാഗൃഹവാസമനുഭവിക്കയായിരുന്നു) ഇതിനു മറുപടിയായി ഒരു ലീജിയനംഗം പറഞ്ഞു:- "കൊള്ളാം, ഞങ്ങളുടെ പിതാവ് ഒപ്പുവച്ചെങ്കിൽ അദ്ദേഹത്തെ വിട്ടയക്കുക. അദ്ദേഹം ഞങ്ങളോടും കല്പിക്കട്ടെ, ഒപ്പിടുവാൻ." ഇപ്രകാരം കമ്മ്യൂണിസ്റ്റധികാരികൾ രണ്ടുമാസക്കാലം പരിശ്രമിച്ചു, സാമദാനഭേദദണ്ഡനോപാധികളാൽ ജനങ്ങളെ കമ്പളിപ്പിച്ച് ഒപ്പു ശേഖരിക്കുവാൻ. അതിനിടയ്ക്കു് 22 അകത്തോലിക്കരുൾപ്പെടെ 40 പേരുടെ ഒപ്പുകൾ അവർക്കു ലഭിച്ചു പക്ഷെ ഒരൊററ ലീജിയനംഗംപോലും അതിൽ ഒപ്പുവച്ചില്ല. അതിനാൽ അതിൻ്റെ പ്രത്യാഘാതങ്ങൾ തുടന്നു.

"ടായുവാൻ" രൂപതയിലെ ലീജിയൻ ക്യൂരിയാ പ്രസിഡൻറ് മി. ഫാൻ ലാൻ പെങ്ങ് (Mr. Fan-lan-peng) അറസ്റ്റു ചെയ്യപ്പെട്ടു. ഏതാനും ദിവസങ്ങൾക്കു ശേഷം കുറെ പോലീസധികാരികൾ, ചൈതന്യപൂർവ്വം ലീജിയൻ പ്രവർത്തനം നടത്തിയിരുന്ന അദ്ദേഹത്തിൻ്റെ ഭാര്യയെ സമീപിച്ച് ഒരു കള്ളവാർത്ത അറിയിച്ചു:- "നിങ്ങളുടെ ഭർത്താവ് ഒപ്പിട്ടു. നിങ്ങളും ഒപ്പിടുകയാണെങ്കിൽ അദ്ദേഹത്തെ ഉടനെ വിട്ടയക്കാം." ഒരു മരിയസൈനികയുടെ തീക്ഷ്ണമായ ചൈതന്യത്തോടുകൂടി ആ ധീരവനിത പറഞ്ഞ മറുപടി ഹൃദയാവർജ്ജകമായിരുന്നു:- "എൻ്റെ ഭർത്താവ് ഒപ്പുവച്ചെങ്കിൽ അദ്ദേഹത്തെ വിട്ടയക്കുക. അതിദാരുണമായ ആ പാതകത്തിനു പരിഹാരമായി കാരാഗൃഹത്തിൽ അദ്ദേഹത്തിൻ്റെ സ്ഥാനം ഞാൻ സ്വീകരിച്ചിരിക്കുന്നു."

ലീജിയൻ അംഗമായിരുന്ന ഒരു ഗവമ്മെൻറുദ്യോഗസ്ഥനെ ലീജിയൻ അംഗത്വം രാജിവയ്ക്കുവാൻ ഭീഷണിപ്പെടുത്തിയപ്പോൾ ലഭിച്ച മറുപടി ഏവരേയും വികാരതരളിതരാക്കുന്ന ഒന്നായിരുന്നു:- "ലീജിയനെ ഉപേക്ഷിക്കയോ? അതു സാദ്ധ്യമല്ല. രാഷ്ട്രീയമയേ ഒന്നല്ല, പ്രത്യുത മതപരമായ ഒരു സംഘടനയാണതു്. ഏതൽക്കാരണത്താൽ ഞാൻ ഉദ്യോഗത്തിൽനിന്നും ഒഴിയണമെങ്കിൽ അതിനു ഞാൻ സന്നദ്ധനാണ്. ആകാശത്തിലെ പറവകളേയും ജലത്തിലെ മത്സ്യങ്ങളേയും തീററിപ്പോററുന്ന ദൈവം എന്നെ കൈവെടിയുകയില്ല." അദ്ദേഹത്തിൻ്റെ ഉദ്യോഗം അധികം താമസിയാതെ നഷ്ടപ്പെട്ടു.

മിസ്സ് "ടു വെ ഷിങ്ങ്" (Tu-Wei-Shing) ബോർഡിംഗിൽ പഠിച്ചിരുന്ന ഒരു ലീജിയൻ അംഗമായിരുന്നു. കിടക്കുന്നതിനുമുമ്പായി മുടക്കംവരുത്താതെ അവൾ സൈനികജപശൃംഖല ചൊല്ലിപ്പോന്നു. സ്കൂൾ അധികൃതർ അവളെ അതിൽനിന്നും പിന്തിരിക്കാൻ കിണഞ്ഞുപരിശ്രമിച്ചു. അവൾ ദേഹദണ്ഡനത്തിനുപോലും പാത്രമായി. സ്വന്തം കൂട്ടുകാർ അവളെ ദയനീയമായി ഉപദ്രവിച്ചു. ശാരീരികപീഡനങ്ങളേററു രക്തം ഒഴുകിയ അവസരത്തിൽപോലും അവൾ പേത്തു ചൊല്ലിയ പ്രാർത്ഥന ഇതൊന്നായിരുന്നു:- "സ്വർഗ്ഗീയമാതാവേ! ഇതെല്ലാം അങ്ങേ സ്നേഹത്തെപ്രതിയും ലീജിയൻ പ്രചാരത്തിനായും ഞാൻ സഹിക്കുന്നു."

പീക്കിംഗ് സർവ്വകലാശാലയിലെ ബിരുദവും സമ്പാദിച്ചുവന്ന മിസ്സിസ്സ് മാ ഷൂ വിങ്ങ് (Mrs. Ma-Shu-Wing) ഒരു അദ്ധ്യാപികയായി ഇവിടെ ജോലിചെയ്തുപോന്നു. അവൾ ഒരു ലീജിയൻ പ്രവർത്തകയെന്ന കാരണത്താൽ 1951 സെപ്ററംബർ മാസത്തിൽ അറസ്റ്റു ചെയ്യപ്പെട്ടു. ചില തെററായ പ്രസ്താവനകൾക്ക് സാക്ഷിലഭിക്കുവാനായി അവളെ തുടർച്ചയായ വിസ്താരത്തിനു വിധേയയാക്കി. താൻ അസത്യം പറയാൻ തയ്യാറില്ലെന്നായിരുന്നു അവളുടെ ദൃഢമായ മറുപടി. വിധിയാളൻ്റെ കല്പനയനുസരിച്ച് 4 മാസത്തേക്കു അവളെ, കരങ്ങൾ പുറകോട്ടു ബന്ധിച്ച്, കാരാലയത്തിലടച്ചു. മറിയത്തോടുള്ള സ്നേഹത്തെപ്രതി ഇപ്രകാരം തനിക്കു സഹിക്കുവാൻ സാധിച്ചതിൽ കൃതജ്ഞതാഭരിതയായി ജീവിച്ചു അവൾ ഇക്കാലമത്രയും.

ക്യൂരിയാ പ്രസിഡൻറ് മി. ഫാൻ ലാൻ പെങ്ങിൻ്റെ അറസ്റ്റിനെപ്പററി പറഞ്ഞുവല്ലോ. അദ്ദേഹത്തിൻ്റെ അനന്തരചരിത്രം എന്തായിരുന്നു? വിധിയാളൻ അദ്ദേഹത്തോടു പറഞ്ഞു:- "മരിയസൈനികർ ചെയ്തിട്ടുള്ള കുററങ്ങൾ ഏററുപറയാത്തപക്ഷം നിങ്ങൾ വധശിക്ഷയ്ക്കു വിധേയനാകും."

മി. ഫാൻ ലാൻ പെങ്ങിൻ്റെ സുധീരമായ മറുപടി, ലീജിയൻ ചൈതന്യത്തിനനുയോജ്യമായിരുന്നു:- "ഞാൻ മരണത്തെ ഭയപ്പെടുന്നില്ല". അദ്ദേഹം പ്രസ്താവിച്ചു "മരണത്തെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. അതെന്നെ സ്വതന്ത്രനാക്കും. എൻ്റെ രക്ഷകനായ ദൈവത്തോടൈക്യപ്പെടുവാൻ അതെനിക്ക് സഹായകമാണ്."

1952 ഡിസമ്പർ 24. അന്നായിരുന്നു ലോകം സാക്ഷിനിന്നതു്, ആ ധീരനായ ക്യൂരിയാപ്രസിഡൻറിൻ്റെ ജീവാർപ്പണത്തിനു്. സഹപ്രവർത്തകനായ ക്യൂരിയാ സെക്രട്ടറിയോടുകൂടി അന്നേദിവസം അദ്ദേഹം വെടിവച്ചു വധിക്കപ്പെട്ടു.

"മരിയസൈന്യം നീണാൾ വാഴട്ടെ." ഇതായിരുന്നു അവരുടെ അന്തിമവചസ്സുകൾ.

---

പ്രതിമാസക്ലബ്ബുവക "സൗന്ദര്യപൂജ" എന്ന നോവൽ, മൈസൂർ യൂണിവേഴ്സിററി, ഇൻറർമീഡിയററ് പരീക്ഷയ്ക്കു പാഠപുസ്തകമായി അംഗീകരിച്ചിരിക്കുന്നു.

---

ആദ്ധ്യാത്മികവീഥി 36

# ദണ്ഡവിമോചനം

## പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

("എൻ്റെമിത്രം" തുടർച്ച)

ചോ: ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏവ?

ഉ: 1. ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള നിയോഗം ഉണ്ടായിരിക്കണം.

2. നിർദ്ദിഷ്ടകാര്യങ്ങൾ കൃത്യമായി അനുഷ്ഠിക്കണം.

3. അവരവർക്കുവേണ്ടി ദണ്ഡവിമോചനങ്ങൾ സമ്പാദിക്കുവാൻ നിശ്ചിതാനുഷ്ഠാനങ്ങളുടെ അവസാനത്തിലെങ്കിലും ദൈവവരപ്രസാദത്തിൽ വർത്തിക്കണം.

ചോ: പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള സാധാരണ നിബന്ധനകളേവ?

ഉ: 1. കുമ്പസാരം:- ഇതു് നിശ്ചിതദിവസത്തിനു് 8 ദിവസം മുമ്പുമുതൽ 8 ദിവസം പിമ്പുവരെ എന്നെങ്കിലും ഒരിക്കൽ കഴിച്ചാൽ മതി.

2. വി. കുർബാനയുടെ സ്വീകരണം തലേനാൾതൊട്ട് പിമ്പുള്ള 8 ദിവസത്തിനിടയ്ക്ക് ഏതെങ്കിലും ഒരു ദിവസം നടത്താവുന്നതാണ്.

മാസത്തിൽ രണ്ടുപ്രാവശ്യമെങ്കിലും കുമ്പസാരിക്കുന്നവർ, അല്ലെങ്കിൽ ആഴ്ചതോറും 5 തവണയെങ്കിലും വി. കുർബാന കൈക്കൊള്ളുന്നവർ പ്രത്യേകം കുമ്പസാരിക്കണമെന്നില്ല. എന്നാൽ ചില ജൂബിലിയവസരങ്ങളിൽ നൽകാറുള്ള ദണ്ഡവിമോചനങ്ങൾക്ക് ഇതു മതിയാകുന്നില്ല.

3. "പ. പിതാവിനു വേണ്ടിയുള്ള പ്രാർത്ഥന." ഇതിനു പ്രത്യേകം പ്രാർത്ഥന നിശ്ചയിച്ചിട്ടില്ലെങ്കിൽ 1ആ. 1ന. 1ത്രി. അഥവാ ഭക്തിപൂർവ്വം മറേറതെങ്കിലും ജപം ചൊല്ലിയാൽ മതി.

4. ദൈവാലയ സന്ദർശനം:- ആവശ്യപ്പെടുമ്പോൾ അതു നിർവ്വഹിക്കുന്നതിനു് അതോടുകൂടി പ്രത്യേകജപം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, ആ ജപം; അല്ലെങ്കിൽ ഏതെങ്കിലും ജപം ചൊല്ലണമെന്നുദ്ദേശിച്ചു ദൈവാലയത്തിൽ പ്രവേശിച്ചാൽ മതി. തലേനാൾ ഉച്ചമുതൽ ദണ്ഡവിമോചനദിവസം പാതിരാവരെ എപ്പോഴെങ്കിലും ഈ സന്ദർശനം നടത്താം.

ഈ നാലുവ്യവസ്ഥകളും എല്ലാ പൂർണ്ണ ദണ്ഡവിമോചനങ്ങൾക്കും നിർബന്ധമില്ല. മിക്കതിനും ഇവയിൽ ആദ്യത്തെ മൂന്നെണ്ണം വേണ്ടിവരും. എന്നാൽ സാധാരണ വ്യവസ്ഥകളെന്നു പറഞ്ഞാൽ ഇവിടെ വിവരിച്ചിരിക്കുന്ന നാലും ഉൾപ്പെടും. കുരിശിൻ്റെ വഴിക്കുള്ള ദണ്ഡവിമോചനം പ്രാപിക്കുവാൻ ഈ സാധാരണ വ്യവസ്ഥകളൊന്നും വേണ്ടതില്ല. അന്നുതന്നെ വി. കുർബാന കൈക്കൊണ്ടാൽ വേറൊരു പൂർണ്ണദണ്ഡവിമോചനംകൂടെ ലഭിക്കും.

കുരിശിൻ്റെ വഴി നിയമാനുസരണം സ്ഥാപിച്ചിട്ടുള്ള ദൈവാലയത്തിൽ കുറഞ്ഞപക്ഷം അനുതാപമുള്ള ഹൃദയത്തോടെ, തനിച്ചോ, കൂട്ടമായോ, കുരിശിൻ്റെ വഴി നടത്തുന്ന ഓരോ പ്രാവശ്യവും പൂ. ദ. വി. Rac. 164: വിശുദ്ധകുർബാനയുടെ മുമ്പിൽ കൊന്ത ചൊല്ലുന്നവർക്ക് കുമ്പസാരിക്കുകയും, കുർബാന കൈക്കൊള്ളുകയും ചെയ്താൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാം.

പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. എ. സേവ്യർ
ഓച്ചന്തുരുത്ത്.

---

## അവസാന മിഷനറിമാരും

# ചൈനാ വിടുന്നു

ചൈനായിൽ പീക്കിംഗിൽ ഏറക്കുറെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു് അനുവദിക്കപ്പെട്ടിരുന്ന രണ്ടു സ്വിസ്സ് മിഷനറിമാരും ഇപ്പോൾ ചൈന വിടുന്നതിനു് ഉത്തരവായിരിക്കുന്നു. ഇതോടെ ചൈനയിലെ വിദേശമിഷനറിമാരെല്ലാം പുറന്തള്ളപ്പെട്ടു എന്നാണു കരുതപ്പെടുന്നതു്. ബെത്ലേഹം മിഷനറിസംഘത്തിൽപ്പെട്ടവരാണ് ഇവർ രണ്ടു പേരും.

---

നാമകരണം ചെയ്യപ്പെട്ട ബെയ്റൂട്ടിലെ "പാർക്ക് ദെ ഗാളി"ൽ വച്ചായിരുന്നു സമാപനച്ചടങ്ങുകൾ. വെനീസിലെ പാത്രിയാർക്കായ കർദ്ദിനാൾ റൊങ്കാലിയായിരുന്നു പേപ്പൽ പ്രതിനിധി. പേപ്പൽ പ്രതിനിധിയേയും മാറോനീത്താക്കാരനായ ലബനോണിലെ പ്രസിഡൻറിനേയും സ്വീകരിക്കലായിരുന്നു ആദ്യപരിപാടി. 20-ാം തീയതി പാതിരാത്രിമുതൽ 22-ാം തീയതി രാവിലെവരെ തിരുസ്വരൂപത്തിൻ്റെ മുമ്പിലുള്ള അൾത്താരയിൽ തുടർച്ചയായി ദിവ്യബലി അർപ്പിക്കപ്പെട്ടു. 21-ാം തീയതി സമ്മേളനപ്പന്തലിൽ സജ്ജീകരിച്ചിരുന്ന ആറ് അൾത്താരകളിൽ ഒരേസമയത്തു ആറു റീത്തുകളിൽ കുർബാനചൊല്ലി. മാറോനീത്താ, മെൽക്കീത്താ, കൽദായ, അർമേനിയൻ, സുറിയാനി, ലത്തീൻ എന്നീ റീത്തുകളിലായിരുന്നു കുർബാനകൾ. മരിയവത്സരത്തിൻ്റെ അവസാനത്തിൽ പ്രഖ്യാതമായ ആ തിരുസ്വരൂപം ഹരിസ്സാ എന്ന സ്ഥലത്തുള്ള കപ്പേളയിൽപ്രതിഷ്ഠിക്കുന്നതാണ്.



# കൊലപാതകി പുണ്യവാനായി

(റവ. ഫാദർ തോമ്മസ് മണക്കാട്ടു്)

അന്നു്—നാലാം നൂററാണ്ടിന്റെ അന്തിമഘട്ടത്തിൽ അലക്സാണ്ഡ്റിയായ്ക്കു സമീപം കുസ്തീകളുടക്കയായിരുന്ന ഒരു അടിമ ജീവിച്ചിരുന്നു. മൂശേ എന്നായിരുന്നു അയാളുടെ പേർ. അക്കാലത്തു് അടിമകളുടെ സ്ഥിതി ഏററവും ദുർഗ്ഗമായിരുന്നു. അടിമകളും വളത്തുമൃഗങ്ങളും തമ്മിൽ വലിയ തരഭേദം കല്പിച്ചിരുന്നില്ല അന്നു്. സാധാരണ പറഞ്ഞാൽ അടിമകളിൽ ഭൂരിഭാഗവും വിദ്യാവിഹീനരും ദുർഗ്ഗുണങ്ങളുടെ കൂമ്പാരവുമായിരുന്നു. നമ്മുടെ കഥാപുരുഷൻ അവരിൽ പ്രധാനിയായി പേരുനേടി. സ്വന്തയജമാനന്റെ മർദ്ദനങ്ങളും കഠിനശിക്ഷകളുമേററു് നന്നാകുന്നതിനുപകരം അയാൾ ഉപരിയുപരി വഷളായിത്തീരുകയാണു് ചെയ്തതു്. ഒടുവിൽ ഒരു കൂട്ടുകാരനെ കൊലപ്പെടുത്തിയശേഷം മൂശേ നാടുവിട്ടോടി. അനന്തരം ഒരു വലിയ ഗണം കൊള്ളക്കാരുടെയും കള്ളന്മാരുടെയും നേതാവായിത്തീന്നു. അന്നുമുതൽ അയാൾ ചെയ്ത ഭീകരകൃത്യങ്ങൾക്കു് കൈയും കണക്കുമില്ലായിരുന്നു. നീണ്ട ഇരുപത്തഞ്ചു കൊല്ലത്തോളം ഈദൃശമായ മൃഗീയജീവിതം കഴിച്ചശേഷം നാൽപ്പതാമത്തെ വയസ്സിൽ പെട്ടെന്നു് അയാളിൽ ഒരു മാനസാന്തരം സംഭവിച്ചു. ലോകജീവിതത്തിന്റെ ക്ഷണികതയും സുഖഭോഗങ്ങളുടെ കഴമ്പില്ലായ്മയും ചെയ്തിട്ടുള്ള മഹാപാപങ്ങളുടെ എണ്ണവും അയാളെ കണക്കില്ലാതെ ശല്യപ്പെടുത്തി. തന്മൂലം അടുത്തുണ്ടായിരുന്ന ഒരാശ്രമത്തെ അഭയം പ്രാപിച്ച് ആശ്രമശ്രേഷ്ഠനോടു തന്റെ നിന്ദ്യവും ഭീകരവും ലജ്ജാവഹവുമായ ജീവചരിത്രത്തെ വെളിപ്പെടുത്തി. അനന്തരം അനുതാപപൂർണ്ണമായ ഹൃദയത്തോടുകൂടി പാപസങ്കീർത്തനവും ചെയ്തു.

മാത്രമല്ല, തന്റെ ശിഷ്ടജീവിതം ഒരാശ്രമാംഗമായി കഴിച്ചുകൂട്ടുവാൻ കണ്ണീരോടുകൂടി അനുവാദവും അഭ്യർത്ഥിച്ചു. ഒന്നാംതരം ദുർവൃത്തനും തസ്കരപ്രമാണിയുമായി പേരെടുത്ത ആ ഭയങ്കരപുരുഷനെ, മൂശയെ, ആശ്രമത്തിൽ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ ശ്രേഷ്ഠൻ ആദ്യം വിസമ്മതിക്കയാണുണ്ടായതു്. എങ്കിലും ഇടതടവില്ലാത്ത അഭ്യർത്ഥനകളും അനുതാപാശ്രുപ്രവാഹവും കണ്ടു് ഹൃദയമലിഞ്ഞ ആശ്രമശ്രേഷ്ഠൻ പരീക്ഷണാർത്ഥം ഒരു നിശ്ചിതകാലഘട്ടംവരെ ആശ്രമത്തിൽ ജീവിച്ചുകൊള്ളുവാൻ അനുവാദം നൽകി. അതുമുതൽ അയാളുടെ ജീവിതത്തിൽ ഒരു വലിയ വ്യതിയാനം ദൃശ്യമായി. ഭൂതകാലജീവിതത്തിലെ നികൃഷ്ടപാപങ്ങൾക്കെല്ലാം ഒരു പരിഹാരമായി ശിഷ്ടജീവിതം കഴിക്കുവാൻ കഥാപുരുഷൻ തീച്ചയാക്കി. അതികഠിനമായ തപസ്സിലും അനുതാപസങ്കുലമായ പ്രാർത്ഥനയിലും അയാൾ ദിവസങ്ങൾ പോക്കി. സകല ദുർഗ്ഗുണങ്ങളോടും വിശിഷ്യാ ജഡികാഭിലാഷങ്ങളോടും മൂശെ വീരസമരം നടത്തി ആത്മനിയന്ത്രണം കൈവരിച്ചു. നിശാവേളകളിൽ പൈശാചികപരീക്ഷണങ്ങൾ ശക്തിപ്പെട്ടിരുന്നതു നിമിത്തം അദ്ദേഹം ആശ്രമത്തിൽനിന്നും അകലെ സ്ഥിതിചെയ്തിരുന്ന ഒരു മുറിയിൽ പ്രവേശിച്ച് രാത്രികാലം മുഴുവനും ഏകാകിയായി, നിദ്രാരഹിതനായി, പ്രാർത്ഥനാനിരതനായി കഴിച്ചുകൂട്ടി. ആ സമയമെല്ലാം അദ്ദേഹം കിടക്കയിൽ നിന്നും എഴുന്നേററുനിന്നുകൊണ്ടാണു് പ്രാർത്ഥന നടത്തിയിരുന്നതു്. ആറുകൊല്ലത്തോളം ഈ പ്രായശ്ചിത്തകൃത്യം അദ്ദേഹം നിർവ്വഹിച്ചു. നവയൗവനത്തിൽ അനുഭവിച്ച അമിതസുഖഭോഗങ്ങൾക്കു് സ്വശരീരത്തിനു് അദ്ദേഹം നൽകിയ ഒരു ശിക്ഷയായിരുന്നു അതു്. ആശ്രമാർത്ഥിയുടെ ഈദൃശ തപഃകൃത്യങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും കണ്ടു സന്തുഷ്ടനായ ശ്രേഷ്ഠൻ നിശ്ചിതകാലഘട്ടത്തിനുശേഷം മൂശേയെ ഒരു ആശ്രമാംഗമായി സ്വീകരിച്ചെന്നു മാത്രമല്ല, വേദശാസ്ത്രസംബന്ധമായ വിദ്യാഭ്യാസവും നൽകി.

അങ്ങിനെ, വിജ്ഞാനത്തിലും വിശുദ്ധിയിലും ഉദിതമാനസനായിത്തീന്ന കഥാപുരുഷനിൽ അതീവസംതൃപ്തനായിത്തീന്ന അലക്സാണ്ഡ്റിയായിലെ അന്നത്തെ പാത്രിയക്കീസ് അദ്ദേഹത്തെ പുരോഹിതപദത്തിലേക്കുയത്തുകയുംചെയ്തു. കരുണാനിധിയായ ദൈവമാകട്ടെ തന്റെ ധൂത്തപുത്രനിൽ ഉപരി പ്രസാദിതനായി അനേകം സ്വർഗ്ഗീയ ദർശനങ്ങളും ദീർഘദർശനവരവും നൽകി അനേകധാ അനുഗ്രഹിക്കയും ചെയ്തതായി പ്രസ്താവിക്കപ്പെടുന്നു. ഒടുവിൽ, തന്റെ എഴുപത്തഞ്ചാമത്തെ വയസ്സിൽ കിരാതജാതിക്കാരുടെ ഇടയിൽ സുവിശേഷവേല നിർവ്വഹിച്ചുകൊണ്ടിരിക്കവേ, ശത്രുക്കളാൽ വധിക്കപ്പെട്ടു. അങ്ങിനെ, പെരുംകള്ളനും കൊടിയ കൊലപാതകിയും തസ്കരപ്രമാണിയുമായിരുന്ന മൂശേ, അവസാനം ഒന്നാംതരം ദൈവഭക്തനും പുണ്യപുരുഷനുമായി ജീവിച്ച് വേദസാക്ഷിമുടി സ്വീകരിച്ച് സ്വർഗ്ഗപ്രാപ്തനായിത്തീന്നു. കാലവിളംബം കൂടാതെ സഭ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കയും ചെയ്തു. ഹാ, ദൈവത്തിന്റെ കാരുണ്യം എത്ര വലുതു്! അവിടുത്തെ മാർഗ്ഗങ്ങൾ എത്ര നിഗൂഢങ്ങൾ! എത്ര മഹാപാപിയായിരുന്നാലും സ്വയം അനുതപിച്ചു തിരിച്ചുവരുന്നെങ്കിൽ അവിടുന്നു എങ്ങിനെ സ്വീകരിക്കും, എങ്ങിനെ അനുഗ്രഹിക്കും എന്നുള്ളതിനു് ഒരുത്തമദൃഷ്ടാന്തമല്ലയോ ഈ ചരിത്രസംഭവം!

—o—


പ്രഥമ ചരമവാർഷികം



കൊട്ടവേലിപറമ്പിൽ
ജോസഫ് പത്രസ്സിൻ
പെരുമാനൂർ.
1954 നവംബർ 12

"ദയാപരനായ ഈശോ, ഇയാളുടെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളണമെ".

R. I. P.



ബ: അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് ഭേദമായതിനു് കൃതജ്ഞത.

കെ. വി. അന്നമ്മ
കാക്കനാട്ടു്, തിടനാട്ടു്



എനിക്കു നഷ്ടപ്പെട്ട സാധനം ബഹു: അൽഫോൻസാമ്മയുടെ സഹായത്താൽ തിരിച്ചു കിട്ടിയതിനു് ഉപകാരസ്മരണ.

കെ. മേരിക്കുട്ടി
കാഞ്ഞിരത്തുംമൂട്ടിൽ, പെരുന്ന,
ചങ്ങനാശേരി


തിരുസഭാചരിത്രം 51

# കത്തോലിക്കാപക്ഷത്തിന്റെ മുന്നേററം

## കപ്പഡോച്യക്കാരായ 3 പിതാക്കന്മാർ

(പ്രഫസർ പി. ററി. തോമസ് എം. എ.)

വാലൻസ് ചക്രവത്തിയുടെ സുശക്തമായ എതിർപ്പിനെയോ പീഡനത്തെയോ വകവയ്ക്കാതെ കത്തോലിക്കാപക്ഷം മുന്നേറിക്കൊണ്ടിരുന്നു. നിക്യാവിശ്വാസത്തിന്റെ സംരക്ഷകന്മാരായി എല്ലാ ദിക്കിലും തീക്ഷ്ണമതികളായ പണ്ഡിതന്മാർ പ്രത്യക്ഷപ്പെട്ടു. ഇക്കൂട്ടത്തിൽ പൗരസ്ത്യരായ മൂന്നു പ്രമുഖപിതാക്കന്മാർ ഉൾപ്പെടുന്നു. അവർ വി. ബെയ്സിൽ, (St. Basil) അദ്ദേഹത്തിന്റെ ഉററമിത്രമായ നസിയാൻസസിലെ വി. ഗ്രിഗരി (St. Gregory of Nazianzus) ബെയ്സിലിന്റെ സഹോദരനായ നിസ്സായിലെ വി. ഗ്രിഗരി (St. Gregory of Nyssa) എന്നിവരാണു്. മൂന്നുപേരും കപ്പഡോച്യാദേശക്കാരായിരുന്നതുകൊണ്ടും ആരിയൻ പാഷണ്ഡതയെ പര്യവസാനിപ്പിക്കുന്നതിൽ ഒത്തൊരുമിച്ചു പ്രവത്തിച്ചിരുന്നതുകൊണ്ടും ചരിത്രകാരന്മാർ അവരെ "കപ്പഡോച്യക്കാരായ മൂവർ" (The three Cappadocians) എന്നു് വിളിച്ചുപോരുന്നു.

വി. ബെയ്സിൽ എ. ഡി. 329-ൽ കപ്പഡോച്യയിലെ സിസ്സേറിയാ എന്ന നഗരത്തിൽ ജനിച്ചു. ചെറുപ്പകാലത്തു് സിസ്സേറിയായിലെ വിദ്യാലയങ്ങളിൽ പഠിച്ചശേഷം അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ എത്തി ലിബാനിയൂസ് എന്നുപേരായ പ്രസിദ്ധ പ്രഭാഷകന്റെ കീഴിൽ അദ്ധ്യയനം നടത്തി. അതിനുശേഷം എ. ഡി. 350-ൽ ആതൻസിലെ സവ്വകലാശാലയിൽ ചേന്നു. അവിടെവച്ച് വിശ്വാസത്യാഗിയായ ജൂലിയൻ അദ്ദേഹത്തിന്റെ സതീർത്ഥ്യനായിരുന്നു. നസിയാൻസസിലെ ഗ്രിഗരി അദ്ദേഹത്തിന്റെ നിത്യസഹചാരിയുമായിരുന്നു. എ. ഡി. 357-ൽ ബെയ്സിൽ സിസ്സേറിയായിൽ മടങ്ങി എത്തി അവിടെ ഒരു വിദ്യാലയം സ്ഥാപിച്ചു. ഏഷ്യാമൈനറിൽപെട്ട എല്ലാ പ്രദേശങ്ങളിൽനിന്നും വിദ്യാർത്ഥികൾ അവിടെ വന്നുചേർന്നുകൊണ്ടിരുന്നു.

അക്കാലംവരെയും ബെയ്സിൽ ലൗകികകാര്യങ്ങളിൽ മാത്രമാണു് ശ്രദ്ധപതിച്ചിരുന്നതു്. സ്വസഹോദരിയായ വി. മാക്രീനാ (St. Macrina) സുവിശേഷങ്ങൾ പഠിക്കുന്നതിനു് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. തൽഫലമായി അദ്ദേഹത്തിന്റെ മനസ്സ് ഉൽകൃഷ്ടമായ ചിന്തകളിലേക്കു തിരിഞ്ഞു. "ഒരു ദീർഘനിദ്രയിൽനിന്നു് ഉണന്നു് എന്റെ നയനങ്ങളെ ഞാൻ സുവിശേഷമാകുന്ന സത്യത്തിന്റെ പ്രകാശത്തിലേക്കു തിരിച്ചു" എന്നു് അദ്ദേഹംതന്നെ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. സിറിയാ, പലസ്തീനാ, ഈജിപ്തു് എന്നീ ദേശങ്ങളിലെ താപസന്മാരെയും സന്യാസിമാരെയും അദ്ദേഹം സന്ദശിച്ചു. അതിനുശേഷം പോൺടസ് (Pontus) ദേശത്തുള്ള ആർനേസി (Arnesi) എന്ന ഗ്രാമത്തിൽ സ്വകുടുംബംവകയായുണ്ടായിരുന്ന ഒരു സ്ഥലത്തു് അദ്ദേഹം താമസമാക്കി. കുറേക്കഴിഞ്ഞു് തന്റെ ഉററമിത്രമായ ഗ്രിഗരിയും അവിടെ വന്നുചേന്നു. പ്രാർത്ഥനയിലും, സുവിശേഷപഠനത്തിലും, കായികാദ്ധ്വാനത്തിലുമായി തന്റെ മുഴുവൻ സമയവും ബെയ്സിൽ വിനിയോഗിച്ചു. സമീപത്തുകൂടി ഒഴുകിയിരുന്ന ഐറിസ് (Iris) എന്ന ചെറുനദിയുടെ മറുകരയിൽ അദ്ദേഹത്തിന്റെ മാതാവായ വി എമിലിയായും (St. Emmelia) സഹോദരിയായ വി. മക്രീനായും താമസമുറപ്പിച്ചു ബെയ്സിലിന്റെ കീഴിൽ അഭ്യസനം നടത്തുന്നതിനുവേണ്ടി നാനാദിക്കുകളിൽനിന്നും ശിഷ്യന്മാർ ആർനേസിയിൽ വന്നുകൊണ്ടിരുന്നു. അവരെ ഒരു സന്യാസസമൂഹമായി അദ്ദേഹം സംഘടിപ്പിക്കുകയും അവരുടെ ശിക്ഷണത്തിനായി 313 വകുപ്പുകൾ അടങ്ങിയ ഒരു നിയമാവലി എഴുതിയുണ്ടാക്കുകയും ചെയ്തു. അചിരേണ ഈ നിയമാവലി പൗരസ്ത്യദിക്കിൽ പ്രമുഖപ്രചാരത്തിലെത്തുകയും എല്ലാ സന്യാസസമൂഹങ്ങളും അതു് സ്വീകരിക്കുകയും ചെയ്തു.

എ. ഡി. 364-ൽ സിസ്സേറിയായിലെ മെത്രാനായിരുന്ന യൂസേബിയൂസിന്റെ അഭ്യർത്ഥനയനുസരിച്ച് അദ്ദേഹത്തെ രൂപതാഭരണത്തിൽ സഹായിക്കുവാനായി ബെയ്സിൽ അങ്ങോട്ടുപോയി. താമസംവിനാ അദ്ദേഹം ആ നഗരത്തിലെ ഏററം പ്രമുഖനായ ഒരു വ്യക്തിയായി


Thanksgiving
to
Sr. ALPHONSA
For Favours Received
P. K. Ittoop, Ernakulam



# എന്റെ വിലാസത്തിൽ

'പാവുണ്ണി' എന്നു എഴുതുന്നതിനു പകരം മേലാൽ "പി" എന്നുമാത്രം ചേർത്തു് താഴെ കാണുംപ്രകാരം എഴുതിയാൽ മതിയെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്നു്,

## കെ. പി. ഔസേപ്പ് വൈദ്യൻ, നെല്ലായി.

വഞ്ചിതരാകാതിരിപ്പാൻ
താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

'കാളൻ' സ്ഥാപനത്തിന്റെ ഉടമസ്ഥനും,
'കാളൻ'സ് ബുള്ളററി'ന്റെ എഡിററരും,
'അറിയേണ്ടും കാര്യങ്ങൾ' എന്ന വൈദ്യപുസ്തകത്തിന്റെ ഗ്രന്ഥകർത്താവും,
നിംബാസവം, ദ്രാക്ഷാരിഷ്ടം, ശാരിബാതൈലം എന്നീ ഔഷധങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ഒരു വ്യക്തിയുമായ
സുപ്രസിദ്ധങ്ങളായ

## കെ. പി. ഔസേപ്പ് വൈദ്യൻ

ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ യാതൊരു സ്ഥലത്തും രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി ഇപ്പോൾ ക്യാമ്പുചെയ്തുവരുന്നില്ലെന്നും, അനുകരണങ്ങളാൽ വഞ്ചിതരാകാതിരിക്കുന്നതിനുവേണ്ടി രോഗവിവരക്കത്തുകൾ, മണിയോർഡറുകൾ മുതലായവകൾക്കെല്ലാം താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ വിലാസം എഴുതാവൂ എന്നും, താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നവക്കു വിശദവിവരങ്ങളടങ്ങിയ പുസ്തകം സൗജന്യമായി അയച്ചുകൊടുക്കുന്നതാണെന്നും ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

# കാളൻ, നെല്ലായി.

ഉയരുകയും ജാതിമതഭേദമെന്യേ എല്ലാവരുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായിത്തീരുകയും ചെയ്തു. പൗരാവലിയെ നന്മയിൽ ആകൃഷ്ടരാക്കുന്നതിനുവേണ്ടി അദ്ദേഹം ചെലുത്തിയ സ്വാധീനം ഒട്ടും നിസ്സാരമായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നതിനായി തൊഴിലാളികൾ എന്നും രാവിലെ ഭദ്രാസനദേവാലയത്തിൽ തിങ്ങിക്കൂടുക പതിവായിരുന്നു. യൂസേബിയൂസിന്റെ കാലശേഷം (എ. ഡി. 370) ബെയ്സിൽ സിസ്സേറിയായിലെ മെത്രാനായിത്തീർന്നു. തുടർച്ചയായ അനാരോഗ്യത്തേയും ആരിയൻ പാഷണ്ഡികളുടെ ശക്തിയായ എതിർപ്പിനേയും ഗണ്യമാക്കാതെ അദ്ദേഹം സാധിച്ച കാര്യങ്ങൾ ഏററം പ്രശംസനീയമാണ്. വൈദികരുടെ ജീവിതനവീകരണത്തിൽ അദ്ദേഹം കൈവരിച്ച വിജയം കാരണത്താൽ പല മെത്രാന്മാരും അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുകയുണ്ടായി.

അശരണരുടെ ജീവിതക്ലേശം ലഘൂകരിക്കുന്നതിനുവേണ്ടി അദ്ദേഹം ആസ്പത്രികളും സാധുമന്ദിരങ്ങളും സ്ഥാപിച്ചു. രോഗികളിൽ അദ്ദേഹം ക്രിസ്തുവിനെ ദർശിക്കയും അവരുടെ മുറിവുകളെയും വ്രണങ്ങളെയും വിനയപുരസ്സരം ചുംബിക്കയും ചെയ്തിരുന്നു. നഗരത്തിനു വെളിയിൽ സ്ഥാപിതമായ വിശാലമായ ആസ്പത്രിയും തൊഴിൽശാലയും ആയിരുന്നു അദ്ദേഹത്തിന്റെ ഏററം വലിയ നേട്ടങ്ങൾ. "പുതിയ നഗരം" എന്നാണു ജനങ്ങൾ അതിനെ വിളിച്ചിരുന്നതു്. ഭവനരഹിതരായ സാധുക്കൾക്കു ഭക്ഷണവും താമസസൗകര്യങ്ങളും, എല്ലാത്തരം രോഗങ്ങൾക്കു ചികിത്സയും തൊഴിലില്ലാത്തവർക്കു തൊഴിലും അവിടെ നൽകപ്പെട്ടിരുന്നു.

വിശ്രമരഹിതമായ ആ കാലത്തും ദൈവശാസ്ത്രസംബന്ധമായ അനവധി വിശിഷ്ടഗ്രന്ഥങ്ങൾ രചിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. സൃഷ്ടിയുടെ ആറുദിവസങ്ങളുടെ വിവരണം (Hexahemeron), പരിശുദ്ധാത്മാവിനെപ്പററി (On the Holy Ghost), ആരിയൻ പാഷണ്ഡിയായ യൂനോമിയൂസിന്റെ വാദങ്ങളുടെ ഖണ്ഡനം (Against Eunomius the Arian) പ്രഭാഷണങ്ങൾ (Discourses) തുടങ്ങിയ പ്രശസ്യങ്ങളായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികാസന്താനങ്ങളാണ്.

ബെയ്സിൽ മെത്രാൻസ്ഥാനത്തു് ഉപവിഷ്ടനായി അധികം കഴിയുന്നതിനുമുൻപു് ആരിയൻ ചക്രവർത്തിയായ വാലൻസു (Valens) മായി പരസ്യമായ സംഘട്ടനത്തിലേർപ്പെടേണ്ടിവന്നു. ആരിയൻപാഷണ്ഡികൾക്കു വിശുദ്ധ കുർബാന നൽകുവാൻ ബെയ്സിലിനെക്കൊണ്ടു സമ്മതിപ്പിക്കണമെന്നായിരുന്നു വാലൻസിന്റെ ഉദ്ദേശം. മെത്രാന്റെമേൽ പലതരുപായങ്ങളും പ്രയോഗിച്ചു് കാര്യം നേടുവാൻവേണ്ടി ചക്രവർത്തി മോഡെസ്റ്റസ് (Modestus) എന്നു പേരായ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ പക്കലേക്കയച്ചു. കല്പനപ്രകാരം ബെയ്സിൽ മോഡെസ്റ്റസിന്റെ കോടതിയിൽ ഹാജരായി. കോഴകൊടുത്തു മെത്രാനെ വശംവദനാക്കാനുള്ള ശ്രമത്തിൽ പരാജിതനായിത്തീർന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെനേരെ വസ്തുവകകണ്ടുകെട്ടൽ, ദേഹദണ്ഡനം, കൊല തുടങ്ങിയ ഭീഷണികൾ പ്രയോഗിച്ചുനോക്കി. ധീരനും ദൃഢചിത്തനുമായ ബെയ്സിൽ ഭയലേശം കൂടാതെ ഇപ്രകാരം പ്രതിവചിച്ചു: "കണ്ടുകെട്ടപ്പെടാവുന്നതായി എനിക്കുള്ള സ്വത്തു് ഒരു കുപ്പായവും കുറെ പുസ്തകങ്ങളും മാത്രമാണ്. എന്നെ പീഡിപ്പിക്കുമെന്നും എന്റെ കരൾ പറിച്ചുചീന്തിക്കളയുമെന്നും നിങ്ങൾ പറയുന്നു. അങ്ങനെ ചെയ്താൽ വലിയ ഉപകാരമായി. കാരണം, ഇത്രയധികം എന്നെ ക്ലേശിപ്പിക്കുന്ന ഒരവയവം വേറെ ഇല്ല. പിന്നെ ശേഷിക്കുന്നതു കൊലയാണ്. അതിനെ ഞാൻ സഹർഷം സ്വാഗതംചെയ്യുന്നു." ഇത്ര ധിക്കാരപരമായി തന്നോടാരും സംസാരിക്കാറില്ലെന്നു മോഡസ്റ്റസ് പറഞ്ഞപ്പോൾ ബെയ്സിൽ ഇപ്രകാരം മറുപടിനൽകി: "ഒരുപക്ഷേ ഒരു യഥാർത്ഥമെത്രാനെ ഇതിനുമുൻപു് നിങ്ങൾക്കു നേരിടേണ്ടിവന്നിട്ടില്ലായിരിക്കും." ഈ മെത്രാൻ തന്നെ പരാജിതനാക്കിയിരിക്കുന്നുവെന്നും അദ്ദേഹം ഭീഷണികൾക്കു് അതീതനും, വാദപ്രതിവാദത്തിൽ അജയ്യനും, പ്രേരണകൾക്കു് വശപ്പെടാത്തവനും ആണെന്നുമായിരുന്നു മോഡെസ്റ്റസ് ചക്രവർത്തിക്കയച്ച റിപ്പോർട്ട്. ഏതായാലും ഈ സംഭവത്തിനുശേഷം മോഡസ്റ്റസ് ബെയ്സിലിന്റെ ഒരു ഉററമിത്രമായിത്തീരുകയാണുണ്ടായതു്.

എ. ഡി. 379 ജനുവരി 1-ാം തീയതി അൻപതാമത്തെ വയസ്സിൽ വി. ബെയ്സിൽ നിര്യാതനായി. മരണശേഷം മാത്രമാണ് അദ്ദേഹത്തിന്റെ യഥാർത്ഥമഹത്വത്തെപ്പററി ലോകം അറിയുവാൻ ഇടയായതു്. "മഹാനായ ബെയ്സിൽ" എന്നു ചരിത്രകാരന്മാർ അദ്ദേഹത്തെ വിളിക്കുന്നു. "ലോകത്തിന്റെ വെളിച്ചമെന്നു" ഒരു പൂർവ്വപിതാവും "സഭാപിതാക്കന്മാരിൽ ഏററം മഹാൻ" എന്നു് കൽക്കദോനിയാ സൂനഹദോസും അദ്ദേഹത്തെ പ്രകീർത്തിക്കുന്നു.

(തുടരും)

# മരിയവത്സരമഞ്ജരി

## സൂമം 46

"മാനവവംശത്തിന്റെ രക്ഷകനായ ക്രിസ്തുവിന്റെ യോഗ്യതകളെ ആധാരമാക്കി, സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേകതരമായ അനുഗ്രഹവും വിശേഷാധികാരവും വഴിയായി പരിശുദ്ധ കന്യകമറിയം ജന്മപാപസ്ഥിതിയിൽനിന്നു സംരക്ഷിക്കപ്പെട്ടുവെന്നു പഠിപ്പിക്കുന്ന തത്വം ദൈവ



ത്താൽ വെളിപ്പെടുത്തപ്പെട്ടതും, തന്മൂലം എല്ലാ വിശ്വാസികളാലും ഉറപ്പായും സ്ഥിരമായും വിശ്വസിക്കപ്പെടേണ്ടതുമാണ്." 1854 ഡിസമ്പർ 8-ാം തീയതി പരിശുദ്ധ മാർപ്പാപ്പാ 9-ാം പീയൂസ് തിരുമനസ്സുകൊണ്ടു് മറിയത്തിന്റെ അമലോത്ഭവസത്യത്തെ അഭ്യവസാനംചെയ്തു ഔദ്യോഗികമായി പ്രസ്താവിച്ചതാണ് പ്രസ്തുത പ്രഖ്യാപനം. ത്രെന്തോസ് സൂനഹദോസ് ജന്മപാപത്തിന്റെ സർവ്വവ്യാപകത്വത്തെപ്പററി പരാമർശിച്ച അവസരത്തിൽ ഈ പൊതുനിയമത്തിനുള്ള ഏക അപവാദം ദൈവമാതാവായ പരിശുദ്ധ കന്യകമറിയമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

### അമലോത്ഭവം

മറിയത്തിന്റെ അമലോത്ഭവസത്യത്തിൽ അടങ്ങിയിരിക്കുന്ന തത്വം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. വിശുദ്ധ യോഹന്നാൻ മാംദാനാ ജനനത്തിനുമുമ്പു വിശുദ്ധീകരിക്കപ്പെട്ടു. ദൈവേഷ്ടപ്രസാദത്തോടുകൂടിയാണ് ഭൂമിയിൽ പിറന്നതു്. പക്ഷെ ജന്മപാപത്തോടുകൂടിയാണ് മാതൃഉദരത്തിൽ ജനിച്ചതു്. പരിശുദ്ധ കന്യകമറിയത്തിന്റെ സൃഷ്ടിതന്നെ ദൈവേഷ്ടപ്രസാദത്തിലാണ് നടന്നതു്. ദൈവകരങ്ങളിൽനിന്നു നിർമ്മലയായി മറിയം പുറപ്പെട്ടു. പാപമാലിന്യം ആ വ്യക്തിയെ സ്പർശിച്ചില്ല. ഈ പ്രത്യേകാനുഗ്രഹത്തിന്റെ നിദാനം, മറേറതൊരനുഗ്രഹത്തിന്റെയും കാര്യത്തിലെന്നവണ്ണം മിശിഹായുടെ യോഗ്യതകൾതന്നെയാണ്.

വിശുദ്ധ പിതാക്കന്മാരും വേദശാസ്ത്രജ്ഞന്മാരും അമലോത്ഭവം വേദാഗമങ്ങളിൽ സദൃശീകരിക്കപ്പെട്ടിട്ടുള്ളതായി ചൂണ്ടിക്കാണിക്കുന്നുണ്ട്. മോശ യഹോവായെ ദർശിച്ച ജ്വലിച്ചുകൊണ്ടിരുന്ന മുൾപ്പടപ്പ് ദഹിക്കാതിരുന്നതുപോലെ, മറിയം ജനനംവഴി ലോകത്തിൽ ആവിർഭവിച്ചെങ്കിലും ജനിക്കുന്ന ഓരോ വ്യക്തിയേയും ദഹിപ്പിച്ചിരുന്ന ഉത്ഭവപാപാഗ്നിയാൽ സ്പർശിക്കപ്പെട്ടില്ല. ജലപ്രളയം ഭൂമുഖത്തുള്ള സർവ്വത്തേയും നശിപ്പിച്ചെങ്കിലും നോഹയുടെ പെട്ടകം സുരക്ഷിതമായിരുന്നതുപോലെ, ജന്മപാപത്തിന്റെ പ്രളയത്തിൽ മറിയമാകുന്ന പേടകം സുരക്ഷിതമായിരുന്നു. ഇസ്രായേൽജനം വാഗ്ദാനത്തിന്റെ പെട്ടകവുംകൊണ്ടു് യോർദ്ദാൻനദി കടക്കുന്നതിനു വന്നപ്പോൾ, നിറഞ്ഞൊഴുകിയിരുന്ന നദീജലം രണ്ടായിപിളർന്നു വഴിയുണ്ടാക്കിക്കൊടുത്തതുപോലെ മറിയത്തിന്റെ ആവിർഭാവത്തിൽ ജന്മപാപപ്രവാഹം തടയപ്പെടുകയും പുതിയ നിയമത്തിന്റെ ഈ വാഗ്ദാനപേടകം പാപസ്പർശമേല്ക്കാതെ ജനിക്കുകയുംചെയ്തു.

മനുഷ്യന്റെ വീണ്ടെടുപ്പിൽ ദൈവത്തിന്റെ നിത്യജ്ഞാനമാണ് പരിലസിക്കുന്നതു്. മറിയം രക്ഷകന്റെ മാതാവും, സഹരക്ഷികയും, സകല പ്രസാദവരങ്ങളുടേയും മദ്ധ്യസ്ഥയുമായി നിയോഗിക്കപ്പെട്ടിരിക്കുകയാണ്. ഈ ഉദ്യോഗങ്ങളാൽ അലങ്കരിക്കപ്പെടുവാനിരിക്കുന്ന വ്യക്തി പാപത്തിനു ഒരു നിമിഷമെങ്കിലും അടിപ്പെട്ടിരിക്കുക എന്നതു ചിന്ത്യമാണോ? പരിശുദ്ധിയുടെ പ്രഭാധോരണിയിലാണ് മാലാഖമാരുടെ സൃഷ്ടി; അവരുടെ രാജ്ഞി പാപസ്ഥിതിയിലായിരിക്കുകയോ? ആദവും ഔവായും നിർമ്മലരായി ദൈവകരങ്ങളിൽനിന്നു പുറപ്പെട്ടു; ദൈവസുതനോടൊത്തു അവരുടെ പാപമാലിന്യത്തെ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുന്ന രക്ഷണീയകൃത്യം നിർവ്വഹിക്കുവാനുള്ള മറിയം പാപത്തിനു അടിപ്പെടുകയോ? ജന്മപാപത്താൽ മലിനയായ ഒരമ്മയിൽനിന്നു ദൈവസുതൻ അവിടുത്തേക്കു ശരീരരക്തങ്ങളെ സ്വീകരിക്കുകയോ? പിശാചിന്റെ അടിമയായിരുന്ന ഒരാളെ പരിശുദ്ധാത്മാവ് അവിടുത്തെ മണവാട്ടിയായി സ്വീകരിക്കുകയോ? നരകസർപ്പത്തിന്റെ തല തകർക്കുവാനുള്ള ആ പ്രബലവ്യക്തി പിശാചിനു അടിമയായിരിക്കുകയോ? ദൈവം അവിടുത്തെ സൃഷ്ടികളിൽ പ്രദാനംചെയ്തിട്ടുള്ള വിശേഷാനുഗ്രഹങ്ങളൊന്നും അവിടുത്തെ അമ്മയും സകല വരദാനങ്ങളുടേയും വിളനിലവുമായ മറിയത്തിനു നൽകാതിരുന്നിട്ടില്ല എന്നതാണ് വാസ്തവം. അതുകൊണ്ടു് ദൈവദാനങ്ങളുടെയെല്ലാം മദ്ധ്യസ്ഥയായ അമ്മയെ നോക്കി നമുക്കു പ്രാർത്ഥിക്കാം:-

**അമലോത്ഭവയായിരിക്കുന്ന രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

## സൂമം 47

"വീണ്ടും വീണ്ടും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും, പരിശുദ്ധാത്മാവിന്റെ പ്രകാശനം അഭ്യർത്ഥിച്ചുകൊണ്ടും കന്യകമറിയത്തിന്റെനേർക്കു പ്രത്യേകതരമായ അനുഗ്രഹം പ്രദർശിപ്പിച്ച സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കായിട്ടും, പാപത്തിന്റെയും മരണത്തിന്റെയും ജേതാവും യുഗങ്ങളുടെ നിത്യരാജാവുമായ അവിടുത്തെ പുത്രന്റെ ബഹുമാനത്തിനായിട്ടും, അതേ സുതന്റെ സമുന്നതമാതാവിന്റെ ഉപരിമഹത്വത്തിനായിട്ടും, തിരുസഭ മുഴുവന്റേയും സന്തോഷത്തിനും ആനന്ദത്തിനുമായിട്ടും നമ്മുടെ കർത്താവീശോമിശിഹായുടേയും, വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടേയും, നമ്മുടെതന്നേയും അധികാരത്തിൽ നാം അഭ്യവസാനംചെയ്തു പ്രഖ്യാപിക്കുന്നതായതു്:- ദൈവത്തിന്റെ അമലോത്ഭവയായ മാതാവും നിത്യകന്യകയുമായ മറിയം, ഈലോകജീവിതം പൂർത്തിയാക്കിയശേഷം ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു സ്വീകരിക്കപ്പെട്ടു എന്നുള്ളതു് ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു സത്യമാകുന്നു." 1950 നവമ്പർ 1-ാം തീയതി പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണം ഇപ്രകാരം ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തു. 1951 ഫെബ്രുവരി 4-ാം തീയതിയാണ് "അമലോത്ഭവയായിരിക്കുന്ന രാജ്ഞി" എന്നുള്ള അപദാനം കഴിഞ്ഞു് ലുത്തനിയായിൽ ഈ അപദാനം ചേർക്കുവാൻ തിരുമനസ്സുകൊണ്ടു കല്പിച്ചതു്. പരിശുദ്ധ കന്യകമറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോപണവും മഹത്തായ ആ ജീവിതചരിത്രത്തിന്റെ രണ്ടററങ്ങളാണ്—ആരംഭവും, അവസാനവും. ഈ ചട്ടക്കൂട്ടിനകത്താണ് അത്ഭുതാവഹമായ ആ ജീവിതസംഭവങ്ങൾ മുഴുവനും ഒതുങ്ങിനില്ക്കുന്നതു്.

### സ്വർഗ്ഗാരോപണം

മറിയം ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെട്ടു എന്നുള്ളതാണ് വിശ്വാസസത്യത്തിലെ പ്രഖ്യാപിതതത്വം. അതിന്റെ സാഹചര്യങ്ങളെപ്പററി ഒന്നും ഖണ്ഡിതമായി പ്രസ്താവിക്കുന്നില്ല. എങ്ങനെയാണതു നടന്നതെന്നോ, എപ്പോഴാണതു സംഭവിച്ചതെന്നോ ഒന്നും ഇതിലുൾപ്പെടുന്നില്ല. പല ഭക്തപാരമ്പര്യങ്ങളും ഇക്കാര്യത്തിൽ പ്രചാരത്തിലുണ്ട്. രഹസ്യവെളിപാടുകളും കുറവല്ല. അവ ഓരോരുത്തർക്കും വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ആകാം. മറിയത്തിന്റെ മരണസമയത്തു വിശുദ്ധ തോമ്മാശ്ലീഹാ ഒഴിച്ചു മററു ശ്ലീഹന്മാരെല്ലാം ഓർശലേമിൽ കൂടിയിരുന്നുവെന്നും, അടക്കിപ്പിനുശേഷംമാത്രം വന്നുചേർന്ന തോമ്മായുടെ നിർബന്ധംമൂലം ആ ദിവ്യാംബികയുടെ ശരീരമെങ്കിലും ഒരുനോക്കു കാണുന്നതിനു കല്ലറ തുറന്നുവെന്നും, അപ്പോൾ തിരുശരീരം കാണാനില്ലായിരുന്നുവെന്നും, പകരം ഏതാനും പുഷ്പങ്ങൾ കാണപ്പെടുകയും നല്ല സൗരഭ്യംമാത്രം അനുഭവപ്പെടുകയും വിദൂരത്തിലെവിടെനിന്നോ ശ്രവണമധുരമായ സ്വർഗ്ഗീയഗാനം കേൾക്കുകയുംചെയ്തു എന്നും ഉള്ളതു വളരെ പുരാതനമായ ഒരു പാരമ്പര്യവിശ്വാസമാണ്. തന്റെ തിരുസുതനെപ്പോലെ ദൈവമാതാവും മരിച്ച മൂന്നാംദിവസം ഉയിർപ്പിക്കപ്പെടുകയും സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയുംചെയ്തു എന്നുള്ള പാരമ്പര്യവും പ്രശസ്തമാണ്.

സ്വർഗ്ഗാരോപണത്തെപ്പററിയുള്ള വിശ്വാസം എന്നും തിരുസഭയിൽ നിലനിന്നുപോന്നിട്ടുണ്ട്. ആദിയിൽ മനുഷ്യൻ അമർത്ത്യത എന്ന ദൈവദാനം സ്വീകരിച്ചിരുന്നു. പാപംമൂലം മരണം ലോകത്തിൽ സംഭവിച്ചു. ധിക്കാരിയായ പാപി അവന്റെ ആരംഭവസ്തുവായ പൂഴിയിലേക്കു തിരിയുന്നതിനു് അവന്റെ ശരീരം അഴിഞ്ഞുപോകേണ്ടിയിരുന്നു. എന്നാൽ പാപത്തിന്റെ നിഴൽപോലുമില്ലാത്ത മറിയത്തിൽ അതിനു പ്രസക്തിയുണ്ടാകുവാൻ ആവശ്യമില്ല. മറിയത്തിന്റെ മൃതദേഹം അഴിയാതെതന്നെ ആത്മാവു വീണ്ടും യോജിച്ചു് സ്വർഗ്ഗത്തിലേക്കു സ്വീകരിക്കപ്പെട്ടു. ലോകത്തിൽ മിശിഹായുടെ സഹരക്ഷികയായിരുന്ന മറിയം സ്വർഗ്ഗത്തിലും അവിടുത്തോടുകൂടിയിരിക്കേണ്ടതു ന്യായമാകുന്നു. പരിശുദ്ധാത്മാവ് അവിടുത്തെ സ്നേഹമണവാട്ടിയുടെ നിർമ്മലശരീരം പുഴുക്കൾക്കാഹാരമാകാൻ അനുവദിക്കുകയില്ല.

മറിയത്തിന്റെ സ്വർഗ്ഗാരോപണം ആധുനികമററീരിയലിസ്റ്റു ലോകത്തിനു ഒരു വെല്ലുവിളിയാണ്. വിശ്വാസികൾക്കു അതു ലോകപ്രശ്നത്തിനുള്ള സമ്യക്കായ സമാധാനവുമാണ്. അതുകൊണ്ടു് നമുക്കു പ്രാർത്ഥിക്കാം:-

**സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്

സുവിശേഷപംക്തി

### പന്തക്കുസ്താ: 24–ാം ഞായർ

# ലോകാവസാനം


**സുവിശേഷം. വിശുദ്ധ മത്തായി 24:15-35**

"ദാനിയേൽ ദീർഘദർശി നാശത്തിന്റെ മ്ലേച്ഛത എന്നു വിളിച്ചിരിക്കുന്നതു് വിശുദ്ധ സ്ഥലത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ (ഇതിന്റെ അർത്ഥമെന്തെന്നു ഇതു വായിക്കുന്നവൻ മനസ്സിലാക്കട്ടെ) യൂദയായിലുള്ളവർ മലയിൽ അഭയം തേടട്ടെ. അവർ പുരമുകളിലാണെങ്കിൽ, വീട്ടിൽ നിന്നു എന്തെങ്കിലും എടുത്തുകൊണ്ടുപോകുവാൻ താഴെ ഇറങ്ങാതിരിക്കട്ടെ. വയലിലാണെങ്കിൽ മേലങ്കി എടുക്കുവാനായി അവർ



കള്ളപ്രവാചകൻ പറയുന്നു:- ക്രിസ്തു അവിടെയുണ്ടു്.

വീട്ടിലേക്കു തിരിച്ചുപോകാതിരിക്കട്ടെ. ആ നാളുകളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും കഷ്ടം! നിങ്ങളുടെ പലായനം വർഷകാലത്തോ സാബത്തിലോ ആകാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ. എന്തുകൊണ്ടെന്നാൽ ലോകാരംഭംമുതൽ ഉണ്ടായിട്ടില്ലാത്തതും, ഇനിമേൽ ഉണ്ടാവുകയില്ലാത്തതുമായ തരത്തിലുള്ള ദുരിതം അന്നുണ്ടാകും. ആ ദിവസങ്ങളുടെ എണ്ണം കുറയ്ക്കപ്പെടാതിരുന്നെങ്കിൽ ഒരു മനുഷ്യനും ഒരു ശരണവും ഉണ്ടാവുകയില്ലായിരുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവ



മാലാഖമാർ കാഹളമൂതുന്നു.

രെപ്രതി ആ ദിവസങ്ങൾ ചുരുക്കപ്പെടും. ആ സമയത്തു അവൻ നിങ്ങളോടു്, ഇതാ ക്രിസ്തു ഇവിടെയുണ്ടു്, അവിടുന്നു അവിടെയുണ്ടു് എന്നു പറഞ്ഞാൽ അവനെ വിശ്വസിക്കരുതു്. എന്തുകൊണ്ടെന്നാൽ കള്ളക്രിസ്തുക്കളും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെട്ടു്, വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിപ്പാനായിട്ടത്രെ ഇതു്. നല്ലതുപോലെ സൂക്ഷിച്ചുകൊള്ളുവിൻ. ഞാനതേപ്പററി മുന്നറിവു തന്നുകഴിഞ്ഞു. ആകയാൽ അവർ നിങ്ങളോടു് ഇതാ, അവിടുന്നു ഇവിടെ മരുഭൂമിയിൽ ഉണ്ടു് എന്നുപറഞ്ഞാൽ നിങ്ങൾ അനങ്ങരുതു്. അവർ നിങ്ങളോടു് അതാ, അവിടുന്നു് ഗൂഢസ്ഥലങ്ങളിൽ ഉണ്ടു് എന്നു പറഞ്ഞാൽ അവരെ വിശ്വസിക്കരുതു്. കിഴക്കുനിന്നു പുറപ്പെട്ടു് പടിഞ്ഞാറുവരെ എത്തുന്ന മിന്നൽപ്പിണർപോലെ ആയിരിക്കും മനുഷ്യപുത്രൻ വരുന്നതു്. പ്രേതം കിടക്കുന്നിടത്താണു് കഴുകന്മാർ കൂടുന്നതു്. ആ ദിവസങ്ങളിലെ ദുരിതങ്ങൾ അവസാനിച്ചയുടനെ, സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം നൽകുകയില്ല, നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും, ആകാശശക്തികൾ ഇളകുകയും ചെയ്യും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ കാണപ്പെടും. ദേശത്തെ ഗോത്രങ്ങളെല്ലാം വിലപിക്കുന്നതു് അപ്പോളായിരിക്കും. മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടി ആകാശമേഘങ്ങളിൽ വരുന്നതവർ കാണും. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിന്റെ ഒരററംമുതൽ മറേറ അററംവരെ, നാലുവായുക്കളിൽനിന്നും, ഒന്നിച്ചുകൂട്ടുന്നതിനായി അവൻ തന്റെ ദൂതന്മാരെ ഒരു വലിയ കാഹളധ്വനിയോടുകൂടി അയക്കും. അത്തിവൃക്ഷം നിങ്ങളെ ഒരു



ആകാശത്തിൽ പ്രോജ്ജ്വലമായ കുരിശു കാണപ്പെടുന്നു.

പമ പഠിപ്പിക്കും. അതിന്റെ കൊമ്പു് ഇളതായി ഇലകളുണ്ടാകുവാൻ തുടങ്ങുമ്പോൾ വേനൽ അടുത്തുവെന്നു നിങ്ങൾക്കറിയാമല്ലോ. ഇതുപോലെതന്നെ, ഇതെല്ലാം സംഭവിക്കുന്നതു നിങ്ങൾ കാണുമ്പോൾ, അതു് അടുത്തു നിങ്ങളുടെ പടിക്കൽ എത്തിയിരിക്കുന്നു എന്നറിഞ്ഞുകൊള്ളുക; എന്നെ വിശ്വസിക്കുവിൻ. ഇതെല്ലാം പൂർത്തിയാകുവോളം ഈ തലമുറ കടന്നുപോവുകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എന്റെ വാക്കുകൾ നിലനില്ക്കും."

ജോണി:- എനിക്കു പേടിയാകുന്നു, അപ്പച്ചാ, എന്താണു് ഈ പറയുന്നതിന്റെ ഒക്കെ അർത്ഥം?

പിതാവു്:- ഇതു ഭയാനകമായ ഒരു സുവിശേഷഭാഗമാണു്. നമ്മുടെ കർത്താവു് ഒരു പ്രവചനം അറിയിക്കുകയാണു്. അതു ഓർശ്ലേമിന്റെ നാശത്തെക്കുറിച്ചാണെന്നും, ലോകത്തിന്റെ അവസാനത്തെക്കുറിച്ചാണെന്നും, ഇവ രണ്ടിനേയും കുറിച്ചാണെന്നും സുവിശേഷവ്യാഖ്യാതാക്കൾ ഭിന്നാഭിപ്രായം പുറപ്പെടുവിക്കുന്നുണ്ടു്. ക്രിസ്തുവർഷം 69-ൽ റോമൻ സൈന്യങ്ങൾ ഓർശ്ലേം പട്ടണത്തെ വളയുകയും, ലോകചരിത്രത്തിൽ അതുവരെ അറിയപ്പെട്ടിട്ടില്ലാത്ത വിധത്തിൽ അതിലെ നിവാസികൾ അതിദാരുണമായി കഷ്ടപ്പെടുകയും, അവസാനം കല്ലിന്മേൽ കല്ലു ശേഷിക്കാത്തവണ്ണം പട്ടണം നശിപ്പിക്കപ്പെടുകയും ചെയ്ത അവസരത്തിൽ ഓർശ്ലേമിനെ സംബന്ധിച്ച് ഈ പ്രവചനം അക്ഷരാർത്ഥത്തിൽ നിവർത്തിതമായി. ലോകത്തിന്റെ അവസാനത്തിലെ ഭയാനകസംഭവങ്ങളും ഇതുപോലെതന്നെ ദൈവകോപത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കുമെന്നു നാം ഓർക്കേണ്ടതാണു്.

മേരി:- എന്തിനാണപ്പച്ചാ, ഇന്നു ഈ സുവിശേഷഭാഗം വായിക്കുന്നതു? ഇതുവരെ എത്ര നല്ലനല്ല സംഭവങ്ങളാണു് നാം വായിച്ചതു്

പിതാവു്:- തിരുസഭാ പഞ്ചാംഗമനുസരിച്ച് കാലഗണനയിൽ ഇന്നു് അവസാനഞായറാഴ്ചയാണു്. മിശിഹായുടെ വിവിധജീവിതഘട്ടങ്ങളെ അനുസ്മരിച്ചാണു് ആ പഞ്ചാംഗം ഓരോരോ കാലങ്ങളെ ക്രമീകരിച്ചിട്ടുള്ളതു്. വരുന്ന ഞായറാഴ്ച "ആഗമനകാലം" തുടങ്ങുന്നു, അതായതു് ക്രിസ്തുവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങുന്ന കാലം. അതുകൊണ്ടു് ഈ അവസാനഞായറാഴ്ച ലോകാവസാനത്തെ ചിത്രീകരിച്ചുകൊണ്ടു് ഈശോ പറഞ്ഞിട്ടുള്ള ഭാഗങ്ങൾ നാം കേൾക്കുന്നതു് കാലോചിതമല്ലേ? അതു കുറെ ഭയാനകമാണെങ്കിലും നമുക്കു അതു മറന്നുകളയാൻ സാധിക്കുമോ? ജീവിതത്തിൽ നമ്മുടെ അന്ത്യത്തെപ്പററി മറന്നിട്ടു് ജീവിതാവസാനത്തിൽ തെററിപ്പോയി എന്നു പറഞ്ഞതുകൊണ്ടു് പ്രയോജനമുണ്ടോ? "നിന്റെ അന്ത്യത്തെപ്പററി നീ ഓർക്കുക, എന്നാൽ നീ പാപം ചെയ്യുകയില്ല" എന്നുള്ള വാക്യം വളരെ അർത്ഥവത്താണു്. സമാധാനമായി മരിക്കുന്നതിനും, പൊതുവിധിയിൽ അനുഗ്രഹിക്കപ്പെടുന്നവരുടെ ഗണത്തിൽ നില്ക്കുന്നതിനുമുള്ള സൗഭാഗ്യം നമുക്കു സുനിശ്ചിതമാക്കുന്ന സ്മരണ തല്ക്കാലം ഭയാനകമായി തോന്നുമെങ്കിലും നിത്യമായ ആനന്ദത്തിനു അതു വഴിതെളിക്കുന്നതുകൊണ്ടു് അതു തീർച്ചയായും സ്വാഗതാർഹമാണു്.

---

## ഒരു വൈദിക വിദ്യാർത്ഥിയുടെ നിര്യാണം



വൈക്കം ഫൊറോനാപ്പള്ളി ഇടവകാംഗവും മംഗലപ്പുഴ സെന്റു് ജോസഫ്സ് അപ്പസ്തോലിക്കു് സെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം നിർവ്വഹിച്ചുകൊണ്ടിരുന്ന ദേഹവുമായ റവ. ബ്രദർ ജോൺ നടുച്ചിറ അവർകൾ വൈക്കത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽവച്ചു നവമ്പർ 9-ാംതിയതി വെളുപ്പിനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. രണ്ടു മാസത്തോളമായി അദ്ദേഹം രോഗബാധിതനായി ചികിത്സയിലായിരുന്നു. ഉച്ചകഴിഞ്ഞു 4 മണിക്കു ശവസംസ്കാരകർമ്മങ്ങൾ സമാരംഭിച്ചു. സ്ഥലത്തു നേരത്തെ വന്നുചേർന്നിരുന്ന ബ. വൈദികർക്കു പുറമെ, സെമ്മിനാരിയിൽനിന്നു റെക്ടർ വെരി റവ. ഫാദർ ഔറേലിയൻ ഒ. സി. ഡി അവർകളും പല ബ. പ്രൊഫസർമാരും, സഹപാഠികളും സെമ്മിനാരിപ്രതിനിധികളുമായ 60-ൽ പരം ബ. ശമ്മാശന്മാരും ശവസംസ്കാരകർമ്മങ്ങളിൽ പങ്കുകൊണ്ടു. കർമ്മങ്ങൾക്കിടയിൽ വീട്ടിൽവച്ചു റവ. ഡീക്കൻ മങ്കുഴിക്കരി അവർകളും പള്ളിയിൽവച്ചു സുറിയാനി പ്രൊഫസർ റവ. ഫാദർ പുത്തൻപുര അവർകളും പരേതന്റെ ഗുണഗണങ്ങളേയും മാതൃകാപരമായ ജീവിതത്തേയും അധികരിച്ചു ഹൃദയസ്പൃക്കായ ചരമപ്രസംഗങ്ങൾ നടത്തി. ബ. ശമ്മാശന്മാർതന്നെയാണു് തങ്ങളുടെ പരേതനായ സഹപാഠിയോടുള്ള അന്തിമോപചാരപ്രകടനാർത്ഥം ശവമഞ്ചം വഹിച്ചിരുന്നതു്. വലിയൊരു ജനസമൂഹം ദുഃഖാർത്തരായി സംസ്കാരകർമ്മങ്ങളിൽ പങ്കുകൊണ്ടു. പരേതന്റെ പാവനാത്മാവു നിത്യവിശ്രാന്തിയടയുന്നതിനു ദൈവം അനുഗ്രഹിക്കട്ടെ.

R. I. P.

---

# മാതാവേ!

(വർഗ്ഗീസ് പള്ളിപ്പാടൻ)

("വെള്ളാരം കുന്നിലെ ........കാറേറവാ" എ. മ.)

വാനവരാകവേ പാടിസ്തുതിച്ചിടും
ലോകൈകനായികേ! മാതാവേ!....
ആകുലർക്കാശ്വാസം നൽകിടും കേന്ദ്രമേ!
ശാന്തിസങ്കേതമേ! മാതാവേ!...
ഏഴകളാമിവർ-മാഴ്കിയനീടാതെ
മേവിടാൻ പാലയ!- മാതാവേ! ... (വാന)
ഭുവനപ്രദീപമേ! പുരുപുണ്യരൂപമേ!
പുലർകാലതാരമേ! മാതാവേ!...
സുകൃതകിരണങ്ങൾ-ചൊരിയുന്നോരംബികേ!
വിജയകവാടമേ! മാതാവേ!... (വാന)
ജീവിതയാത്രയിൽ-നേർവഴി കാട്ടി, നീ
കാത്തുകൊള്ളേണമേ! മാതാവേ!....
ആശ്രയം നീയെന്യേ- ആരിവർക്കെന്നുമേ
സ്നേഹനികേതമേ! മാതാവേ!.... (വാന)

---

ഒരെണ്ണയും പിടിക്കാത്തവർക്കും നീരിറക്കത്തിനും **അമൃത തൈലം** ഉപയോഗിക്കുക
ഫലപ്രദങ്ങളായ ആയുർവേദ ഔഷധങ്ങൾക്കും വൈദ്യോപദേശങ്ങൾക്കും കെ. കെ. പാവുണ്ണിവൈദ്യൻ, നെല്ലായി എന്ന വിലാസത്തിൽ എഴുതുക. സ്റ്റോക്കിസ്റ്റുമാരെ ആവശ്യമുണ്ടു്.
മാനേജർ
കാളൻ ആയുർവേദ ഔഷധശാല, നെല്ലായി.
H. O. ചാലക്കുടി, ഇരിങ്ങാലക്കുട, പുതുക്കാടു്, ആലപ്പുഴ, ചങ്ങനാശ്ശേരി, ഞാറക്കൽ.

---

## Thanksgiving

For Favours Received Through the Intercession of SAINT POPE PIUS X

T. M.

---

## വിനോദവീഥി



പകൽ മുഴുവൻ സാധുവായ പിച്ചക്കാരൻ—രാത്രിയോ, കോമളനായ സിനിമാപ്രേമി!

* * *

സുഭിക്ഷമായ ഊണു കഴിച്ചശേഷം ഒരു മാന്യൻ ഹോട്ടൽമാനേജരുടെ മേശക്കരികിൽ ചെന്നുകൊണ്ടു ചോദിച്ചു:- സാർ എന്നെ ഓർമ്മിക്കുന്നുണ്ടോ?

ഹോ: മാ:- ഞാൻ ഓർമ്മിക്കുന്നില്ലല്ലോ.

മാന്യൻ:- ഉദ്ദേശം ഒരു കൊല്ലത്തിനു മുമ്പു ഞാനിവിടെവന്നു ഊണു കഴിച്ചിട്ടു പണം തരാനില്ലായിരുന്നതുകൊണ്ടു എന്നെ നിങ്ങൾ പോലീസിലേല്പിച്ചതോർക്കുന്നുണ്ടോ?

ഹോ: മാ:- ഓ, ഉവ്വ്. ഇപ്പോൾ ഓർക്കുന്നു. അന്നത്തെ ഭക്ഷണവിലയും അതു സംബന്ധിച്ചുണ്ടായ മററു ചിലവുകളും ഇപ്പോൾ തരണം. പറഞ്ഞതു നന്നായി.

മാന്യൻ:- അതിനല്ല, ഇപ്പോഴും പണമില്ലെന്നു പറയാനാണു് ഞാൻ പഴയ പരിചയം പറഞ്ഞതു്. എനിക്കും നിങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകരുതു്.

---



വൈക്കം പുത്തനങ്ങാടി ശ്രീ വർക്കി ഇത്താക്കു് 77-ാമത്തെ വയസ്സിൽ 1954 നവംബർ 8-ാംനു-കാലത്തു് അഞ്ചരമണിക്കു് അന്ത്യകൂദാശകൾ കൈക്കൊണ്ടു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരാദികർമ്മങ്ങൾ പിറെറദിവസം കാലത്തു് പരേതന്റെ ഇളയപുത്രൻ ഫാദർ ഐസക് പുത്തനങ്ങാടി (സേലം മിഷൻ) അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ഫാദർ പോൾ പുത്തനങ്ങാടി (പോണ്ടിച്ചേരി മിഷൻ)യും സിസ്റ്റർ ടിസാ ജോസഫും പരേതന്റെ സന്താനങ്ങളാണെന്നുള്ള വിവരം പ്രസ്താവയോഗ്യമത്രെ. പരേതന്റെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R· I· P·

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, NOVEMBER, 17 | No. 14


## നമ്മുടെ വിദ്യാഭ്യാസരംഗം

II

വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം മനുഷ്യവ്യക്തിയുടെ സർവ്വതോന്മുഖമായ സുന്ദരവികസനമാണെന്നും, അവൻെറ ആദ്ധ്യാത്മികവും, സാമൂഹികവുമായ എല്ലാ കർത്തവ്യങ്ങളേയും യഥാവിധി നിറവേററുന്നതിനുള്ള അറിവും പരിശീലനവുമാണ് അതിൽ നിന്നു സിദ്ധിക്കേണ്ടതെന്നും കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നുവല്ലോ. ആധുനികകാലത്ത് ഈ ലക്ഷ്യത്തെ വിഫലമാക്കത്തക്കവണ്ണം മററീരിയലിസം വിദ്യാഭ്യാസരംഗത്തു നുഴഞ്ഞുകയറുന്ന രീതികളും അതുവഴി വിദ്യാർത്ഥികളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിനാശകരമായ അധഃപ്പതനങ്ങളും അതിൽ ചൂണ്ടിക്കാണിക്കുകയും, ഈശ്വരവിശ്വാസത്തിലും മതബോധത്തിലും, സന്മാർഗ്ഗിക പരിശീലനത്തിലും അടിയുറച്ച ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനു മാത്രമേ സൗഷ്ഠവം നിറഞ്ഞ ഒരു വ്യക്തിയെ രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളു എന്നു സമർത്ഥിക്കുകയും ചെയ്തു. ഈ അടിസ്ഥാനതത്വത്തെ ആദരിക്കുന്ന വിദ്യാഭ്യാസമാണ് വിജയപ്രദമാവുക. അതിനു സഹായകമായ ചില കാര്യങ്ങളാണ് ഇവിടെ അനുസ്മരിക്കുന്നത്.

### അദ്ധ്യാപകപ്രശ്നം

ഒരു വിദ്യാഭ്യാസപദ്ധതി ശരിയായി പ്രവർത്തിപ്പിക്കുന്നതിൽ അദ്വിതീയമായ സ്ഥാനമാണ് അദ്ധ്യാപകനുള്ളത്. അദ്ധ്യാപകൻെറ ആത്മാർത്ഥമായ സഹകരണത്തിലേ വിദ്യാഭ്യാസം വിജയിക്കുകയുള്ളു. ഇന്ത്യാഗവമ്മേണ്ടിൻേറയും ഫോർഡുഫൗണ്ടേഷൻേറയും സംയുക്താഭിമുഖ്യത്തിൽ പ്രശസ്തരായ 4 ഇന്ത്യാക്കാരും, 2 അമേരിക്കാക്കാരും, ഒരു ബ്രിട്ടീഷുകാരനും, ഒരു സ്കാൻറിനേവിയാക്കാരനും ഉൾപ്പെട്ട ഒരു വിദഗ്ദ്ധകമ്മിററി വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനു മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിച്ചു ഇന്ത്യാഗവമ്മേണ്ടിനു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അദ്ധ്യാപകനെ സംബന്ധിക്കുന്ന പ്രശ്നത്തെ പ്രത്യേകം ചർച്ച ചെയ്തിട്ടുണ്ട്. അദ്ധ്യാപകന്മാരുടെ സാമ്പത്തികനില ഉയർത്തണമെന്നും, അതിനായി തൽക്കാലം പരമ്പരയാ അവരോടനുവർത്തിച്ചു പോരുന്ന അനീതിപരമായ പെരുമാററം കഴിവുകേടുകൊണ്ട് പരിഹരിക്കാനാവാത്തതാണെങ്കിലും, തുല്യമായ മററുത്തരവാദിത്വങ്ങൾ വഹിക്കുന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം അവരുടെ സാമ്പത്തികനില ഉയർത്തുകയെന്നതാണ് തങ്ങളുടെ നയമെന്നു കേന്ദ്ര സ്റ്റേററുഗവമ്മേണ്ടുകൾ പ്രഖ്യാപിക്കുകയെങ്കിലും ചെയ്യണമെന്നും പ്രസ്തുത രാഷ്ട്രാന്തരീയവിദഗ്ദ്ധസംഘം ശുപാർശചെയ്തിരിക്കുന്നു. പൊറുക്കാൻവയ്യാത്തവണ്ണം താണ ശമ്പളമാണ് അദ്ധ്യാപകന്മാർക്കു കിട്ടുന്നതെന്നും ആ നിലവാരം ഉയർത്താതെ സാരമായ വിദ്യാഭ്യാസപുരോഗതി സാദ്ധ്യമല്ലെന്നും റിപ്പോർട്ടു ഊന്നി പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു അ[illegible]കനു അയാളുടെ മാന്യസ്ഥാന[illegible]നനുസരിച്ചു ജീവിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതു ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ മാനദണ്ഡത്തെ ഉന്നമിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ഈ വിഷയത്തെ റിപ്പോർട്ടു സവിസ്തരം പ്രതിപാദിക്കുന്നതിപ്രകാരമാണ്:- "അദ്ധ്യാപകന്മാരെപ്പററി പറയുമ്പോൾ അവർക്കു നൽകുന്ന ഗുരുനാഥൻ എന്ന ബഹുമതിയും അവരോടു പെരുമാറുന്ന രീതിയും തമ്മിൽ ഒരു പൊരുത്തവും കാണുന്നില്ല. ഒരു ഗുരുനാഥൻ ഉൾക്കൊള്ളേണ്ട മനോഭാവത്തോടുകൂടി ഓരോ അദ്ധ്യാപകനും സ്വന്തം ചുമതല നിറവേററുന്നുമില്ല. ധാരാളം അദ്ധ്യാപകന്മാരുടെ ആവശ്യമുണ്ട്; അവരെല്ലാം ത്യാഗപൂർവ്വം സ്വയം സമർപ്പണം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതു പരമാബദ്ധമാണ്. ഉയർന്ന ശമ്പളം കൊടുക്കാൻ തല്ക്കാലം നിവൃത്തിയില്ലെങ്കിലും ചില പ്രത്യേകസൗകര്യങ്ങൾ—ആരോഗ്യഇൻഷ്വറൻസ്, ക്വാർട്ടേഴ്സ്, സൗജന്യവൈദ്യസഹായം മുതലായവ—അവർക്കു അനുവദിക്കേണ്ടതാണ്." 60 വയസ്സിനു മുമ്പു അവർക്കു നിർബ്ബന്ധപൂർവ്വം പെൻഷൻ നൽകരുതെന്നും, വിദ്യാഭ്യാസധയറക്ടരുടെ അനുമതിയോടുകൂടി 60നു ശേഷവും സർവ്വീസ് നീട്ടിക്കൊടുക്കാമെന്നുമാണ് പ്രത്യേകം ശുപാർശചെയ്യുന്നതു. അദ്ധ്യാപകന്മാർക്കു നൽകേണ്ട പരിശീലനസൗകര്യങ്ങളെപ്പററിയും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധകമ്മററിയുടെ അഭിപ്രായം ഏതൽക്കാര്യത്തിൽ അവശ്യം പരിഗണിക്കപ്പെടുകയും പരമാവധി നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതു് അദ്ധ്യാപകവിഭാഗത്തെ ഫലപ്രദമായവിധം വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെടുത്തുന്നതിനു ഒഴിച്ചുവയ്ക്കാൻ വയ്യാത്ത കാര്യമാണ്.

### വിദ്യാർത്ഥികളെ സംബന്ധിക്കുന്ന കാര്യങ്ങൾ

പീരുമേട്ടിൽ നടന്നുകൊണ്ടിരുന്ന ഹെഡ്മാസ്റ്റരന്മാരുടെ റീജിയണൽ സെമിനാറിൽ വിദ്യാർത്ഥികളുടെ അച്ചടക്കപാലനത്തെപ്പററി പാസ്സാക്കിയിട്ടുള്ള ചില പ്രമേയങ്ങൾ ഇത്തരുണത്തിൽ അത്യധികം ശ്രദ്ധേയങ്ങളാണ്. അവയിൽ ചിലവ താഴെ ചേർക്കുന്നു:-

1. സജീവരാഷ്ട്രീയ പ്രവർത്തനങ്ങളിൽ അവർ പങ്കെടുക്കരുതു് എന്നുള്ള ബോധം വിദ്യാർത്ഥികളിൽ ഉളവാക്കേണ്ടതു് ഹെഡ്മാസ്റ്ററുടേയും സ്റ്റാഫിൻേറയും ഉത്തരവാദിത്വങ്ങളിലൊന്നാണ്.

2. രാഷ്ട്രീയചായയുള്ള പാഠങ്ങൾ പഠിപ്പിക്കുമ്പോൾ അദ്ധ്യാപകന്മാർ ഏതെങ്കിലും പ്രത്യേക ആദർശവാദത്തെപ്പററി ആവേശഭരിതരാകരുതു്.

3. വിദ്യാർത്ഥികളുടെ ഇടയിൽ ഏതെങ്കിലും രാഷ്ട്രീയ സിദ്ധാന്തമോ രാഷ്ട്രീയതാല്പര്യമോ കുത്തിച്ചെലുത്തുന്നതിനു അദ്ധ്യാപകനെന്നുള്ള തൻെറ സ്ഥാനത്തെ ഉപയോഗപ്പെടുത്തുവാൻ യാതൊരദ്ധ്യാപകനേയും അനുവദിക്കരുതു്.

4. അച്ചടക്കത്തിൻെറ കാര്യത്തിൽ രക്ഷാകർത്താക്കളുടെ സഹകരണം അങ്ങേയററം ഉപയോഗപ്പെടുത്തണം. അച്ചടക്കപരിപാലനം അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ധ്യാപകന്മാരുടേയും രക്ഷാകർത്താക്കളുടേയും മീററിംഗുകൾ കൂടക്കൂടെ സമ്മേളിക്കുക, അവരുടെ അസോസ്സിയേഷനുകൾ സ്ഥാപിക്കുക, വിദ്യാലയദിനാഘോഷങ്ങൾ നടത്തുക മുതലായവ വളരെ സഹായകമായിരിക്കും.

5. വിദ്യാലയസംബന്ധമായ എല്ലാ പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതു് സ്കൂളിലെ അന്തരീക്ഷവും അച്ചടക്കവും അഭിവൃദ്ധിപ്പെടുത്തുവാൻ സഹായിക്കും.

6. അച്ചടക്കപരിപാലനത്തിനു സ്കൗട്ടുപ്രസ്ഥാനം, ഗേൾഗൈഡ് പ്രസ്ഥാനം, ഭാരതസ്കൗട്ടുകൾ, ജൂണിയർ റെഡ്ക്രോസ്, എൻ. സി. സി., എ. സി. സി., വാളൻറിയർ സംഘടനകൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ സഹായകമായിരിക്കും.

7. ഓരോ വിദ്യാലയത്തിനും ഒരു യൂണിയൻ അഥവാ അസംബ്ളി ഉണ്ടായിരിക്കുകയും അതിൻെറ പ്രവർത്തനത്തിൽ ഒരു വലിയപങ്കു വിദ്യാർത്ഥികൾക്കുണ്ടായിരിക്കുകയും വേണം.

### ശ്രദ്ധേയമായ മററു നിർദ്ദേശങ്ങൾ

വിദ്യാലയങ്ങളിൽ ചിലപ്പോഴെല്ലാം നിർഭാഗ്യകരമായ സംഭവങ്ങൾക്കു നിദാനമാകുന്ന മിശ്രവിദ്യാഭ്യാസത്തെ സെമിനാർ നിരുത്സാഹപ്പെടുത്തുകയും സെക്കണ്ടറി വിദ്യാഭ്യാസകാലഘട്ടത്തിൽ മിശ്രവിദ്യാഭ്യാസം അനുവദിച്ചുകൂടാ എന്നു ഖണ്ഡിതമായി അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. സ്കൂളുകളിലും ക്ലാസ്സുകളിലും നിയന്ത്രണാതീതമായ വിധത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാതിരിക്കണമെന്നും ആവശ്യമുള്ളത്ര സ്കൂളുകൾ ഉണ്ടാകുന്നതിനു ഗവമ്മെൻറു് നേരിട്ടും പ്രൈവററു് ഏജൻസികളെ പ്രോത്സാഹിപ്പിച്ചും നിവൃത്തിമാർഗ്ഗമുണ്ടാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സിലബസ്സ് അദ്ധ്യാപനത്തിൻെറ കാര്യക്ഷമതയ്ക്കു പാററിയതല്ലെന്നും അതു പരിഷ്കരിക്കുകയും ലഘൂകരിക്കുകയും ചെയ്യണമെന്നുമാണ് അനുഭവത്തെ ആസ്പദമാക്കിയുള്ള സെമിനാറിൻെറ അഭിപ്രായം. അതിൻെറ രൂപവൽക്കരണത്തിനും മററും അദ്ധ്യാപനപരിചയസമ്പന്നരും വിദ്യാഭ്യാസവിദഗ്ദ്ധന്മാരുമുൾപ്പെട്ട ഒരു കമ്മിററിയുണ്ടാകണം. ഇംഗ്ലീഷ്ഭാഷ സംബന്ധിച്ച് ഇടക്കാലത്തുണ്ടായിട്ടുള്ള കുറവിനെ പരിഹരിക്കുന്നതിനും സമുന്നതമായ ഒരു സ്റ്റാൻഡേർഡു് പ്രയോഗത്തിൽ വരുത്തുന്നതിനും വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥിനിവിദ്യാർത്ഥികളിൽ കലാബോധവും സാമൂഹികസേവനത്തിനുള്ള മനോഭാവവും കൈവളർത്തുന്നതിനുപകരിക്കുന്ന പല പദ്ധതികളും വിവിധ പ്രമേയങ്ങളിലായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഏവംവിധം നമ്മുടെ വിദ്യാഭ്യാസരംഗത്തിൽ അടിയന്തിരമായി ശ്രദ്ധചെലുത്തേണ്ട വിവിധ കാര്യങ്ങളെ സുദീർഘമായി ചർച്ചചെയ്യുന്നതിനും സ്വീകാര്യമായ നിരവധി പ്രായോഗികപദ്ധതികളെ പ്രമേയങ്ങളിൽ ഉൾപ്പെടുത്തി പാസ്സാക്കുന്നതിനും സാധിച്ചിട്ടുള്ളതു് സെമിനാറിൻെറ ഒരു വിജയമായി പരിഗണിക്കാവുന്നതാണ്. എന്നാൽ സാധാരണഗതിയിൽ ഈ പ്രമേയങ്ങളും നിശ്ചയങ്ങളുമെല്ലാം അവ എഴുതിയിട്ടിട്ടുള്ള ഏടുകളിൽമാത്രം കിടക്കുന്നതിനോ, ഗവമ്മെൻറിനോ മററധികാരസ്ഥാനങ്ങൾക്കോ അനുകൂലമെന്നു തോന്നുന്ന ചിലതെല്ലാംപെറുക്കിയെടുത്തു ഈ പേരും പറഞ്ഞു മററുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുന്നതിനോ ഇടയാകുകയാണെങ്കിൽ അതു ഈ സംരംഭത്തെ പാടേ പരാജയപ്പെടുത്തുന്നതും ഉപദ്രവകാരിയാക്കുന്നതുമായ ഒരു കൃത്യമായിരിക്കുമെന്നു പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. വിദ്യാഭ്യാസകാര്യത്തിൽ പരിചയസമ്പന്നരായ ഹെഡ്മാസ്റ്റർമാർ വേണ്ട പര്യാലോചനകൾക്കുശേഷം പാസ്സാക്കിയിട്ടുള്ള ഈ പ്രമേയങ്ങൾ ഗവമ്മെൻറിൻേറയും വിദ്യാഭ്യാസപ്രവർത്തക ഏജൻസികളുടേയും സംയുക്തപരിചിന്തനത്തിനു വിധേയമാക്കി കരണീയമായ മാർഗ്ഗങ്ങളെ സഹകരണബുദ്ധ്യാ സ്വീകരിക്കുന്നുവെങ്കിൽ അതു കാലോചിതവും ഭാവിതലമുറയ്ക്കു ഉപകാരപ്രദവുമായ ഒരു പരിഷ്കാരമായിരിക്കും. "ഇക്കാലത്തെ യുവജനങ്ങളെക്കുറിച്ചു വളരെയധികം വിമർശനങ്ങൾ നടക്കുന്നുണ്ട്. അച്ചടക്കരാഹിത്യത്തിൻേറയും ആദർശമില്ലായ്മയുടേയുമായ വളരെയധികം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമെന്നതിനോടു് നിങ്ങളും യോജിക്കുമല്ലോ. പശ്ചാത്താപത്തിനും ലജ്ജയ്ക്കും കാരണമാകേണ്ട ഒരു സംഗതിയാണിതു്. ഈവക തിന്മകൾ തടഞ്ഞുനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചേ മതിയാവൂ. എന്നാൽ ആജ്ഞകൊണ്ടും മററും പരിഹാരം കാണാവുന്നവയല്ല ഇവയെന്നുള്ളതും പ്രസ്താവ്യമത്രെ. ആദ്യമായി അതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു." നവമ്പർ 1-ാം തിയതി ന്യൂഡൽഹിയിൽവച്ചു ഒന്നാമത്തെ ഇൻറർ യൂണിവേഴ്സിററി യൂത്തു് ഫെസ്റ്റിവൽ ഉൽഘാടനം ചെയ്തുകൊണ്ടു് ഇന്ത്യയുടെ വിദ്യാഭ്യാസമന്ത്രി മൗലാനാ അബ്ദുൾകലാം ചെയ്ത ഈ പ്രസ്താവന ഉദ്ധൃതകൃത്യനിർവ്വഹണത്തിനു ശക്തിയായ ഒരുത്തേജനമായിരിക്കുന്നു.

—ഠ—


# സത്യദീപം

"മരിയൻ ജൂബിലിസ്പെഷൽ"

ഡിസമ്പർ 8-ാംനു-

പ്രതീക്ഷിപ്പിൻ!


## പ്രസാധകക്കുറിപ്പുകൾ

### ഹെഡ്മാസ്റ്റർ നിയമനം

#### വിദ്യാഭ്യാസസെമിനാർ കമ്മിററിയുടെ ഏകകണ്ഠമായ ശുപാർശ

"ഹെഡ്മാസ്റ്റർമാരുടെ നിയമനം; ആൺ-പെൺ വിദ്യാലയങ്ങളിൽ സ്ത്രീകളെ ഹെഡ്മിസ്ട്രസ്മാരായി നിയമിക്കാമോ? പീരുമേട്ട് സെമിനാറിലെ ചർച്ചാവിഷയങ്ങളിൽ ഒന്നാണിതു്. ഈ വിഷയത്തെപ്പററി സെമിനാർ ചർച്ചചെയ്തു സ്വീകരിക്കുന്ന തീരുമാനം തനിക്കറിയുവാൻ ആഗ്രഹമുണ്ടെന്നു് ചീഫ്മിനിസ്റ്റർ ശ്രീ പട്ടംതാണുപിള്ള സെമിനാർ പ്രതിനിധികളെ അറിയിച്ചിരുന്നു. അദ്ധ്യാപകരെപ്പററി ചർച്ചചെയ്യാനുള്ള കമ്മിററിക്കാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടിവന്നതു്. പ്രസ്തുതകമ്മിററി സുദീർഘവും അവഗാഢവുമായ പരിചിന്തനത്തിനുശേഷം ഏകകണ്ഠമായ ചില തീരുമാനങ്ങൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ ചുരുക്കമിതാണ്.

(1) ഹൈസ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ മിശ്രവിദ്യാഭ്യാസം അനുവദിച്ചുകൂടാ. (2) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകഹൈസ്കൂളുകൾ ഉണ്ടായിരിക്കണം. (3) പുരുഷന്മാരെ മാത്രമേ ആൺകുട്ടികളുടെ ഹൈസ്കൂളുകളിലും, സ്ത്രീകളെമാത്രമേ പെൺകുട്ടികൾക്കായുള്ള ഹൈസ്കൂളുകളിലും നിയമിക്കാവൂ. (4) ഇപ്പോഴുള്ള മിശ്രഹൈസ്കൂളുകളെ എത്രയുംവേഗം വേർപെടുത്തി, പെൺകുട്ടികൾക്കായി സ്ഥാപിതമാകുന്ന ഹൈസ്കൂളുകളിൽ സ്ത്രീകളെ ഹെഡ്മിസ്ട്രസ്മാരായി നിയമിക്കണം. (5) ഭരണപരമായ കാരണങ്ങളാൽ ഇതിനു താമസം നേരിടുന്നപക്ഷം ഇടക്കാലഘട്ടത്തിൽ മിശ്രഹൈസ്കൂളുകളിൽ പുരുഷന്മാരെമാത്രമേ ഹെഡ്മാസ്റ്റർമാരായി നിയമിക്കാവൂ. (6) ആവശ്യത്തിലധികം സ്ത്രീകളെ റിക്രൂട്ടുചെയ്യുന്ന സമ്പ്രദായം നിറുത്തലാക്കണം. തൻെറ കരങ്ങളെ ബലപ്പെടുത്തണമെന്നുള്ള ചീഫ് മിനിസ്റ്ററുടെ അഭ്യർത്ഥനയ്ക്കു് സെമിനാർകമ്മിററി നൽകിയ മറുപടി ഇതാണ്.

* * *

### ഫാക്ടറി ഇൻസ്പെക്ടറേററിൻെറ നില

#### തിരു-കൊച്ചിയിൽ

തിരുകൊച്ചി സംസ്ഥാനത്തു് ഫാക്ടറി ആക്ടിൻെറ പരിധിയിൽപ്പെട്ട 1000-ത്തിൽപരം വ്യവസായശാലകളാണ് ഇന്നുള്ളതു്. അടുത്തകാലത്തു് ഗവമ്മെൻറിൽനിന്നും തൊഴിലാളിസംരക്ഷണത്തിനായി അനേകം വ്യവസ്ഥകളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്നുള്ള വ്യവസ്ഥകൾ അനുസരിച്ചു് വിദ്യുച്ഛക്തി ഉപയോഗിക്കുന്നതും, 10 ആളുകളിൽ കൂടുതൽ തൊഴിൽ ചെയ്യുന്നതുമായ ഫാക്ടറികൾ രജിസ്റ്റർ ചെയ്യണമെന്നുണ്ട്. പൗവ്വർ ഉപയോഗിക്കാത്ത പക്ഷം 20 തൊഴിലാളികൾ തൊഴിൽചെയ്യുന്ന ഫാക്ടറികളും രജിസ്ട്രേഷൻ വ്യവസ്ഥകളുടെ ഉള്ളിൽ പെടുന്നു. 250 ആളുകളിൽ കൂടുതൽ പ്രവൃത്തി എടുക്കുന്ന ഫാക്ടറികളിൽ കൻറീൻ, 150 ആളുകളിൽ കൂടുതലുള്ള സ്ഥലങ്ങ

ളിൽ വിശ്രമസൗകര്യങ്ങൾ, 50 സ്ത്രീകൾ പണിയെടുക്കുന്നിടത്ത് ഒരു ശിശുസംരക്ഷണശാല തുടങ്ങിയവ മററു സൗകര്യങ്ങളുടെ കൂട്ടത്തിൽ പെടുന്നു. 1114-ൽ ആണ് തിരുവിതാംകൂറിൽ ആദ്യമായി ഫാക്ടറിനിയമം നടപ്പിലാക്കിയത്. അന്ന് സംസ്ഥാനത്ത് 300-ൽപരം ഫാക്ടറികൾ മാത്രമാണുണ്ടായിരുന്നത്.

* * *

## ദക്ഷിണ തിരുവിതാംകൂർ വെടിവെയ്പുന്വേഷണത്തിൽ വിളവംകോട്ട് സബ്ഇൻസ്പെക്ടറുടെ മൊഴി

ഓഗസ്റ്റ് 11-ാംനു ഒരു സംഘം പോലീസുകാരുമായി പെട്രോൾ ഡ്യൂട്ടിയിൽ ഞാൻ ഉച്ചകഴിഞ്ഞു 2 മണിയോടെ തൊടുവട്ടി എന്ന സ്ഥലത്തെത്തി. എണ്ണായിരത്തോളം വരുന്ന ഒരു ജനക്കൂട്ടം മാർക്കററിൽ കൂടിയിരുന്നു. ഇവരധികവും തമിഴ്നാട്ടുകാരായിരുന്നു. പോലീസിന്റെ നേരെ ഇവർ കല്ലെറിഞ്ഞു. കല്ല്, തടി, വടി മുതലായവയും ആയുധങ്ങളും കൈവശമുള്ളവരെയും ജനക്കൂട്ടത്തിനിടയിൽ കണ്ടു. മൂന്നുവശത്തും അവർ പോലീസിനെ വളഞ്ഞു. ഒരുവശത്തു കടകളായിരുന്നു. പോലീസ് അപകടത്തിലാകുമെന്നു കണ്ടപ്പോൾ ഞാൻ ജനക്കൂട്ടത്തിനു മുന്നറിയിപ്പു നൽകി, ഏറു നിറുത്തിയില്ലെങ്കിൽ വെടി വയ്ക്കുമെന്ന്. ഇത് ആരും കൂട്ടാക്കിയില്ല. വെടിവയ്ക്കാൻ ഞാൻ ആജ്ഞാപിച്ചു. കല്ലേറുവന്നഭാഗം ലക്ഷ്യമാക്കി രണ്ടുചുററു വെടിവച്ചു. കല്ലെറിഞ്ഞിരുന്ന രണ്ടുപേർ വെടിയേററു മരിച്ചു. വെടിവെച്ചില്ലായിരുന്നുവെങ്കിൽ പോലീസിനെ അവർ വകവരുത്തുമായിരുന്നു.

## പോലീസിനെ വകവരുത്തണമെന്നു പ്രാസംഗികൻ

പുതുക്കടയിൽ ഒരു യോഗം ചേരാനായി പതിനായിരത്തിനുമേൽ പതിനയ്യായിരത്തിൽതാഴെ ജനങ്ങൾ കൂടിയിരുന്നു. പോലീസ് വന്നിട്ടുണ്ട്, ഒരുത്തനെയും വിടരുത് എന്നൊരു പ്രാസംഗികൻ ഉച്ചഭാഷിണിയിലൂടെ വിളിച്ചുപറയുന്നത് ഞാൻ കേട്ടു. ജനങ്ങൾ കല്ലെറിയാൻ തുടങ്ങി. പിരിഞ്ഞുപോകാത്തപക്ഷം ലാത്തിച്ചാർജ് ഉണ്ടാകുമെന്ന് അപ്പോൾ കൂടെയുണ്ടായിരുന്ന സർക്കിൾ ഇൻസ്പെക്ടർ ജനങ്ങൾക്കു താക്കീതു നൽകി. സ്ഥലം ഇടുങ്ങിയതായതുകൊണ്ടു ശരിയായ ലാത്തിച്ചാർജ്ജ് നടത്താൻ സാധിച്ചില്ല. അടുത്തുണ്ടായിരുന്ന പോലീസ് ഔട്ട്പോസ്റ്റിലെയും തപാലാഫീസിലെയും ഉപകരണങ്ങളും സാമഗ്രികളും ചുട്ടെരിക്കുന്നത് ഞാൻ കണ്ടു. പോലീസ് അപകടത്തിലാകുമെന്ന് ബോദ്ധ്യമായപ്പോൾ വെടിവയ്ക്കും എന്നു നാലോ അഞ്ചോ പ്രാവശ്യം മുന്നറിയിപ്പു നൽകിയശേഷം വെടിവച്ചു. നാലുചുററു വെടിവച്ചു. രണ്ടുപേർക്കു വെടി ഏററു. മുകളിലേക്ക് 24 ചുററു വെടിവച്ചശേഷം കൂടുതൽ പോലീസുസേനയെ കൊണ്ടുവരാനായി പോലീസ് സ്ഥലംവിട്ടു. അപ്പോഴെല്ലാം കല്ലേറു തുടർന്നിരുന്നു. സർക്കിൾ ഇൻസ്പെക്ടർക്കും ഒരു എച്ച് സി. ക്കും പി. സി. മാർക്കും വെടിവയ്പിനിടയിൽ പരുക്കുപററി.

* * *

## ഫീസിളവുമൂലമുള്ള മാനേജ്മെൻറുകളുടെ നഷ്ടം ഗവമ്മെൻറു തരാൻ നികത്തുന്നില്ല

ഗവമ്മെൻറ് പുറപ്പെടുവിച്ച ഒരു പ്രസ്സ്നോട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:- ഒന്നും രണ്ടും ഫാറങ്ങളിലെ ഫീസ് ഈ വിദ്യാലയവർഷം മുതൽ നിർത്തലാക്കുവാൻ ഗവമ്മെൻറു തീരുമാനിച്ചു. തന്മൂലം പ്രൈവററ് മാനേജുമെൻറുകൾക്ക് അവരുടെ വരുമാനത്തിൽ കുറവുണ്ടായി. ഈ നഷ്ടം പരിഹരിച്ചുകിട്ടണമെന്ന് മാനേജുമെൻറുകൾ ഗവമ്മെൻറിലേക്ക് നിവേദനം സമപ്പിച്ചിരുന്നു. ഇക്കാര്യത്തെക്കുറിച്ച് ഗവമ്മെൻറ് പരിചിന്തനംചെയ്തു. ഫീസ് ഇളവുചെയ്യുകയെന്നത് ഗവമ്മെൻറിൻെറ പുരോഗമനോന്മുഖമായ ഒരു ഭാഗമാണെന്ന് ഗവമ്മെൻറു കരുതുന്നു. അതുകൊണ്ടു നഷ്ടം നികത്താൻ തുക തിരിച്ചു നൽകുകയെന്നകാര്യം നിയമപരമായി ഉദിക്കുന്നില്ല. എങ്കിലും മാനേജുമെൻറുകളുടെ ധനപരമായ വൈഷമ്യം ഗവമ്മെൻറു മനസ്സിലാക്കുകയും മാനേജുമെൻറുകളെ അവരുടെ സ്കൂളുകൾ നടത്തുന്നതിനു സഹായിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. കുട്ടി ഒന്നിനു ഗ്രാൻറ് അനുവദിക്കുകയെന്നതു ഭരണപരമായി സൗകര്യപ്രദമായിരിക്കുമെന്നു ഗവമ്മെൻറു കരുതാത്തതുകൊണ്ടു കുട്ടി ഒന്നിനു പ്രതിവർഷം 1 ക. 15 ണ നൽകുവാൻ ഗവമ്മെൻറു അനുവദിച്ചിരിക്കുന്നു. പ്രൈവററ് സെക്കൻഡറിസ്കൂൾ പദ്ധതിയിൽ ചേന്നിട്ടുള്ള സ്കൂളുകൾക്കു മാത്രമേ ഈ ഗ്രാൻറ് നൽകുകയുള്ളു. മാനേജുമെൻറുകളുടെ വിഷമതകൾ ഈ നടപടികൊണ്ടു പരിഹരിക്കപ്പെടുമെന്നാണ് ഗവമ്മെൻറു വിശ്വസിക്കുന്നത്. പ്രൈവററ് സെക്കൻഡറിസ്കൂൾ പദ്ധതിയിൽ ചേരാത്ത സ്കൂളുകൾക്ക് ഈ സൗജന്യം നൽകേണ്ടതില്ലെന്ന് ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

* * *

## പു. സാ. കൃതികൾ "പുണ്ണുസാഹിത്യ" വിഭാഗത്തിൽ പെടുമെന്ന്

### പ്രൊഫസർ ഡി. പത്മനാഭനുണ്ണി

ദാരിദ്ര്യവും വ്യഭിചാരവും മുതലാളിതൊഴിലാളി വൈരവും സമൂഹത്തിലെ വൈകൃതങ്ങളും വൈകല്യങ്ങളും വൈലക്ഷണ്യങ്ങളുമെല്ലാം, എല്ലാം, കുത്തിപ്പൊക്കി മനുഷ്യനും മനുഷ്യനും തമ്മിലടിക്കുന്നതിനു പ്രത്യക്ഷമായോ പരോക്ഷമായോ പ്രചോദനം നൽകുന്ന ഇതിവൃത്തങ്ങൾ സ്വീകരിച്ച് തദനുഗുണമായി പ്രതിപാദിച്ചാൽ മാത്രമേ, സാഹിത്യകൃതികൾ ആധുനികരെന്നഭിമാനിക്കുന്നവരുടെ അഭിരുചിക്കു പററൂ എന്നൊരു ബോധം ചിലരിൽ കലശലായി പടർന്നുപിടിച്ചിട്ടുണ്ട്. ഈ ചിന്താഗതി പാടേ മാറിയേ പററൂ. എന്നാൽ മാത്രമേ മനുഷ്യനു സാത്വികമായി പുരോഗതി കൈവരിക്കുവാൻ സാധിക്കൂ. പുരാതനകവികളുടേയും, ആധുനികരെന്നഭിമാനിക്കുന്ന, കാലത്തിന്റെ കവികളെ നയിക്കുന്ന, ചിലരുടേയും കൃതികളിൽ രൂപത്തിലും ഭാവത്തിലും നിരവധി വൈരുദ്ധ്യങ്ങളുണ്ട്. പവിത്രമായ വിശ്വസ്നേഹത്തെ ആദർശമാക്കി പുരാതനകവികൾ കൃതികൾ രചിച്ചിരുന്നെങ്കിൽ, മനുഷ്യരിൽ അന്തർലീനമായിരിക്കുന്ന സഹജമായ മൃഗീയവാസനകളെ കുത്തിപ്പൊക്കി മനുഷ്യരെ പരസ്പരം കുത്തിവയ്ക്കുന്നതിനും കഴുത്തറുക്കുന്നതിനും പ്രേരിപ്പിക്കുന്ന കവിതകൾ രചിക്കുന്നതിനാണ് പുരോഗതിയുടെ പ്രവാചകരെന്നഭിമാനിക്കുന്ന ചില ആധുനികകവികൾ വ്യഗ്രത പ്രദർശിപ്പിക്കുന്നത്. സാഹിത്യത്തെ മണ്ണുസാഹിത്യം, വിണ്ണുസാഹിത്യം, പെണ്ണുസാഹിത്യം എന്നിങ്ങനെ ആരോ വിഭജിച്ചുകാണുകയുണ്ടായി. കുരുപാണ്ഡവയുദ്ധത്തിനടിസ്ഥാനം രാജ്യാവകാശമായതുകൊണ്ട് തൽപ്രതിപാദകമായ സാഹിത്യം—ഭാരതം—മണ്ണുസാഹിത്യം എന്നു വ്യവഹരിക്കപ്പെട്ടു. രാമരാവണ സംഗ്രാമത്തിനുത്തേജകം രാവണന്റെ സീതാപഹരണവും, ശ്രീരാമന്റെ പ്രതികാരനടപടികളും ആയതുകൊണ്ട് രാമായണം "പെണ്ണുസാഹിത്യം" എന്ന പേരിനർഹമായി. ബൈബിൾ, ഗീത ആദിയായ ഗ്രന്ഥങ്ങൾ ആദ്ധ്യാത്മികജ്ഞാനത്തിന്റെ സൂക്തിരത്നങ്ങൾ ഉൾക്കൊള്ളുന്നതു നിമിത്തം അതു വിണ്ണുസാഹിത്യം എന്നു വിളിക്കപ്പെട്ടു. ഈ പട്ടിക പൂണ്ണമാകണമെങ്കിൽ പുതിയതായി ഒരു വിഭാഗം കൂടി ഉൾപ്പെടുത്തണം. അങ്ങനെ കൂട്ടിച്ചേക്കുന്നതിന് "പുണ്ണുസാഹിത്യം" എന്നു പറയുന്നതിൽ എതിരുണ്ടാകുമെന്നു തോന്നുന്നില്ല. ഇക്കാലത്തുണ്ടാകുന്ന ചില കൃതികൾ ഈ വകുപ്പിൽ ഉൾപ്പെടുത്താൻ യോഗ്യമാണ്. ഇതിന്റെ രീതിയും സ്വഭാവും എന്താണെന്നല്ലേ? മനുഷ്യജീവിതത്തിലെ കഷ്ടപ്പാടുകളെ ഊതിവീപ്പിച്ച്, മനുഷ്യരിൽ തികഞ്ഞ നൈരാശ്യബോധം അടിയുറപ്പിക്കുന്നതിനും, സമുദായഗാത്രത്തിലെ പുണ്ണുകളുടെ ദുർഗ്ഗന്ധംകൂടി കൂട്ടിക്കലത്തി സാഹിത്യവിഭവങ്ങൾ വിളമ്പുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഈ പ്രസ്ഥാനം. പ്രണയനൈരാശ്യം, ആത്മഹത്യ, കൊലപാതകം ആദിയായവയെല്ലാം ഈ പ്രസ്ഥാനത്തിലെ സാഹിത്യകൃതികൾക്കു വിഷയമാക്കാവുന്നതാണ്!

മൂവാററുപുഴ നിമ്മല കോളേജ് മലയാളസാഹിത്യസമാജോൽഘാടനവേളയിൽ ശ്രീ ഡി. പത്മനാഭനുണ്ണി എം. എ. ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമാണ് മുകളിൽ ചേർത്തത്.

## അടുത്തയാഴ്ചയിൽ

നവംബർ

18 വ്യാ: പത്രോസ് പൗലോസ് പള്ളികൂദാശ

19 വെ: വിധവ എലിശ്വ

20 ശ: ഫെലിക്സ്

21 ഞാ: പന്ത:24-ാം ഞായർ

22 തി: സിസിലിയാ

23 ചൊ: ക്ലേമിസ്

24 ബു: കുരിശിന്റെ യോഹന്നാൻ


**കേരളത്തിലെ ക്രൈസ്തവസഭകൾ**

അടിച്ചുതീന്നു പുറപ്പെട്ടുകഴിഞ്ഞു

30 അദ്ധ്യായം-360 പുറങ്ങൾ

ഗ്രന്ഥകത്താ ഫാദർ. ഇഞ്ചയ്ക്കലോടി

വില (തപാൽചെലവുൾപ്പെടെ) ക. 2-8-0

ഏജൻറന്മാക്ക് നല്ല കമ്മീഷൻ

ഉടൻ അപേക്ഷിക്കുക:- മാനേജർ കത്തോലിക്കാ ബുക്കുഡിപ്പോ പന്തളം (P. O.)


## റോമ വാർത്തകൾ

(പി. ജോസഫ്, റോം)

### മോൺ. മൊന്തീനി മിലാനിലെ നിയമിത മെത്രാപ്പോലീത്താ

മിലാൻ അതിരൂപതയിലെ കർദ്ദിനാൾ മരിച്ചതുമൂലം തൽസ്ഥാനത്തേക്ക് പരി. പിതാവിന്റെ "പ്രോ സെക്രട്ടറി ഓഫ് സ്റ്റേററ്" ആയിരുന്ന മോൺ മൊന്തീനിയെ മാർപ്പാപ്പ നിയമിച്ചിരിക്കുന്നു. പകരം പ്രോ സെക്രട്ടറിയായി നിയമിച്ചിരിക്കുന്നത് മോൺ. ആഞ്ചെലോ ഡെല്ലകപായെയാണ്. മോൺ. മൊന്തീനി 1897 ൽ ബ്രെഷ്യ എന്ന സ്ഥലത്തു ജനിച്ചു. ഒരുകൊല്ലത്തോളം പൊളോണിയാ രാജ്യത്തെ ഇൻറർനൺഷ്യേറ്റയുടെ സെക്രട്ടറിയായിരുന്നിട്ടുണ്ട്. പിന്നീട് റോമൻ യൂണിവേഴ്സിററിയിൽ ജോലി നോക്കി. 1936-ൽ സെക്രട്ടറി ഓഫ് സ്റ്റേററായി ജോലിതുടങ്ങി. 1953-ൽ പുതിയ കർദ്ദിനാളന്മാരെ നിയമിച്ചശേഷം അവരോടായി നടത്തിയ പ്രസംഗത്തിൽ പരി. പിതാവു തിരുമനസ്സുകൊണ്ട് തന്റെ വലംകൈയായി പ്രവത്തിച്ചുപോന്ന മോൺ. മൊന്തീനിയുടെ സേവനങ്ങളെ അനുസ്മരിക്കയുണ്ടായി. അന്നു ഇദ്ദേഹത്തിനും സഹപ്രവത്തകനായ മോൺ. തർദീനിക്കും കർദ്ദിനാൾ സ്ഥാനം പരിശുദ്ധ പിതാവ് നൽകുന്നതിനുദ്ദേശിച്ചതാണെന്നുള്ളതും അവരുടെ അപേക്ഷയനുസരിച്ച് അതു നൽകാതിരുന്നതാണെന്നുള്ളതും പ്രസ്താവ്യമത്രെ.


### പുണ്യവതിയുടെ അമ്മ

1950-ൽ പുണ്യവതിയെന്നു നാമകരണം ചെയ്യപ്പെട്ട മരിയ ഗൊരേത്തിയുടെ മാതാവ് അസൂന്താ ഗൊരേത്തി ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നിര്യാതയായി. സ്വപുത്രിയുടെ പേരുവിളിപ്പിനുള്ള ചടങ്ങുകളിൽ ഇവർ നേരിട്ടു സംബന്ധിച്ചതാണ്. 1866 ലാണ് ഇവർ ജനിച്ചത്. 1944-ൽ ഉണ്ടായ ഒരു ഭയങ്കരമായ വീഴ്ചമൂലം ഒരുകാലിനു സ്വാധീനമില്ലാതെ ശയ്യാവലംബിയായി കഴിയുകയായിരുന്നു ശേഷിച്ച ജീവിതകാലം മുഴവനും. എങ്കിലും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും നിത്യം വന്നുകൊണ്ടിരുന്ന ജനക്കൂട്ടത്തോട് തന്റെ മകളെപ്പററിയുള്ള വിവരങ്ങൾ പറഞ്ഞു തൃപ്തരാക്കി അയക്കാൻ ഇവർ മടികാണിച്ചിരുന്നില്ല. ജീവിതം മുഴുവൻ പ്രാത്ഥനയിലും സഹനത്തിലും കഴിച്ചുകൂട്ടിയശേഷം ഇക്കഴിഞ്ഞ മാസം സ്വപുത്രിയെ നേരിട്ടുകണ്ടാനന്ദിക്കുവാൻ അവർ സ്വർഗ്ഗത്തിലേക്കു പോയി. സ്വപുത്രിയുടെ നാമകരണച്ചടങ്ങിൽ സംബന്ധിക്കാൻ ഒരു മാതാവിനു സാധിക്കുന്നത് ആദ്യമായിട്ടാണെന്നു തോന്നുന്നു. കത്തോലിക്കാമാതാക്കൾക്കു തങ്ങളുടെ കുഞ്ഞുങ്ങളെ പുണ്യപദവിയിലെത്തിക്കാനുള്ള ചുമതലയും കഴിവും മരിയ അസൂന്താ പ്രവൃത്തിയിലാക്കുകതന്നെ ചെയ്തു.

### വിശുദ്ധപദത്തിലേക്കുള്ള പടിയിൽ

പാരിസിലെ വിദേശമിഷൻ സൊസൈററിയിൽപ്പെട്ട ഫാദർ ജോൺ മാർട്ടിൻ മോയേ, ബനഡിക്ടൈൻ സന്യാസിയായ പ്ലാസിഡ് റിക്കാർഡി, മാതാവിന്റെ ഫ്രാൻസിസ്കൻ മിഷനറി സന്യാസിനീസമൂഹത്തിൽപ്പെട്ട മരിയ പല്ലോത്ത അസൂന്താ എന്നീ മൂന്നുപേരേയും വാഴ്ത്തപ്പെട്ടവരെന്ന സ്ഥാനത്തേക്കുയത്താനുള്ള ഒരുക്കങ്ങൾ പൂത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഈ മാസം 8-ാം തീയതി മരിയ പല്ലോത്തയെ വാഴ്ത്തപ്പെട്ടവളെന്നു മാർപ്പാപ്പ തിരുമനസ്സുകൊണ്ട് പേരുവിളിക്കുന്നതാണ്. മററു രണ്ടുപേരുടേയും നാമകരണങ്ങൾ ഉടനെതന്നെ നടത്തുന്നതായിരിക്കും.

## പരേതനായ പറയൻകഴിയിൽ (പ്ലാത്തോട്ടത്തിൽ) ശ്രീ. മത്തായി മത്തായി പാറപ്പിള്ളി



കീഴപറയാർ പള്ളി ഇടവകയിലെ പുരാതനവും പ്രശസ്തവുമായ പറയൻകഴിയിൽ പ്ലാത്തോട്ടത്തിൽ കുടുംബാംഗമായ ശ്രീ. മത്തായി മത്തായി ഒക്ടോബർ 29-ാംനു വൈകുന്നേരം അഞ്ചരമണിക്ക് വാർദ്ധക്യസഹജമായ സുഖക്കേടിനാൽ തന്റെ 85-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ഒക്ടോബർ 31-ാംനു ഞായറാഴ്ച രാവിലെ പല പള്ളികളിലെ ദശ്നസമൂഹത്തിന്റെയും വമ്പിച്ച ജനാവലിയുടേയും അനേകം പൊൻവെള്ളികുരിശുകളുടേയും, പല സെററ് ബാൻറുകളുടേയും അകമ്പടിയോടുകൂടി സംസ്കാരയാത്ര പള്ളിയിലെത്തിച്ചേന്നതിനുശേഷം, അനേകം വൈദികരുടെ സാന്നിദ്ധ്യത്തിലും വെ. റവ. ഫാ. കൊട്ടാരത്തുംമാലിയുടെ പ്രധാന കാമ്മികത്വത്തിലും പ്രത്യേകം തയ്യാർ ചെയ്തിരുന്ന കുടുംബക്കല്ലറയിൽ ശവസംസ്കാരം യഥാവിധി നടത്തപ്പെട്ടു. അനന്തരം സാധുക്കൾക്ക് അന്നദാനവും നൽകപ്പെടുകയുണ്ടായി. പരേതനു 200-ൽ പരം പുത്രപൗത്രാദികൾ ഉണ്ടെന്നുള്ള വിവരവും സ്മരണീയമാണ്. പരേതന്റെ ആത്മാവിനുവേണ്ടി വിശ്വാസികൾ പ്രാത്ഥിപ്പാറാകണം.

## കർബ്ബാനവിഞ്ഞിന്റെ ചുങ്കം കുറച്ചു

എം. പി. മാരായ മെ. ജോർജ് തോമ്മസ് കൊട്ടുകാപ്പള്ളി, സി. പി. മാത്തൻ, സി. പി. മാത്യു ഇവർ കേന്ദ്രധനകാര്യമന്ത്രിയുടെ പക്കൽ സമപ്പിച്ച നിവേദനത്തിന്റെ ഫലമായി കർബ്ബാനവിഞ്ഞിന്റെ ഇറക്കുമതിച്ചുങ്കം കേന്ദ്രഗവമ്മെൻറ് കുറവു ചെയ്തിരിക്കുന്നു.

# ജൂബിലി ആഘോഷങ്ങൾ

**ഓച്ചന്തുരുത്ത്:** മരിയജൂബിലിസമാപനം സംബന്ധിച്ചു ഓച്ചന്തുരുത്തു ഇടവകയിൽ വിപുലമായ തോതിൽ ഒരു മരിയൻ കൺവെൻഷൻ നടത്തപ്പെട്ടിരിക്കുന്നു. നവ: 12, 13, 14 എന്നീ തീയതികളിലായിരുന്നു കൺവെൻഷൻ. 12-ാംനു വൈകീട്ട് 5 മണിക്ക് മൊററ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകൾ പതാക ഉയർത്തൽകർമ്മം നിർവ്വഹിച്ചു. തുടർന്ന് എറണാകുളം അതിരൂപതാ സഹായമെത്രാൻ മൊററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് ഉൽഘാടനപ്രസംഗം നടത്തി. മനോഹരമായി അലങ്കരിച്ച് സജ്ജീകരിച്ചിരുന്ന വിശാലമായ പന്തലിൽ വമ്പിച്ച ഒരു ജനാവലി തിങ്ങിക്കൂടിയിരുന്നു. ഉൽഘാടനാനന്തരം ചേതോഹരമായ ദീപപ്രദക്ഷിണം നടന്നു.

13-ാംനു മോൺ. ലന്തപ്പറമ്പിൽ പൊന്തിഫിക്കൽ കർബാന പാടി. 10 മണിക്ക് ശൈശവ സഖ്യസമ്മേളനം ശ്രീ കെ. ജെ. ആൻറണി ബി. എ. യുടെ ആദ്ധ്യക്ഷത്തിൽ നടന്നു. കുമാരി എം. എ. മേരി ബി. എ. എൽ. ടി. പ്രസംഗിച്ചു. 2 മണിക്ക് "അമ്മ" പത്രാധിപർ റവ. ഫാദർ ജോസഫ് മാവുങ്കലിൻെറ അദ്ധ്യക്ഷതയിൽ നടന്ന ഉപസമ്മേളനത്തിൽ ശ്രീമതി മറിയക്കുട്ടി ജോൺ ബി. എ. ബി. എൽ. പ്രസംഗിച്ചു. പൊതുസമ്മേളനം 5 മണിക്ക് സെൻറാൽബർട്ട്സ് പ്രിൻസിപ്പൽ റവ. ഫാദർ സേവ്യർ കണിയാമ്പറമ്പിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ അലക്സാണ്ടർ പറമ്പിത്തറ എം. എ. എൽ. ടി., എം. എൽ. എ. യും ശ്രീ കെ. പി. ഇട്ടീര ബി. എ. ബി. എൽ-ഉം പ്രസംഗിച്ചു. തുടർന്നു കലാപരിപാടികളായിരുന്നു.

14-ാംനു കാലത്തു 8 മണിക്ക് പന്തലിൽവച്ച് വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ട് പൊന്തിഫിക്കൽ കർബാന അർപ്പിച്ചു. വാഴ്വിനുശേഷം ലീജിയൻ ഓഫ് മേരിയുടേയും ഫ്രാൻസിസ്കൻ മൂന്നാം സഭയുടേയും സമ്മേളനം "സത്യദീപം" പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ ഡേവിഡ് റൊഡ്റിഗ്സ് ബി. എ. ബി. എൽ. പ്രസംഗിച്ചു. വൈകീട്ട് 2 മണിക്ക് സോഡാലിററിവാർഷികം വെരി റവ. ഫാദർ ഫെലിക്സ് ഒ. സി. ഡി. എം. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ മാത്യു ഉലകംതറ ബി. എ. പ്രസംഗിച്ചു. അതേസമയം "സത്യനാദം" പത്രാധിപർ റവ. ഡോക്ടർ ജോൺ നെടുന്നിലത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ വിൻസെൻറ് ഡി പോൾ സംഘത്തിൻെറവക സമ്മേളനവും നടന്നു. ശ്രീ ടി. ആർ. അബ്രാഹം ബി. എ. എൽ. ടി. പ്രസംഗിച്ചു.

5 മണിക്ക് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സമാപനസമ്മേളനമാരംഭിച്ചു. പ്രൊഫസർ പി. ടി. തോമസ് എം. എ. എൽ. ടി. യും ശ്രീ ആൻറണി ജോസഫ് എം. എ. യും പ്രസംഗിച്ചു. ഇടവകക്കാർക്ക് പുറമെ പല സ്ഥലങ്ങളിൽനിന്നും ഭക്തജനങ്ങൾ പരിപാടികളിൽ സംബന്ധിച്ചിരുന്നു. ക്രിസ്തീയജീവിതത്തിനു ഉത്തേജകമായ പ്രമേയങ്ങൾ ഉപസമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ടവയെല്ലാം സമ്മേളനത്തിൽ പ്രഖ്യാപിച്ചു. കലാപരിപാടികളോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു.

**വടാൽ:** മരിയൻജൂബിലി നവ: 5, 6, 7 തീയതികളിൽ ആഘോഷിക്കപ്പെട്ടു. പാട്ടുകുർബാനാനന്തരം ജപമാലാപ്രദക്ഷിണം നടന്നു. മൂന്നു ദിവസങ്ങളിലും നടത്തിയ മരിയൻ അക്കാഡമികളിൽ റവ. ഫാദർ കാസ്റ്റർ കൊൺസീസോ, റവ. ഫാദർ ജോസഫ് കോയിൽപ്പറമ്പിൽ, റവ. ഫാദർ റയിമണ്ട്സ് കരുമാഞ്ചേരി ബി. എ. (കാനോഷ്യസ്) എന്നിവർ അദ്ധ്യക്ഷത വഹിച്ചു.

6-ാംനു ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ റവ. ഫാദർ എം. സി. ജോസഫ് എസ്. ജെ. അവർകളുടെ അദ്ധ്യക്ഷതയി

പ്രഥമ ചരമവാർഷികം



മിസ്സസ് റോസക്കുട്ടി ജോസഫ് കൂത്തേടത്തു്, ആലുവാ.

ജനനം 9—6—1922

മരണം 20—11—1953

R. I. P.

ൽ കൂടിയ മരിയമഹായോഗത്തിൽ റവ. ഫാദർ കളരിക്കൽ, ശ്രീമതി റോസ് ജാൻസി ഡേവിഡ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൻെറ ഇസ്കൂൾ വിദ്യാർത്ഥിനികളുടെ കലാപ്രകടനങ്ങളും യോഗശേഷം ലൂസിയമ്മ സിസ്റ്റേഴ്സിൻെറ പാട്ടുകച്ചേരിയും സ്ഥലത്തെ സെൻറ് ഫിലോമിനാ നടനകലാസമിതിയുടെ ഏകാങ്കനാടകങ്ങളും ഉണ്ടായിരുന്നു.

7-ാം തീയതിയിലെ സമാപനമഹായോഗത്തിൽ വെരി റവ. ഫാദർ ഗ്രിഗരി കല്ലുപ്പറമ്പിൽ അവർകൾ അദ്ധ്യക്ഷത വഹിച്ചു. ശ്രീ പീററർ ജോൺ കല്ലട, ശ്രീ എ. എൽ. ജോൺ, ശ്രീമതി ജയിനിയമ്മ പീററർ (കണ്ടോ) എന്നിവർ പ്രസംഗിച്ചു. പ്രസംഗങ്ങളുടെ ഇടയ്ക്കു് നടത്തപ്പെട്ട വിദ്യാർത്ഥിനികളുടെ കലാപ്രകടനങ്ങളും, യോഗാവസാനത്തിൽ സെൻറ് പീറേറഴ്സ നടനകലാസമിതിക്കാരാൽ നടത്തപ്പെട്ട "അമൂല്യനിധി" എന്ന സംഗീതനാടകവും സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയെ അർഹിച്ചു.

മരിയൻജൂബിലിക്ക ഒരുക്കമായി കപ്പൂച്ചിൻ സന്യാസിമാരുടെ മിഷൻധ്യാനം ഉണ്ടായിരുന്നു.

**കൊററമത്തി:** മരിയൻജൂബിലി സംബന്ധിച്ച് സ്ഥലം പള്ളിയിൽ നടക്കുന്ന സംയുക്തത്രിദിനപരിപാടികൾ നവമ്പർ 19-ാംനു വെള്ളിയാഴ്ച രാവിലെ 7 മണിക്ക് തിരുവല്ലാ രൂപതയുടെ സഹായമെത്രാൻ മൊററ് റവ. മാർ അത്തനാസിയോസ് ഡി. ഡി. തിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്യുന്നതും 21-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് ജൂബിലിപന്തലിലേക്കുള്ള പ്രദക്ഷിണത്തിനുശേഷം, എറണാകുളം അതിരൂപതാ സഹായമെത്രാൻ മൊററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടക്കുന്ന പൊതുയോഗത്തോടുകൂടി സമാപിക്കുന്നതുമാകുന്നു.

## ഇടവകവാർത്തകൾ

**ചവക്കര:** മരിയൻ ജൂബിലി നടത്തിപ്പിലേക്കുള്ള ധനശേഖരത്തിലേക്കായി സ്ഥലത്തെ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ശ്രീ ജോസഫ് കൈമാപറമ്പൻ "സ്ഥാപകദയാഹനാൻെറ ശിരച്ഛേദ"ത്തെ അധികരിച്ച് ഹൃദ്യമായ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**മംഗലപ്പുഴ:** അപ്പസ്തോലിക്ക് സെമ്മിനാരിയിലെ മരിയൻ ജൂബിലിയാഘോഷം പ്രമാണിച്ചുള്ള പരിപാടികളിൽ ശ്രീ ജോസഫ് കൈമാപറമ്പൻ അവർകളുടെ മഗ്ദലനമറിയത്തിൻെറ പശ്ചാത്താപസപര്യയെ അധികരിച്ചുള്ള ഒരു കഥാപ്രസംഗം ഉൾപ്പെട്ടിരുന്നു.

**ഇരിഞ്ഞാലക്കുട:** ശ്രീ കെ. എൽ. ഔസേപ്പ് സ്ഥലം സെൻറ് മേരീസ് പള്ളിയിലേക്കു സംഭാവനയായി നൽകിയിരുന്ന മനോഹരമായ അൾത്താരയുടെ വെഞ്ചരിപ്പുകർമ്മം തൃശൂർ രൂപതാമെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സുകൊണ്ട് ഒക്ടോ: 24-ാംനു നിർവ്വഹിച്ചിരിക്കുന്നു. തിരുമേനിതന്നെ പ്രസ്തുത അൾത്താരയിൽ പ്രഥമ ദിവ്യപൂജ അർപ്പിക്കുകയും ചെയ്തു. പുതിയ അൾത്താര വി. വിൻസെൻറ് ഡി പോളിനാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്.

**കമ്പളം:** സ്ഥലത്തെ സംഘടനകളുടെ ആഭിമുഖ്യത്തിൽ ജാതിമതഭേദമെന്യേ രണ്ടു ദിവസമായി അമേരിക്കയിൽനിന്നും ലഭിച്ച പാൽപ്പൊടി വിതരണം ചെയ്തിരിക്കുന്നു.

**കിഴക്കൻ ചേരാനല്ലൂർ:** പത്തുദിവസത്തെ കൊന്തനമസ്കാരം അത്ഭുതപൂർവ്വമായ ഭക്തപരിപാടികളോടുകൂടി നടത്തിയിരിക്കുന്നു. പ്രസിദ്ധ പ്രാസംഗികന്മാർ ഉച്ചഭാഷിണിയിൽക്കൂടി മരിയഭക്തിയെക്കുറിച്ചു പ്രസംഗങ്ങൾ എല്ലാ ദിവസവും നടത്തി. അവസാനദിവസം ഫാത്തിമാദർശനം ആവക്തികദീപങ്ങളുടെ മദ്ധ്യേ പള്ളിമുററത്തു പ്രദർശിപ്പിച്ചു. വിശുദ്ധ റപ്പായേൽ മാലാഖായുടെ തിരുനാളും 24-ാംനു ആഡംബരപൂർവ്വം നടത്തി.

**കൊഴുവനാൽ:** സ്ഥലം വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന അഗതിമന്ദിരത്തിൻെറ ഔദ്യോഗികമായ വെഞ്ചരിപ്പുകർമ്മം പാലാമെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഒക്ടോ: 10-ാംനു നിർവ്വഹിച്ചിരിക്കുന്നു.

പ്രസ്തുത സ്ഥാപനത്തിൻെറ ഒരു ഗുണകാംക്ഷി, അദ്ദേഹത്തിൻെറ കാരണവന്മാരുടെ ശ്രാദ്ധാടിയന്തിരത്തിനു വേണ്ടി ചിലവഴിക്കാനുദ്ദേശിച്ചിരുന്ന തുകയുടെ ഒരു ഗണ്യമായ ഭാഗം അഗതികൾ, ഉച്ചപ്പട്ടിണിക്കാരായ സ്കൂൾ കുട്ടികളും ഉൾപ്പെടെ 500-ൽപരം ആളുകൾക്ക് ഭക്ഷണം കൊടുക്കുന്നതിലേക്കു വേണ്ടി സൊസൈററി പ്രവർത്തകരെ ഏല്പിച്ചിരിക്കുന്നു.

**തിരുനാട്:** സ്ഥലം ചെറുപുഷ്പ മിഷൻ ലീഗ് അംഗമായ ഒരു പെൺകുട്ടി സെക്കന്തരാബാദ് മിഷനിലേക്ക് പോയിരിക്കുന്നു. സൺഡെസ്കൂൾവകയായി ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു ലീഗിൻെറയും സത്യാരാധനയുടേയും ആഭിമുഖ്യത്തിൽ ക്രിസ്തുവിൻെറ രാജത്വതിരുനാൾ ദിനം ഇരുനൂറിൽപരം സാധുക്കൾക്ക് സമൃദ്ധമായി അന്നദാനം നൽകി.

**അരുവിത്തുറ:** സ്ഥലം സെൻറ് തോമസ് മിഷൻലീഗിൻെറ ആഭിമുഖ്യത്തിലും റവ. ഫാദർ തോമസ് അരയത്തിനാൽ എം. ഒ. എൽ. അവർകളുടെ നേതൃത്വത്തിലും വിൻസെൻറ് ഡി പോൾ സംഘത്തിൻെറ സ്ഥാപകനായ ഫ്രെഡറിക്ക് ഓസ്സനാമിൻെറ ചരമശതാബ്ദജൂബിലി സ്മാരകമായി "ഓസ്സനാം മിച്ചനിക്ഷേപഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സ്ഥലത്തെ തൊഴിലാളികളുടേയും സാധാരണജനങ്ങളുടേയും സാമ്പത്തികോന്നമനത്തെ ലാക്കാക്കിയാണ് ഈ പ്രവർത്തനം. ഫണ്ടിൽ ധാരാളംപേർ അംഗങ്ങളായി ചേർന്നുകൊണ്ടിരിക്കുന്നു.

**നെയ്യശ്ശേരി:** സ്ഥലം പള്ളിയിൽ ഒക്ടോബർ 10-ാംനു മുതൽ 17-ാംനുവരെ ബ. കപ്പൂച്ചിൻ വൈദികർ ഒരു മിഷ്യൻധ്യാനം നടത്തി. ധ്യാനദിവസങ്ങളിൽ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ആഭിമുഖ്യത്തിൽ സാധുക്കൾക്ക് സൗജന്യമായി അരിയും വസ്ത്രവും നൽകുകയുണ്ടായി. ധ്യാനാവസരത്തിൽ ഇവിടെ പുതുതായി ഒരു സത്യാരാധനാസംഘം സ്ഥാപിക്കുകയും ധാരാളം യുവാക്കന്മാർ അതിൽ അംഗങ്ങളായി ചേരുകയും ചെയ്തു.

**രാമപുരം:** മിഷൻ ഞായർ പ്രമാണിച്ച് നടന്ന പബ്ളിക്ക് മീററിംഗിൽ റവ. ഫാദർ എബ്രഹാം കയ്പൻപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. മി. യു. എം. മാത്യു ഉഴുന്നാലിൽ ബി. എസ്സ്. സി. പ്രസംഗിച്ചു. വിവിധശാഖകളിലെ മിഷൻലീഗംഗങ്ങൾ ഏകോപിച്ച് ടൗണിൽക്കൂടി ഒരു റാലി നടത്തുകയുണ്ടായി. എല്ലാ ശാഖകളിൽനിന്നും പ്രദർശനത്തിനു് കൊണ്ടുവന്ന സാധനങ്ങൾ ലേലം ചെയ്തതിൽ ഗണ്യമായ ഒരു തുക മിഷനു് ലഭിച്ചു.

രാമപുരം ഇടവകയിൽ മിഷൻ സൺഡെ പ്രമാണിച്ച് നടത്തിവരാറുള്ള പ്രദർശനമത്സരത്തിൽ ഇക്കൊല്ലവും രാമപുരം വടക്കുംഭാഗംശാഖ റോളിംഗ്കപ്പു കരസ്ഥമാക്കിയിരിക്കുന്നു.

**മാള:** മാളയിലെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ "കട്ടീനാൾ ടിസ്സറാങ്ങ് വിവാഹസഹായനിധി" എന്ന പേരിൽ സാധു യുവതികളുടെ വിവാഹസഹായാർത്ഥം ഒരു നിധി ആരംഭിച്ചിരിക്കുന്നു. നിധിസംബന്ധിച്ച വ്യവസ്ഥകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സഖ്യം പ്രസിഡൻറിനോടാവശ്യപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്.

## വിവാഹങ്ങൾ

**പാറന്തുർ:** പുത്തഞ്ചിറപള്ളി ഇടവക മാളിയേക്കൽ കൂനൻ കുഞ്ഞുവറിയതു് ഇട്ട്യേപ്പ് ബി. എസ്സ്. സി. യും, ഈ ഇടവക അരീക്കാട്ട് പൊറിഞ്ചുമകൾ കുമാരി സെലീന (ബി. എ. വിദ്യാർത്ഥിനി) യും തമ്മിലുള്ള വിവാഹം നവമ്പർ 8-ാംനു ഇവിടെ വച്ച് തൃശ്ശൂർ മെത്രാൻ ഡോക്ടർ ആലപ്പാട്ട തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടന്നിരിക്കുന്നു.

ഏങ്ങണ്ടിയൂർ പള്ളിയിടവക അരിമ്പൂര് ചിറമേൽ വറിയതു് ലോനപ്പനും ഈ ഇടവക ചിറനെല്ലൂർ വാഴപ്പിള്ളി പൊറിഞ്ചുപോൾ അവർകളുടെ സഹോദരി മേരിയും തമ്മിലുള്ള വിവാഹം നവമ്പർ 8-ാംനു ഇവിടെവച്ച് നടത്തപ്പെട്ടു.


# ജീവിതത്തിൻെറ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണ്. ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവ്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണ്. സമ്പാദിക്കുന്നുമുണ്ട് അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷെ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണ്, ശക്തിക്ഷയിച്ച് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്ക് ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്ക് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുന്നതിനു നിങ്ങളെ സഹായിക്കുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ച് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്ക് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടർന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ട്.

വിശദവിവരങ്ങൾക്ക്:

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

**H. O. ആലുവാ**

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

# പത്രോസിന്റെ വലയിൽ

(ഇ. പി. വർഗ്ഗീസ് എം. ഏ. ബി. എൽ.)

ഗലീലിയൻ തടാകത്തിൽ മത്സ്യം പിടിച്ചുകൊണ്ടിരുന്ന ശീമോൻ "എന്റെ പിന്നാലെ വരിക. ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവനാക്കാ"മെന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തതിനെ ഉത്തരക്ഷണത്തിൽ സ്വീകരിച്ചുകൊണ്ടു വലയുമിട്ട് ആ ദിവ്യനാഥനെ അനുഗമിച്ച ശേഷം ശീമോൻ പത്രോസിന്റെ വലയിൽ ഇന്നുവരെ നിരവധി മത്സ്യങ്ങൾ പെട്ടിട്ടുണ്ട്. അവരിൽ ഒന്നുകൊണ്ടും അപ്രധാനമല്ലാത്തതും ഇന്നത്തെ ലോകത്തിൽ പലതുകൊണ്ടും പ്രാമാണ്യം അർഹിക്കുന്നതുമായ ഒരു മനുഷ്യമത്സ്യമാണു അവരി റോബർട്ട് ഡള്ളസ്. ഡള്ളസ് എന്ന നാമം പലർക്കും സുപരിചിതമാണ്. ഇന്നത്തെ ലോകത്തിൽ പ്രഥമസ്ഥാനത്തു സ്ഥിതിചെയ്യുന്ന അമേരിക്കൻ ഐക്യനാട്ടു ഗവമ്മേന്റിലെ ഏറ്റവും പ്രധാനമായ സ്റ്റേറ്റുസിക്രട്ടറിസ്ഥാനം വഹിക്കുന്ന ജോൺ ഫോസ്റ്റർ ഡള്ളസിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ ദുർല്ലഭമാണ്.

അമേരിക്കയിലെ സുപ്രസിദ്ധനായ ഒരു അന്താരാഷ്ട്രീയ (International) അഭിഭാഷകൻ, അഞ്ചു സ്റ്റേറ്റുസിക്രട്ടറിമാരുടെ ഉപദേഷ്ടാവു്, രണ്ടാംലോകമഹായുദ്ധവിരാമത്തിൽ പഞ്ചശക്തികളുടെ സമ്മേളനത്തിലെ അമേരിക്കൻ പ്രതിനിധി, ഐക്യരാഷ്ട്രസംഘടനയുടെ നിർമ്മാതാക്കളിൽ ഒരുവൻ, ജപ്പാനുമായുള്ള യുദ്ധാനന്തരസന്ധിയുടെ രചയിതാവ് എന്നിങ്ങനെ സുപ്രസിദ്ധി ആർജ്ജിച്ചുകഴിഞ്ഞിരുന്ന ഡള്ളസ് അവയെല്ലാം മകുടം ചാർത്തുന്ന അമേരിക്കൻ ഐക്യനാട്ടിലെ സ്റ്റേറ്റുസിക്രട്ടറി എന്ന പദത്തിൽ ഇന്നത്തെ ലോകത്തെ നയിക്കുന്ന ഒരു മഹാനാണ്. ഇദ്ദേഹത്തിന്റെ പിതാവു ഒരു പ്രോട്ടസ്റ്റന്റു വൈദികനായിരുന്നു. പിതാമഹൻ ജനറൽ ജോൺ ഫോസ്റ്റർ, ഐക്യനാട്ടിലെ സ്റ്റേറ്റുസിക്രട്ടറി ആയിരുന്നിട്ടുണ്ട്. പിതാമഹന്റെ പ്രത്യേകപരിലാളനയിൽ വളന്ന ഡള്ളസ് പിതാമഹന്റെ ഉദ്യോഗത്തിൽതന്നെ ചെന്നെത്തിയിരിക്കയാണ്. പിതാവിന്റെ ദൈവവിശ്വാസവും മതാചാരവും കൂടി ഡള്ളസിനു ലഭ്യമായിട്ടുണ്ട്. എന്നുവരികിലും രാഷ്ട്രീയാന്തരീക്ഷത്തിൽ വിഹരിക്കുന്ന ഒരു വ്യക്തിക്കുള്ള ലോകായതികത്വം ഡള്ളസിനു ധാരാളമായുണ്ട്.

ഇങ്ങിനെ ആധുനികലോകത്തിലെ ഒരു പ്രശസ്തവ്യക്തിയുടെ പുത്രനായ അവരി റോബർട്ട് ഡള്ളസ് ഒരു ഈശോസഭാംഗമായ വൈദികനാണെന്നുള്ളതു ദൈവപരിപാലനയുടെ ഒരു പ്രത്യേകദൃഷ്ടാന്തമാണ്. ഇത്രയ്ക്കു ലൗകികമായ പ്രാധാന്യവും പ്രാമാണ്യവുമുള്ള ഒരു അകത്തോലിക്കകുടുംബത്തിൽ ജനിച്ചുവളന്ന ഒരു യുവാവു് ഒരു വൈദികനും ഈശോസഭാംഗവുമായി എന്നതു പത്രോസിന്റെ വലയിൽ ദൈവം പലപ്പോഴും പല മനുഷ്യരേയും തട്ടത്തുകയററാറുള്ളതിന്റെ ഒരു ആധുനികദൃഷ്ടാന്തമാണ്. പതിനെട്ടാമത്തെ വയസ്സിൽ ഒരു സ്വതന്ത്രചിന്തകനായി ലോകയശസ്സിനുള്ള പെരുവഴിയിലേക്കു സകല സൗകര്യങ്ങളോടുംകൂടി യാത്രയ്ക്കു തിരിച്ച അവരി ഡള്ളസ് കത്തോലിക്കാസഭാംഗമാകയെന്നതു തീർച്ചയായും ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം തന്നെയാണ്.

ക്രൈസ്തവരെ കല്ലെറിയുന്നതിൽ തല്പരനായിരുന്ന ടാർസസിലെ കൂടാരപ്പണിക്കാരനായ സാവൂൾ ഡമാസ്കസിലേക്കു യാത്ര തിരിച്ചതു ക്രൈസ്തവസഭയിലെ പൗലോസ്ശ്ലീഹാ ആകുവാനായിരുന്നില്ലല്ലോ. അതിനു ശേഷവും പലർ ഡമാസ്കസിലേക്കു ആ വഴിയേ യാത്രചെയ്തിട്ടുണ്ട്. അവരാരുംതന്നെ ക്രൈസ്തവസഭയിലെ അപ്പോസ്തലന്മാരായിട്ടുമില്ല. അതുപോലെതന്നെ അമേരിക്കൻ ഐക്യനാട്ടിലെ പ്രശസ്ത സർവ്വകലാശാലയായ ഹാർവാർഡിൽ അവരി ചേർന്നതു കത്തോലിക്കാസഭയുടെ പഠനങ്ങളെ മനസ്സിലാക്കുവാനായിരുന്നില്ല. പണ്ഡിതരായ ആ സർവ്വകലാശാല പ്രൊഫസറന്മാരുടെ കീഴിൽ അഭ്യസനം നടത്തുന്നവർക്കു കത്തോലിക്കാസഭയുടെ ആദർശങ്ങളോടും ആശയങ്ങളോടും യോജിക്കാത്ത പലതുമായിരിക്കും അധികമായി പഠിക്കുവാനിടയാകുന്നതു. ഈ പ്രതികൂലസാഹചര്യങ്ങളിൽ, യുവത്വത്തിന്റെ അപക്വകടം നിറഞ്ഞ വയസ്സിൽ, ഒരു സത്യാന്വേഷണം നടത്തുവാനുള്ള പ്രചോദനം എങ്ങിനെ ലഭിച്ചുവെന്നുള്ളതു ഒരു ആത്മകഥാകഥനംകൊണ്ടല്ലാതെ അപരന്മാർക്കു പൂർണ്ണമായി ഗ്രഹിക്കുവാൻ സാധിക്കയില്ല.

മദ്ധ്യശതകങ്ങളിലെ (Middle Ages)യു റോപ്യൻചരിത്രം ഡള്ളസിന്റെ ചിന്തയ്ക്കു വിഷയം നൽകി ദൈവവിശ്വാസത്തിൽ വളന്ന മനുഷ്യരുടെ സംസ്കാരത്തിന്റെ ഔർഡ്ധ്യവും മനോഹരതയും 16-ാം നൂററാണ്ടിനുശേഷം വളന്ന സംസ്കാരത്തിന്റെ ആദ്ധ്യാത്മികബോധരാഹിത്യവും ഡള്ളസിന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു അരിസ്റ്റോട്ടലും പ്ലേറേറായും ഡള്ളസിന്റെ ജിജ്ഞാസകൾക്കു തൃപ്തികരമായ മറുപടി നൽകിയില്ല. ക്രൈസ്തവദേവാലയങ്ങളെ അദ്ദേഹം ധാരാളമായി സന്ദർശിച്ചുതുടങ്ങി. ചില ഞായറാഴ്ചകളിൽ ഒന്നിലധികം പ്രാവശ്യം അദ്ദേഹം പ്രൊട്ടസ്റ്റന്റു ദേവാലയങ്ങളിൽ പോയി. ഇവകൊണ്ടൊന്നും ഒരു സംതൃപ്തിയുണ്ടായില്ല.

സെന്റു അഗസ്റ്റിനും സെന്റു തോമസ് അക്വിനാസും വായിച്ചു. വേദപുസ്തകത്തിലെ സുവിശേഷങ്ങൾ സശ്രദ്ധം വായിക്കുവാൻ തുടങ്ങിയ ഡള്ളസ് കസേരയിലും കിടക്കയിലുംനിന്നു് മുട്ടിന്മേൽ അധികസമയം കഴിക്കുവാൻ തുടങ്ങി. ഇവയെല്ലാം ദൈവം ഡള്ളസിനെ ഡമാസ്കസിലേക്കുള്ള വഴിയേ തിരിച്ചുവിടുന്നതിന്റെ ലക്ഷണങ്ങളായിരുന്നു. ആധുനികകാലത്തു് കത്തോലിക്കാസഭയിലേക്കു് വന്നപ്രമുഖവ്യക്തികളായ മാർട്ടിൻഡെയിൽ, നോക്സ്, വാട്ട്കിൻ, ലൺ മുതലായവരുടെ ഗ്രന്ഥങ്ങൾ വായിക്കുവാൻ തുടങ്ങി. ഒരു പ്രഭാതത്തിൽ അദ്ദേഹം ഹാർവാർഡിനു സമീപെയുള്ള സെൻപോളിന്റെ കത്തോലിക്കദേവാലയത്തിന്റെ മുന്നിൽ നില്പയായിരുന്നു. ബാലരും വൃദ്ധരും, യുവതീയുവാക്കന്മാരും കുബേരനും കുചേലനും, പണ്ഡിതനും പാമരനും രാവിലെ കുർബാനയിൽ സംബന്ധിച്ചിട്ടു മടങ്ങുന്നതുകണ്ടു. സ്വർഗ്ഗസ്ഥനായ ആ ദേവാലയനാമകാരകൻ താൻ പോയ വഴിയേ ഡള്ളസിനെയും തിരിച്ചുവിടുകയായിരുന്നു കുറെക്കൂടി വായിക്കയും ചിന്തിക്കയും ചെയ്തശേഷം ഒരു കത്തോലിക്ക വൈദികനുമായി മതപരമായ ഒരു ചർച്ചയ്ക്കായി അവരി പുറപ്പെട്ടു. വൈദികൻ ഡള്ളസിനെ സ്വീകരിച്ചു ഉപചരിച്ചശേഷം വാദപ്രതിവാദത്തിനു അവസരം കൊടുക്കാതെ "നിങ്ങൾക്കു ഒരു കത്തോലിക്കനാകേണമോ" എന്നു് ആദ്യമേതന്നെ ചോദിക്കയാണുണ്ടായതു്. സത്യസന്ധനായ അവരിക്കു മറെറാന്നും പറയുവാൻ സാദ്ധ്യമായിരുന്നില്ല. ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കാസഭയിലേക്കു് പ്രവേശിക്കണമെന്നു് മറുപടി നൽകി. ഡമാസ്കസിലേക്കുള്ള വഴിയിലും അതിനുശേഷം പല സ്ഥലങ്ങളിലും സംഭവിച്ചതു തന്നെ ഹാർവാർഡിലും സംഭവിച്ചു. ദൈവത്തിന്റെ തിരുമനസ്സിനു് പരിപൂർണ്ണമായി വിധേയരാകുന്നവർ ദൈവത്തിൽനിന്നും പ്രത്യേക ക്ഷണനത്തിനായി കാത്തിരിക്കാറില്ല. സാഹചര്യങ്ങളുടെ അപ്രതിഹതമായ സമ്മർദ്ദത്താൽ അവർ ദൈവഹിതം മനസ്സിലാക്കി. "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംപോലെ ആകട്ടെ" എന്നു പറയുന്നവരെ ദൈവം ഈ വിധം നയിക്കുന്നു. സ്വന്തഇഷ്ടംപോലെ നടക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാപ്പോഴും എല്ലാവർക്കും ഉണ്ടു്. പക്ഷെ അവരും പത്രോസിന്റെ വലയിൽ പലപ്പോഴും പെടാറുണ്ടു്. ഇങ്ങിനെ ലോകത്തിലെ പ്രമുഖവ്യക്തിയായ ജോൺ ഫോസ്റ്റർ ഡള്ളസിന്റെ മൂന്നു സന്താനങ്ങളിൽ ഒന്നായ അവരി റോബർട്ടു ഡള്ളസു് എസ്. ജെ. പത്രോസിന്റെ വലയിൽപ്പെട്ട വലിയ മത്സ്യങ്ങളിലൊന്നായി.


# ആയുർവ്വേദ ചികിത്സയുടെ മൂലതത്വങ്ങൾ

"വായുഃ പിത്തം കഫശ്ചേതി ത്രയോ ദോഷാഃ സമാസതഃ
വികൃതാ വികൃതാ ദേഹം ഘ്നന്തി തേ വത്തയന്തി ച
ദോഷാ ഏവ ഹി സർവ്വേഷാം രോഗാണാ മേകകാരണം
രോഗസ്തു ദോഷവൈഷമ്യം ദോഷ സാമ്യ മരോഗതാ
വൃദ്ധിസ്സമാനൈ സ്സർവ്വേഷാം വിപരീതൈർവ്വിപര്യയഃ"

ഈ തത്വങ്ങളുടെ സാരം:- ത്രിദോഷങ്ങളും സപ്തധാതുക്കളും അപ്പപ്പോൾ സംഭവിക്കുന്ന കാരണങ്ങൾനിമിത്തം വർദ്ധിക്കയും, ക്ഷയിക്കയും, ദുഷിക്കയും ചെയ്യുന്നവയാണെങ്കിലും, ത്രിദോഷങ്ങൾ ദുഷിക്കുന്നതിനനുസരിച്ച് സപ്തധാതുക്കളും സ്വയമെ ദുഷിക്കുമെന്നുള്ളതുകൊണ്ടു പ്രധാനമായി വാതപിത്തകഫങ്ങളുടെ ക്ഷയവർദ്ധനകൾ മാത്രമെ രോഗകാരണങ്ങളായി ഭവിക്കുന്നുള്ളു. മനുഷ്യശരീരത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളെത്തന്നെയാണ് ത്രിദോഷങ്ങൾ എന്നു പറയുന്നതു്. അതായതു് ദേഹത്തിലുള്ള ഭൂമി, ജലം എന്നീ ഭൂതങ്ങളെ "കഫം" എന്നും അഗ്നി എന്ന ഭൂതത്തെ "പിത്തം" എന്നും, വായു, ആകാശം എന്നീ ഭൂതങ്ങളെ "വാതം" (വായു) എന്നുമായിട്ടാണ് നാമകരണം ചെയ്തിരിക്കുന്നതെന്നു താല്പര്യം. ദേഹത്തിലുള്ള ഈ പഞ്ചഭൂതങ്ങളിൽ—ത്രിദോഷങ്ങളിൽ ഏതെങ്കിലും ഒന്നൊ, അതിലധികമൊ പ്രകൃതിനിയമം വിട്ടു് വർദ്ധിക്കയൊ, ക്ഷയിക്കുകയൊ ചെയ്തുതുടങ്ങുന്നതുമുതൽ ദേഹനാശകാരണങ്ങളായ മലബന്ധം, അർശസ്സ്, വായുസ്തംഭനം (വയറുവീക്കൽ), നീർവീഴ്ച മുതലായ രോഗങ്ങളോരോന്നും അനുഭവപ്പെട്ടുതുടങ്ങുകയും, ആരോഗ്യം ക്ഷയിച്ചുതുടങ്ങുകയും ചെയ്യുന്നു. പഞ്ചഭൂതങ്ങൾക്കു് (ത്രിദോഷങ്ങൾക്കു്) സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകളെ—ക്രമക്കേടുകളെ താമസംവിനാ സാമ്യമാക്കിത്തീർക്കാത്തപക്ഷം മലബന്ധം, അർശസ്സ്, വായുസ്തംഭനം, നീർവീഴ്ച മുതലായ രോഗങ്ങളോരോന്നും ക്രമേണ വർദ്ധിച്ചുവർദ്ധിച്ച് ചുമ, പനി, ക്ഷയം, ഏങ്ങൽ മുതലായ രോഗങ്ങളായി പരിണമിച്ചുകൊണ്ടു് ദേഹത്തെ ക്ഷയിപ്പിക്കുകയും, നശിപ്പിക്കുകയും ചെയ്യുന്നു. ത്രിദോഷങ്ങൾ ക്ഷയവർദ്ധനകൾ കൂടാതെ—പ്രകൃതിനിയമമനുസരിച്ച് സ്ഥിതിചെയ്യുന്നേടത്തോളം കാലം ദേഹം ആരോഗ്യത്തോടുകൂടി നിലനില്ക്കുകയും ചെയ്യുന്നു. നിജമായിട്ടുണ്ടാവുന്ന സകല രോഗങ്ങളുടെയും (ചതവു്, മുറിവു് മുതലായവകൊണ്ടുണ്ടാകാത്തതായിട്ടുള്ള സകല രോഗങ്ങളുടെയും) ഉത്ഭവത്തിനുള്ള പ്രധാന കാരണങ്ങൾ വാതപിത്തകഫങ്ങൾക്കു് സംഭവിക്കുന്ന ക്ഷയവർദ്ധനകൾ (ഏററക്കുറച്ചിലുകൾ) തന്നെയാണ്. മലബന്ധം, അർശസ്സ്, വായുസ്തംഭനം, നീർവീഴ്ച മുതലായ രോഗങ്ങളിലേതെങ്കിലും അനുഭവപ്പെടുമ്പോൾ ദേഹത്തിലെ പഞ്ചഭൂതങ്ങളിൽ അഥവാ ത്രിദോഷങ്ങളിൽ വർദ്ധിച്ചിരിക്കുന്നവയും ക്ഷയിച്ചിരിക്കുന്നവയും ഏതെല്ലാമാണെന്നു് സൂക്ഷ്മമായി പരിശോധിച്ച് ഗ്രഹിച്ചതിന്റശേഷം, അതുകളിൽ വർദ്ധിച്ചിട്ടുള്ളവയുടെ ഗുണങ്ങൾക്കു വിപരീതമായിട്ടുള്ള ഗുണങ്ങളോടുകൂടിയ അന്നപാനങ്ങളും ഔഷധങ്ങളും ഉപയോഗിച്ച് വർദ്ധിച്ചിരിക്കുന്നവയെ ക്ഷയിപ്പിക്കയും, ക്ഷയിച്ചിരിക്കുന്നവയുടെ ഗുണങ്ങളോടു് സമാന (തുല്യ)ഗുണങ്ങളോടുകൂടിയ അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും ക്ഷയിച്ചിരിക്കുന്നവയെ വർദ്ധിപ്പിക്കയുമാണ് ത്രിദോഷങ്ങളെ സാമ്യമാക്കിത്തീർക്കുന്നതിനുള്ള (മലബന്ധം, വായുസ്തംഭനം, നീർവീഴ്ച മുതലായ രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള) ഏററവും ശരിയായ പ്രവൃത്തി (ചികിത്സ) എന്നാണ് ആയുർവ്വേദം പഠിപ്പിക്കുന്നതു്.

N. B. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാനും, ദുഷ്പ്രചരണങ്ങളാൽ വഴിതെററാതിരിപ്പാനും വളരെ സൂക്ഷിക്കണം.

കൂടുതൽ വിവരങ്ങൾ അറിയുവാനാഗ്രഹിക്കുന്നവർക്കു് വിശദവിവരങ്ങളടങ്ങിയ പുസ്തകം സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

**കാളൻ, നെല്ലായി.**






സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ 8—12—0

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം പതിനാറ്

(തടവുമുറി. കൂട്ടിലടച്ച സിംഹത്തെപ്പോലെ മാക്ലിമിയൻ മുറിയിൽ ഉഴറുന്നു)

മാക്:- മാക്ലിമിയനു ഭ്രാന്താണുപോലും! റോമൻ സാമ്രാജ്യാധിനാഥനായ മാക്ലിമിയനു ഭ്രാന്ത്! ഹ ഹ ഹ ഭ്രാന്ത്! ഇല്ല. നമുക്കു ഭ്രാന്തില്ല. ആ റൈററസ്, അവനാണു ഭ്രാന്ത്. ദ്രോഹി. ചണ്ഡാലൻ. അവൻ നമ്മെ വഞ്ചിക്കുകയായിരുന്നു. അവൻെറ ദുർബോധനങ്ങൾക്കു വശംവദനായി അനുഷ്ഠിച്ചുപോയ ഭയങ്കരങ്ങളായ പാപകർമ്മങ്ങളാൽ സകലരാലും വെറുക്കപ്പെട്ട നമ്മെ ഭ്രാന്തനെന്നു മുദ്രകുത്തി തടവുകാരനാക്കിയ നയവഞ്ചകൻ. അവനെ നാം കണ്ടിരുന്നെങ്കിൽ!

ഹാ! എല്ലാം വ്യർത്ഥം. ഈ മാക്ലിമിയനു ഇനി യാതൊരു രക്ഷയുമില്ല. ആയിരമായിരം ഭയങ്കരകൃത്യങ്ങൾക്കു സാക്ഷിനിന്നിട്ടുള്ള ഈ കാരാഗൃഹഭിത്തികൾക്കുള്ളിൽ കിടന്നു ഞാൻ നീറിനീറി മരിക്കണം. വിധി! അലംഘനീയമായ വിധി!

(അഴിയിട്ട ഇരുമ്പുവാതലിനു പുറത്തായി വലേരിയസ് പ്രവേശിക്കുന്നു)

വലേ:- തിരുമേനി, വണക്കം.

മാക്:- ആരത്?

വലേ:- അവിടുത്തെ വിദൂഷകൻ വലേരിയസ്.

മാക്:- വലേരിയസ്! ഹാ! നിങ്ങളെങ്കിലും വന്നല്ലോ. നിങ്ങൾ നന്ദിയുള്ളവനാണ്.

വലേ:- എങ്കിലും ആ നന്ദി പ്രകടിപ്പിക്കുവാൻ ഞാനശക്തനാണ് തിരുമേനി.

മാക്:- ആ ദ്രോഹി, റൈററസ്! അവൻ എന്തുചെയ്യുന്നു?

വലേ:- അദ്ദേഹം പടക്കളത്തിലാണ്. ലിസ്സീനിയസ്സിൻെറ സൈന്യങ്ങൾ തലസ്ഥാനനഗരത്തിൽ പ്രവേശിച്ചുകഴിഞ്ഞു.

മാക്:- ഹാ, ശത്രുക്കൾ റോമിൽ പ്രവേശിച്ചെന്നോ! ഭയങ്കരം!......നശിക്കട്ടെ. എല്ലാം നശിക്കട്ടെ. കല്ലിന്മേൽ കല്ലശേഷിക്കാതെ എല്ലാം തകർന്നു തരിപ്പണമാവട്ടെ.

വലേ:- തിരുമേനീ, ഞാൻ പോവുകയാണ്.

മാക്:- നിങ്ങളെവിടെപ്പോകുന്നു?

വലേ:- അതാണെനിക്കറിഞ്ഞുകൂടാത്തത്. നാശത്തിൻെറ നടുവിലൂടെ ഞാൻ പോകുന്നു. ഭാവി അനിശ്ചിതമാണ്. ഒരുപക്ഷെ ഈ എളിയ ആശ്രിതനെ അങ്ങിനി കാണില്ലെന്നു വരാം. എനിക്കു വീടുതന്നാലും. (ഒരു കഠാരി നീട്ടിക്കൊണ്ട്) ഇതാ എൻെറ അന്ത്യോപഹാരം. അന്ന് അങ്ങെനിക്കു സമ്മാനിച്ച ആ കഠാരി.

മാക്:- കഠാരി! ഇതെന്തിന്?

വലേ:- ഒരുപക്ഷെ ഇതവിടുത്തേക്കുപകരിച്ചെന്നുവരാം. സദയം സ്വീകരിച്ചാലും (മാക്ലിമിയൻ കഠാരി വാങ്ങുന്നു)

മാക്:- അതെ, ഇതെനിക്കുപകരിക്കുകതന്നെ ചെയ്യും. (വലേരിയസ് പോകുന്നു) ഈ മാക്ലിമിയനു ഇതാവശ്യമാണ് (തിരിഞ്ഞുനോക്കുന്നു. വലേരിയസിനെ കാണുന്നില്ല) ഹാ, അയാളും പൊയ്ക്കളഞ്ഞു? പോകട്ടെ. എവിടെയെങ്കിലും പോയി രക്ഷപെട്ടുകൊള്ളട്ടെ. (കഠാരി ഉയർത്തിനോക്കിക്കൊണ്ട്) ഈ മാക്ലിമിയനെപ്പോലെതന്നെ നീയും വജ്രഹൃദയനാണ്. നിഷ്ഠൂരനാണ്. നീ മാത്രമാണ് ഇനി എനിക്കവശേഷിക്കുന്ന ഏക മിത്രം. നിന്നെ ഞാൻ സാഷ്ടാംഗം നമസ്കരിക്കുന്നു. ജാഗ്രതയായിരിക്കു. (അരക്കെട്ടിൽ തിരുകുന്നു. ചിന്താധീനനായി നില്ക്കുന്നു. റൈററസ് പ്രവേശിക്കുന്നു. ഇരുവരും തെല്ലിട പരസ്പരം നോക്കിനില്ക്കുന്നു)

റൈറ:- ഞാൻതന്നെ. അവിടുത്തെ ആശ്രിതൻ റൈററസ്.

മാക്:- റൈററസ്! ഹാ! നീയോ! നിനക്കിവിടെ എന്തുകാര്യം? നീയിവിടെ എന്തിനു വന്നു?

റൈറ:- അവിടുത്തെ സുഖസൗകര്യങ്ങൾ അന്വേഷിക്കുവാനും അവിടുത്തേക്കുവേണ്ടി കഷ്ടപ്പെടുവാനും ഞാനല്ലാതെ മററാരാണുള്ളത്.

മാക്:- ഛീ, നീചാ, എടാ, എന്നെ ഈ വിധത്തിലാക്കിയ നീയാണോ ഇതു പറയുന്നത്? ദ്രോഹി! ഭയങ്കരനായ നിന്നെ വിശ്വസിച്ച ഞാൻ മഠയനാണ്.

റൈറ:- തിരുമേനി, ഇതു വാഗ്വാദത്തിനുള്ള അവസരമല്ല. ശത്രുക്കൾ നമ്മെ സമീപിച്ചുകഴിഞ്ഞു. അവരെ തടഞ്ഞുനിറുത്തുക ഇനി സാദ്ധ്യമല്ല. അവരുമായി സന്ധിചെയ്യുകയല്ലാതെ ഒരു മാർഗ്ഗവും ഇനി അവശേഷിക്കുന്നില്ല. (സന്ധിപത്രം നീട്ടിക്കൊണ്ട്) ഇതാ ഇതിൽ ഒപ്പിടണം. എത്രയുംവേഗം ശത്രുവിൻെറ പാളയത്തിലേക്ക് അയക്കുവാനുള്ളതാണ്.

മാക്:- ഇല്ല. ഒപ്പിടുവാൻ ഞാൻ തയാറില്ല. നശിക്കട്ടെ. എല്ലാം നശിക്കട്ടെ.

റൈറ:- ഇതിൽ ഒപ്പിടാനാണ് പറഞ്ഞത്.

മാക്:- ഇല്ലെങ്കിൽ?

റൈറ:- ഇല്ലെങ്കിൽ...

മാക്:- ഹ ഹ ഹ! നീ അതുമേൽ വല്ലതുമായേന്നോ! എടാ സ്വാമിദ്രോഹി, നിൻെറ വഞ്ചന ഇതു കൊണ്ടവസാനിക്കണം. (കഠാരി ഊരി ഉയർത്തിക്കൊണ്ട്) നാം ഒപ്പിടുവാൻ പോവുകയാണ്. നിൻെറ രക്തത്തിൽ മുക്കിയ ഈ കഠാരികൊണ്ട്.

റൈറ:- ഹാ! കഠാരി! (സംഭ്രമത്തോടെ പിൻമാറുന്നു)

മാക്:- നില്ലവിടെ. നീയിനി ജീവിച്ചുകൂടാ. ദ്രോഹത്തിൻെറയും വഞ്ചനയുടേയും മൂർത്തിമത്ഭാവമായി, ലോകത്തെ ഭീതിപ്പെടുത്തുമാറു നീയിനി ജീവിച്ചുകൂടാ. നീ മരിക്കണം. (കഠാരിയിൽ തൊട്ടുകാട്ടിക്കൊണ്ട്) ഇതാ നോക്കൂ. ഇതു നിൻെറ കൊലദൈവമാണ്. ആരാധിക്കൂ. ഏറെപ്പൂവും ആരാധിക്കൂ.

റൈറ:- തിരുമേനി അങ്ങ്...

മാക്:- ശബ്ദിക്കരുത്. നിനക്കിനി ശബ്ദിക്കുവാൻ അവകാശമില്ല.

റൈറ:- അയ്യോ മാപ്പ്.

മാക്:- മാപ്പ്! ഹ ഹ ഹാ! മാപ്പ്!! അതിനു നിനക്കർഹതയില്ല. നീ ഇനിയും ജീവിക്കുന്നത് മാനവവംശത്തിനുതന്നെ അവമാനകരമാണ്. നിൻെറ ജീവിതം മനുഷ്യത്വത്തോടും സംസ്കാരത്തോടുമുള്ള വെല്ലുവിളിയായിരുന്നു. നീ നശിക്കണം, ഭയങ്കരമായി നശിക്കണം. (റൈററസിൻെറ നേരെ അടുക്കുന്നു. പുറത്ത് ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവും, ദീനരോദനങ്ങളും, വിജയഘോഷങ്ങളും മുഴങ്ങുന്നു)

(കർട്ടൻ)

രംഗം പതിനേഴ്

(സമയം രാത്രി. കാതറൈനിൻെറ കൊലക്കളത്തിൽ ലിസീനിയസ് പണികഴിപ്പിച്ച മനോഹരമായ ശവകുടീരം. ഏറെ ഹാരിയായ പശ്ചാത്തലസംഗീതവും, മങ്ങിമങ്ങി പ്രകാശിക്കുന്ന മെഴുകുതിരികളും ആകെക്കൂടി അഭൗമമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. കത്തിച്ച മെഴുകുതിരിയുമായി, ഭൂഷിതനായും, ഫ്ളേവിയായും, വലേരിയസും പ്രവേശിക്കുന്നു. മെഴുകുതിരികൾ കുടീരത്തിൻ ചാർത്തി എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു (പ്രാർത്ഥനാഗാനം. പൊടുന്നനെ ഒരു പൊട്ടൽ. ഉടനെ വർണ്ണോജ്ജ്വലമായ ഒരു പ്രഭാപടലം ശവകുടീരത്തിനു മുകളിൽ പ്രസരിക്കുന്നു. അതിനു മദ്ധ്യത്തിൽ കനകകിരീടം ചാർത്തി, ധവളവസ്ത്രധാരിണിയായി കാതറൈൻ പ്രത്യക്ഷയാവുന്നു)

ഫ്ളേവി:- അത്ഭുതം!

ഭൂഷി:- ഹാ! രക്തസാക്ഷിണിയായ കാതറൈൻ!

വലേ:- "ത്യാഗവേദി!"

(വീണ്ടും ഒരു പൊട്ടൽകൂടി)

(കർട്ടൻ)

ശുഭം

ഉണ്ണിമിശിഹായുടെ അനുഗ്രഹത്താലും, വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താലും ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

K. A. P.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ജെ. ജി., കാട്ടൂർ


25ക. യ്ക്കു് ഒരു റബർകുഷൻ സെററി

മാസം 25ക. വീതം അടച്ച് 11 മാസംകൊണ്ട് സെററികൾ ലഭിക്കുന്ന ഒരു പദ്ധതി ഉടനെ തുടങ്ങുന്നു.

ആദ്യതവണതന്നെ സെററി ലഭിക്കുന്ന ആൾ പിന്നീട് പണമടയ്ക്കേണ്ട ആവശ്യമില്ല. ഏതാനും പേർക്കുമാത്രമേ ഈ പദ്ധതിയിൽ പ്രവേശനമുണ്ടായിരിക്കുകയുള്ളു. നിരാശപ്പെടാതിരിക്കാൻ ഉടനെ സമീപിക്കുക.

N. K. Kamath & Bros.,
Convent Road, Ernakulam.



പള്ളിമണികൾക്ക്

അപേക്ഷിക്കുക:

അസ്സീസിപ്രസ്സ് (ഡയോസിസൻ)

കോട്ടാർ—നാഗർകോവിൽ


## ദിവംഗതനായി

കർദ്ദിനാൾ ജോസഫ് ബ്രൂണോ



കത്തോലിക്കാ തിരുസഭയുടെ സുപ്രീം ട്രിബ്യൂണലിൻെറയും അപ്പസ്തോലിക തിരുക്കോടതിയുടെയും പ്രീഫെക്ട് (അപ്പസ്തോലിക് സിഗ്നേച്ചർ) ആയ കർദ്ദിനാൾ ജോസഫ് ബ്രൂണോ തിരുമനസ്സുകൊണ്ട് 79-ാമത്തെ വയസ്സിൽ നവംബർ 11-ാംനു റോമിൽവച്ച് ദിവംഗതനായിരിക്കുന്നു.

തിരുമേനിയുടെ നിര്യാണത്തോടുകൂടി 70 അംഗങ്ങളടങ്ങേണ്ടിയിരുന്ന കർദ്ദിനാൾ തിരുസംഘത്തിൽ ഇപ്പോൾ അഞ്ചു സ്ഥാനങ്ങൾ ഒഴിവുവന്നിട്ടുണ്ട്.

ങ്ങൾ വിട്ട് പുതിയ കുറെ വിഷയങ്ങളും പുതിയ ഒരു പ്രതിപാദനസമ്പ്രദായവുമായിട്ടാണു ശ്രീനരീക്കുഴിയുടെ പുറപ്പാട്.

"പൂക്കിടി വക്കീ" എന്നൊരു കഥയിതിലുണ്ട്. കാശിനു കൊള്ളാത്ത ഏഴാംക്ലാസ്സുവിജ്ഞാനിയും കുടുംബവും സെമിനാരിയിൽ ചേരുന്നതെന്നും മനുഷ്യത്വത്തെ മരവിപ്പിക്കുന്ന അടിമജീവിതമാണു സെമിനാരികളിലെന്നും കേട്ടുകൊണ്ടു ഭയാശങ്കകളോടെ വൈദികപഠനത്തിനു ചെന്നുചേർന്ന ഒരു യുവാവിൻെറ അനുഭവങ്ങളാണ് കഥാവസ്തു. പൂക്കിടിവക്കീയിലൂടെ നമ്മുടെ മുന്നിൽ നിരത്തുന്നത്. ബുദ്ധിശക്തിയും ആരോഗ്യവും സഹൃദയത്വവുമുള്ള യൗവ്വനത്തിനുമുകൾ; പ്രസന്നതയും പ്രസരിപ്പുംനിറഞ്ഞ ചലനാത്മകമായ ജീവിതം—ഇവയായിരുന്നു പ്രതീക്ഷാതീതമായവിധം സെമിനാരിക്കുള്ളിലദ്ദേഹം കണ്ടെത്തിയത്. എത്ര മാത്രം സുന്ദരവും ആകർഷകവുമായരീതിയിലാണ് ഒരു അന്തർമുഖവീക്ഷണമുള്ളയാളു. ഈ കഥ ശ്രീ നരീക്കുഴി ആവിഷ്കരിച്ചിരിക്കുന്നതെന്നു വായിച്ചറിയുകയേ തരമുള്ളു. ആ പേരുമാത്രം കഥയുമായി വലിയ ബന്ധമുള്ളതല്ല.

ആവിലായിലെ വി. ത്രേസ്യാ പുണ്യവതിയുടെ (മാഹി) മദ്ധ്യസ്ഥതയാൽ രോഗശാന്തി ലഭിച്ചതിനാൽ എൻെറ ഹൃദയംഗമമായ കൃതജ്ഞത.

കെ. ജെ. ത്രേസ്യാമ്മ

പുസ്തകാഭിപ്രായം

## അളിയൻെറ വീട്ടിൽ


(ചെറുകഥകൾ. ഗ്രന്ഥകാരൻ ശ്രീ നരീക്കുഴി എസ്. എച്ച്. ലിഗ്ഗ്, ആലുവാ. വില 8ണ.)

മലയാളചെറുകഥാസാഹിത്യത്തിൽ ഒരു പുതുമുഖം പ്രത്യക്ഷപ്പെടുകയാണ് ഏഴ് കഥകളുടെ ഒരു സമാഹാരവുമായി. പറഞ്ഞു പറഞ്ഞു പ്രൗഢം നശിച്ച വിഷയ

അനുവാചകൻെറ മനസ്സിൽ മായാത്ത ചില ചിത്രങ്ങൾ ചേർക്കും "വട്ടേപ്പാ വെറുതേ പൂഴ്ത്തി" എന്ന കഥ. അതിലെ മരത്തലയനായ മണവാളൻെറ സൂക്ഷ്മസ്വഭാവവും, ഒരു ഗ്രാമീണയുവതിയുടെ ശാലീനഹൃദയവും അനായാസേന ചിത്രീകരിച്ചു ഇവിടെ ഉളുക്കുന്ന ധാരാളം ഹൃദ്യപ്രതിഷ്ഠകൾ ശരണ്ട്. "ഹൃദയമുള്ള സ്ത്രീ" വായനക്കാരനെ വികാരതരളിതനാക്കും. ജീവകാരുണ്യലേശമില്ലാത്ത ആധുനികസ്ത്രീയെ മനസ്സാക്ഷരപ്പെടുത്തിയില്ലെന്നു കഥാകൃത്തിൻെറ മേൽ ഒരാരോപണമുണ്ടായേക്കാം. എന്നാൽ അവളുടെ പ്രവൃത്തികളെക്കുറിച്ചുവരെപ്പോ അവശതയനുഭവിക്കുന്നവരോടനുകമ്പയുമുണ്ടാകുന്ന വിധത്തിൽ പ്രതിപാദനം നീട്ടിക്കൊണ്ടുപോകുന്നതിൽ കഥാകൃത്തു വിജയിച്ചിട്ടുണ്ട്. വായനക്കാരിൽ സഭ്യേതരങ്ങളുളവാക്കുന്നതിൽ കഥയെങ്ങനെയും ഒരു കലാകാരൻ ചെയ്യേണ്ടതില്ലതാനും.

മഹത്തായ ആദർശങ്ങൾ മുൻനിറുത്തി ഫലിതം കലർന്ന പുതുമയുള്ള ശൈലിയിൽ നരീക്കുഴി കഥപറയുന്നതു കേൾക്കാനൊരു കൗതുകമുണ്ട്. അദ്ദേഹം ആ ജോലി ഇടതടവില്ലാതെ സാഹിത്യത്തിനൊരനുഗ്രഹമായിരിക്കും.

(ഉലകംതറ)


തങ്കം, പവൻ, സ്വർണ്ണം, വെള്ളി

മുതലായവ

ബോമ്പേ നിലവാരം അനുസരിച്ചു മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.

★

ഓർഡർ അനുസരിച്ചു

ആഭരണങ്ങൾ

കൃത്യസമയത്തു് പണിതീർത്തു കൊടുക്കുന്നതാകുന്നു.

വിമർശനവീഥി

# ചൈനയും ഇരുമ്പുമറയ്ക്കുള്ളിൽ— നെഹ്റുവും അതു സമ്മതിക്കുന്നു

**ചൈനയിൽനിന്നും മടങ്ങിവന്നശ്രീ നെഹ്റു പറയുന്നു: ചൈനയിൽ കേന്ദ്രഗവർമ്മെൻറിൻെറ തീരുമാനങ്ങളെല്ലാം ജനതയുടെ തീരുമാനങ്ങളാണു്; അവ രാജ്യമൊട്ടുക്കു സ്വീകരിച്ചേ മതിയാവൂ; ചൈനയിൽ പ്രതിപക്ഷങ്ങളുടെ സ്ഥാനം വളരെ പരിമിതമാണു്; പത്രങ്ങൾ ഗവർമ്മെൻറിനെ വിമർശിക്കപോലും ചെയ്യുന്നില്ല; അവിടത്തെ ജനങ്ങൾക്കു ലോകവർത്തമാനങ്ങൾ അറിയാൻ സ്വാതന്ത്ര്യമില്ല; താൻ ചൈനയിലായിരുന്നപ്പോൾ ഇൻഡ്യൻ എംബസിയിൽ നിന്നാണു് ലോകവർത്തമാനങ്ങൾ അറിഞ്ഞിരുന്നതു്.**

**ഇന്ത്യയിലെ ഒരു പി. എസ്. പി. നേതാവും ചൈനയിലേക്കു പോയ ലേബർ ഡെലഗേഷനിലെ ഒരംഗവുമായ ശ്രീ ബ്രാജ്കിഷോർ ശാസ്ത്രി പ്രഖ്യാപിക്കുന്നു: ഡെലഗേഷൻെറ പര്യടനം ഗവർമ്മെൻറ നിയന്ത്രണത്തിലുള്ള സഞ്ചാരമായിരുന്നു; ഗവർമ്മെൻറ് മുൻകൂട്ടി നിശ്ചയിച്ചിരുന്ന സ്ഥലങ്ങൾമാത്രമേ ഡെലഗേഷനെ കാണിച്ചുള്ളു. എങ്കിലും ചൈനയിൽ സമാധാനപൂർണ്ണമായ ജീവിതം സാദ്ധ്യമല്ലെന്നും ജനങ്ങൾ രാഷ്ട്രത്തിനുവേണ്ടി ബലികഴിക്കപ്പെടുന്നുവെന്നും മററും അദ്ദേഹത്തിനു് കാണാൻ കഴിഞ്ഞു.**

കമ്മ്യൂണിസ്റ്റ്ചൈനയിൽ 13 ദിവസം പര്യടനം നടത്തി ഇൻഡ്യയിൽ മടങ്ങിയെത്തിയ പ്രധാനമന്ത്രി നെഹ്റു നവം. 2-ാംനു കല്ക്കട്ടായിൽ തടിച്ചുകൂടിയ ഒരു മഹായോഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:-

"ഇൻഡ്യയുടെയും ചൈനയുടെയും രാഷ്ട്രീയ ഘടനയിൽ വ്യത്യാസമുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇൻഡ്യയിൽ നമുക്കു് ഒരു കേന്ദ്രപാർലമെൻറും പ്രാദേശിക സ്വയംശാസനാധികാരമുള്ള സ്റ്റേററ് നിയമസഭകളുമുണ്ടു്. എന്നാൽ ചൈനയിലാകട്ടെ കേന്ദ്രഗവമ്മെൻറെടുക്കുന്ന ഏതൊരു തീരുമാനവും ആ രാഷ്ട്രത്തിൻെറ തീരുമാനമായിരിക്കും. രാജ്യവാസികളെല്ലാം അതു ശിരസാ വഹിക്കയും ചെയ്യുന്നു." ചൈനയിലെ പത്രപ്രവർത്തനത്തെ പരാമർശിച്ചുകൊണ്ടു് നെഹ്റു ഇങ്ങനെ തുടർന്നു: "അവിടത്തെപത്രപ്രവർത്തനം ഇവിടത്തേതുപോലെയല്ല. ഇൻഡ്യയിലെ പത്രങ്ങൾ ഈ ഗവർമ്മെൻറിനെ സ്വതന്ത്രമായി വിമർശിക്കുന്നു. കൂടാതെ ഗവർമ്മെൻറിൻെറ ചെയ്തികളെ പാർലമെൻറിലും, സ്റ്റേററ് അസംബ്ലികളിലും രൂക്ഷമായി വിമർശിക്കയും ചെയ്യുന്നു. ചൈനയിലാകട്ടെ പ്രതിപക്ഷം സൃഷ്ടിക്കുന്നതിനുള്ള സന്ദർഭമോ സാഹചര്യമോ പ്രതീക്ഷിക്കേണ്ടതില്ല. അവിടത്തെ പത്രങ്ങൾ ഗവർമ്മെൻറിനെ വിമർശിക്കുകയുമില്ല. ഞാൻ ചൈനയിലായിരുന്നപ്പോൾ ഇൻഡ്യൻ എംബസി മുഖേനയാണു് ലോകവാർത്തകൾ അറിഞ്ഞുകൊണ്ടിരുന്നതു്. സാധാരണഗതിയിൽ ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ കേബിൾമാർഗ്ഗം അനുദിനം എംബസിയിൽ അറിഞ്ഞുകൊണ്ടിരിക്കും. ചൈനയ്ക്കു പുറമെ നടക്കുന്ന സംഭവഗതികൾ ചൈനീസ് ജനതയ്ക്കു് തീരെ അജ്ഞാതമാണു്. ഞാൻ അവരെ വിമർശിക്കയല്ല. അവരുടെ നില എനിക്കു നല്ലപോലെ മനസ്സിലാകുന്നുണ്ടു്. അവർ വലിയ കലാപത്തിലകപ്പെട്ടിരിക്കുകയായിരുന്നല്ലോ."

സോവ്യററ് റഷ്യയിലേയും മററു കമ്മ്യൂണിസ്റ്റ്ഭരണകൂടങ്ങളിലേയുംപോലെ ചൈനയിലും ഏകപാർട്ടി മാത്രമേ കാര്യത്തിൽ ഉള്ളുവെന്നും, പ്രതിപക്ഷങ്ങൾക്കു് അവിടെ സ്ഥാനമൊന്നുമില്ലെന്നും, കേന്ദ്രഗവമ്മെണ്ടിൻെറ തീരുമാനങ്ങളെല്ലാം രാജ്യമാസകലമുള്ള ജനങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതരാണെന്നും ജനകീയഭരണമാണെന്നു കാണിക്കാനുള്ള തെരഞ്ഞെടുപ്പുകൾ വെറും പ്രഹസനമാണെന്നും, പത്രങ്ങൾക്കുപോലും ഗവമ്മെണ്ടിൻെറ ചെയ്തികളെ വിമർശിക്കാൻ സ്വാതന്ത്ര്യമില്ലെന്നും, ലോകവാർത്തകൾ ജനങ്ങളിൽനിന്നു ഗവമ്മെണ്ടു് മറച്ചുവച്ചിരിക്കുകയാണെന്നും അല്ലയോ ശ്രീ നെഹ്റുവിൻെറ ഈ പ്രസ്താവനകളുടെ അർത്ഥം? ചൈനയിലെ സ്ഥിതി ഇങ്ങനെ ചിന്താസ്വാതന്ത്ര്യവും സംസാരസ്വാതന്ത്ര്യവും ഭരണസ്വാതന്ത്ര്യവും മററും ജനങ്ങൾക്കു നിഷേധിക്കുന്ന ഒന്നാണെങ്കിലും, ജനഹിതഭരണമെന്ന നാമത്തിനു് യാതൊരർഹതയും അതിനില്ലെങ്കിലും, ചൈനയ്ക്കു് വിരോധം തോന്നാതിരിക്കുവാനും ചൈന തനിക്കു നൽകിയ രാജോചിതമായ സ്വീകരണങ്ങൾക്കു് നന്ദികേടു കാണിക്കാതിരിക്കുന്നതിനും വേണ്ടി നെഹ്റു പറയുകയാണു്, ചൈന ഇങ്ങനെ ഭരിക്കുന്നതു് അവിടത്തെ കുഴപ്പങ്ങൾനിമിത്തമാണെന്നു്. ആ പ്രസ്താവത്തിനു വിശേഷാൽ അർത്ഥമൊന്നുമില്ലെന്നു സ്പഷ്ടമാണല്ലോ.

## ആ ചൈനാ ഡയറി

(എ. വി. തോമസ്, ബോംബെ)

കഴിഞ്ഞകൊല്ലം ഇൻഡ്യയിൽനിന്നും ചൈനയിലേക്കുപോയ ലേബർ ഡെലഗേഷനിലെ ഒരംഗമാണു് ശ്രീ ബ്രാജ്കിഷോർ ശാസ്ത്രി. ഇദ്ദേഹം ഉത്തരപ്രദേശത്തെ പ്രജാസോഷ്യലിസ്റ്റ്പാർട്ടിയിലെ ഒരു പ്രമുഖാംഗവും അവിടത്തെ തൊഴിലാളിപ്രസ്ഥാനത്തിൻെറ ഒരു പ്രധാന നേതാവുമാണു്. തൻെറ ചൈനാ സന്ദർശനവേളയിൽ അദ്ദേഹം കുറിച്ചെടുത്ത നോട്ടുകളിൽനിന്നും ഏഴു കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടു് "എൻെറ ചൈനാ ഡയറിയിൽനിന്നും" (From My China Diary) എന്ന അഭിധാനത്തിൽ അദ്ദേഹം ഒരു പുസ്തകം എഴുതിയിരിക്കുന്നു. ഡൽഹിയിലെ സിദ്ധാർത്ഥാ പബ്ളിക്കേഷൻസ് ആണു് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നതു്. ഒരു രൂപായാണു അതിനു വില.

## കൂലി കുറവു്, സാധനവില വളരെ

തൊഴിലാളി പ്രസ്ഥാനത്തിൻെറ പ്രവർത്തനത്തിൽ അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള വിപുലമായ അനുഭവജ്ഞാനംമൂലം ചൈനായിലെ സാധാരണജനങ്ങളുടെ യഥാർത്ഥസ്ഥിതി ശരിക്കു സൂക്ഷിച്ചു ഗ്രഹിക്കുവാൻ ശ്രീ ശാസ്ത്രിക്കു നിഷ്പ്രയാസം സാധിച്ചു. ചൈനീസ് ഗവമ്മെണ്ടു നൽകിയ അത്യൗദാര്യപൂർവ്വമായ സല്ക്കാരങ്ങളും സ്വീകരണങ്ങളും സമ്മാനങ്ങളും ഒന്നുംതന്നെ അദ്ദേഹത്തിൻെറ വീക്ഷണശക്തിയെ ക്ഷയിപ്പിക്കുവാൻ പര്യാപ്തമായില്ല. യാങ്ങ്ട്സീസ് നദീപദ്ധതിയിലെ ജോലിക്കാർ ഏററം പ്രാചീനമായ ഉപകരണങ്ങൾ ഉപയോഗിച്ചു് അതിദുസ്സഹമായ കാലാവസ്ഥയിൽ ജോലിചെയ്യുന്നതായി താൻ കണ്ടുവെന്നു് അദ്ദേഹം പറയുന്നു. മധുരനാരങ്ങ, വാസ്‌ലെൻ, സോപ്പു് മുതലായ സാധാരണസാധനങ്ങളുടെ വിലപോലും വളരെ കൂടുതലാണെന്നും തൊഴിലാളികളുടെ കൂലി വളരെ കുറവാണെന്നും അദ്ദേഹം ഗ്രഹിച്ചു. അവിടത്തെ രാഷ്ട്രീയപാർട്ടികൾ വെറും പേരിനുവേണ്ടി കടലാസിൽ മാത്രമുള്ള സംഘടനകളാണെന്നും തൊഴിലാളിസംഘടനകൾ ജോലിക്കാരുടെ ഗുണത്തിനുവേണ്ടിയല്ലെന്നും പ്രത്യുത ഗവമ്മെണ്ടിനുവേണ്ടിയുള്ളതാണെന്നും മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആ തൊഴിലാളിസ്വർഗ്ഗത്തിൽ തൊഴിലാളിയുടെ സ്ഥിതി അത്യന്തം ശോചനീയമാണെന്നും ഗ്രന്ഥകാരൻ പറയുന്നു.

അവരുടെ ഡെലഗേഷൻ നടത്തിയ പര്യടനത്തിൻെറ സ്വഭാവത്തെപ്പററിയും അദ്ദേഹം പറയുന്നുണ്ടു്. അതു് ഗവമ്മെൻറുനിയന്ത്രണത്തിലുള്ള ഒരു സഞ്ചാരമായിരുന്നു. ഗവമ്മെൻറു് മുൻകൂട്ടി നിശ്ചയിച്ചിരുന്ന സ്ഥലങ്ങൾ മാത്രമേ അവരെ കാണിച്ചുള്ളു. ആതിഥേയരുടെ പ്രത്യേകനിയന്ത്രണത്തിലുള്ള ഈ സഞ്ചാരത്തിനിടയിൽതന്നെ ചൈനയിലെ യഥാർത്ഥസ്ഥിതിഗതികൾ ഇത്രയും ശ്രദ്ധിച്ചു മനസ്സിലാക്കുകയും അവ യഥാതഥം ഇന്ത്യയിലെ പൊതുജനങ്ങളെ ഗ്രഹിപ്പിക്കുകയും ചെയ്ത ശ്രീ ശാസ്ത്രി സത്യസ്നേഹികളുടെ കൃതജ്ഞതയെ സമൃദ്ധിയായി അർഹിക്കുന്നു.

## ഇൻഡ്യയിലെ സ്ഥിതി ചൈനയിലേതിനെക്കാൾ വളരെ മെച്ചം

ചൈനയിൽ താൻ ഗ്രഹിച്ച സംഗതികൾ ഇന്ത്യയിലെ സ്ഥിതിയുമായി തൻെറ ഗ്രന്ഥത്തിൽ ശ്രീ ശാസ്ത്രി പലപ്പോഴും തുലനം ചെയ്യുന്നുണ്ടു്. ഇന്ത്യയിലെ സ്ഥിതി വളരെ മോശമാണെങ്കിലും ചൈനയിലേതിനേക്കാൾ വളരെ മെച്ചമാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. ഈ നിഗമനം തികച്ചും ശരിയാണെന്നു് ഏഷ്യയിലേയും വിദൂരപൗരസ്ത്യദേശങ്ങളിലേയും സാമ്പത്തികസ്ഥിതിയെ പരാമർശിച്ചുകൊണ്ടു് ഇ. സി. എ. എഫ്. ഇ. എന്ന സാർവ്വദേശീയ സംഘടന പുറപ്പെടുവിച്ചിട്ടുള്ള റിപ്പോർട്ടു തെളിയിക്കുന്നു.

ഇന്ത്യയുടെ സാമ്പത്തികവും വ്യാവസായികവുമായ സ്ഥിതി വളരെ മെച്ചമായി വരുന്നുവെന്നതിനു് ധാരാളം ലക്ഷ്യങ്ങൾ ആ റിപ്പോർട്ടിൽ ഉണ്ടു്. ഇവിടത്തെ വികസിച്ചുവരുന്ന ഉരുക്കുവ്യവസായം, പണിതീർത്തിരിക്കുന്ന പെട്രോളിയം റിഫൈനറീസ്, ചിത്തരഞ്ജൻ കമ്പനിയിലേയും സിൻഡ്റി ഫെർട്ടിലൈസർ കമ്പനിയിലേയും ഉല്പാദനവർദ്ധനവു്, ഗവമ്മെൻറുവക ഡി. ഡി റി., പെൻസിലിൻ ഈ ഫാക്ടറികളുടെ പൂർത്തീകരണം മുതലായവയെപ്പററി പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു. എല്ലാ വ്യവസായങ്ങളിലും കഴിഞ്ഞകൊല്ലത്തെക്കാൾ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടു്. വിദേശനാണയവിനിമയത്തിലും ഇന്ത്യയുടെ നില മെച്ചമായിട്ടുണ്ടെന്നു് റിപ്പോർട്ടിൽ പറയുന്നു.

ചൈനീസ് ഗവമ്മെൻറിൻെറ അതിഥികളായി ഏഷ്യയിലെ "ഭൗമികപറുദീസാ"യായ ചൈനയിൽപോയി അവിടെ വിനോദയാത്ര നടത്തിയശേഷം ഇന്നാട്ടിൽവന്നു് ചൈനയെ പുകഴ്ത്തിയും സ്വന്തനാടിനെ പുച്ഛിച്ചും പ്രസ്താവനകൾ ഇറക്കുന്ന കമ്മ്യൂണിസപ്രണയികൾ അവധാനപൂർവ്വം പഠിക്കേണ്ടതാണു് പ്രസ്തുത റിപ്പോർട്ടു്. റഷ്യയിലും ചൈനയിലും മാത്രമേ സാമ്പത്തികപുരോഗതിയുള്ളുവെന്നു് സദാ ഘോഷിച്ചുകൊണ്ടിരിക്കുന്നവർക്കു്, കമ്മ്യൂണിസത്തിൻെറ സ്വാതന്ത്ര്യധ്വംസനവും പോലീസ്ഭരണവും പൊതുജനമർദ്ദനവും കൂടാതെ തന്നെ ഗണ്യമായ സാമ്പത്തിക പുരോഗതി കൈവരിക്കുവാൻ ഒരു ജനായത്തഭരണരാജ്യത്തിനു് സാദ്ധ്യമാണെന്നു് പ്രസ്തുത റിപ്പോർട്ടിൽനിന്നും ഗ്രഹിക്കാം. ചൈനയെക്കാൾ കൂടുതൽ വ്യാവസായികവും കാർഷികവുമായ പുരോഗതി ഇന്നു ഇൻഡ്യക്കുണ്ടു്. പക്ഷെ ജനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടിയുള്ള കമ്മ്യൂണിസ്റ്റുകാരുടെ കുത്സിതമായ പ്രചാരണവൈപുല്യംമൂലം ഇൻഡ്യയിലെ പല സാധാരണക്കാരും ചൈനയാണു് ഇൻഡ്യയെക്കാൾ മെച്ചമെന്നു് തെററിദ്ധരിച്ചുപോകുന്നു.

## കൂട്ടുകൃഷിയും പരാജയംതന്നെ

ടിബററിലേക്കു് ഇൻഡ്യയിൽനിന്നും അരി കയററി അയക്കുവാൻ ഇൻഡ്യയും ചൈനയും തമ്മിൽ ഒരു കച്ചവടക്കരാർ നടത്തിയിട്ടു് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളു. അരിക്കുപകരം ഇൻഡ്യക്കു കിട്ടുന്ന സാധനങ്ങൾ പട്ടുതരങ്ങൾ മുതലായവയാണു്. ഇവയെല്ലാം പഴയകാലത്തു് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറ ആവിർഭാവത്തിനു മുമ്പു സുലഭമായി ഇൻഡ്യക്കു ചൈനായിൽനിന്നും ലഭിച്ചിരുന്ന സാധനങ്ങളുമാണു്. പുതിയ ചൈനയുടെ "വമ്പിച്ച വ്യവസായപുരോഗതി"യുടെ ഫലമായി എന്തെങ്കിലും അരിക്കുപകരം ഇൻഡ്യക്കു നൽകാൻ സാധിക്കാത്തതെന്തുകൊണ്ടാണു്? അവിടത്തെ വ്യവസായപുരോഗതി ഇൻഡ്യയുടേതിൽനിന്നും മെച്ചമല്ലെന്നു് അനുക്തസിദ്ധം. ഇനി കമ്മ്യൂണിസ്റ്റ്കാർ വല്ലരെയധികം കൊട്ടിഘോഷിക്കുന്ന കൂട്ടുകൃഷി സമ്പ്രദായത്തിൻെറ വിജയമെവിടെ? കൂട്ടുകൃഷിമൂലം അവിടെ അരിയുല്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിൽ എന്തിനു് ഇവിടെനിന്നും കയററി അയക്കണം. ഇതിനുമുമ്പു് അരിക്ഷാമം അറിഞ്ഞിട്ടില്ലാത്ത ടിബററിൽ കമ്മ്യൂണിസ്റ്റ് ആധിപത്യം വന്നതോടുകൂടി അരിക്കു ദൗർലഭ്യം നേരിടാൻ കാരണമെന്താണു്? പ്രചരണത്തിൻെറ പകിട്ടിൽ പൊതിഞ്ഞ കമ്മ്യൂണിസത്തിൻെറ പരാജയം ചിന്താശീലന്മാർക്കു് ഗ്രഹിക്കുവാൻ ഈ വസ്തുതകൾ ധാരാളം മതിയാകും. ശ്രീ ശാസ്ത്രിയുടെ അനുമാനങ്ങൾക്കു് ഉപോൽബലകങ്ങളുമാണു് ഈ വസ്തുതകൾ.

## ജനങ്ങൾ രാഷ്ട്രത്തിനുവേണ്ടി ബലികഴിക്കപ്പെടുന്നു

നിരാശാനിർഭരമായ ഒരു പ്രസ്താവനയോടുകൂടിയാണു് ശ്രീ ശാസ്ത്രി തൻെറ ഡയറി അവസാനിപ്പിക്കുന്നതു്: "കഴിഞ്ഞ നാലു വർഷത്തിനിടയിൽ ചൈന നേടിയിട്ടുള്ള പുരോഗതി അവിടത്തെ ജനതയ്ക്കു് സമാധാനപൂർണ്ണമായ ഒരു ജീവിതം വാഗ്ദാനം ചെയ്യുന്നില്ല രാഷ്ട്രത്തിൻെറ മഹത്വത്തിനു വേണ്ടി ജനങ്ങൾ തങ്ങളുടെ സർവ്വസ്വവും അടിയറ വയ്ക്കണമെന്നു പ്രതീക്ഷിക്കുന്നതു നീതിയാണോ?"

ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിൻെറ യഥാർത്ഥസ്വഭാവം പ്രസ്പഷ്ടമാക്കുവാൻ പര്യാപ്തമാണു് ഈ രണ്ടുവാക്യങ്ങൾ! കമ്മ്യൂണിസ്റ്റ് ഭരണത്തിൽ സാമ്പത്തികമായി കുറെ പുരോഗതിയുണ്ടാകുമെന്നു് സമ്മതിച്ചാൽതന്നെയും അതിനു് പ്രയോഗിക്കുന്ന മാർഗ്ഗങ്ങൾമൂലം ജനതയ്ക്കു സമാധാനപൂർണ്ണമായ സൈ്വരജീവിതം അവിടെ സാദ്ധ്യമല്ല. രാഷ്ട്രത്തിൻെറ പുരോഗതിക്കുവേണ്ടി ജനങ്ങൾ സ്വയം സമർപ്പിക്കണം. മററുവാക്കിൽപ്പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് ഭരണത്തിൽ രാഷ്ട്രം ജനങ്ങൾക്കുവേണ്ടിയല്ല; പ്രത്യുത ജനങ്ങൾ പൂർണ്ണമായി രാഷ്ട്രത്തിനുവേണ്ടിയാണു്. പഴയകാലത്തെ അടിമത്തത്തിൻെറ പരിഷ്കരിച്ച പതിപ്പാണിതു്. കമ്മ്യൂണിസ്റ്റ് ചൈനയിലെ തൻെറ പര്യടനത്തിനിടയിൽ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുഗ്രഹിച്ചിട്ടുള്ള നിരവധി സംഗതികൾ മനോമുകുരത്തിൽ വച്ചുകൊണ്ടു് അവയുടെ സമാഹാരമായിട്ടാണു് പ്രസ്തുത രണ്ടുവാക്യങ്ങൾ ശ്രീ ശാസ്ത്രി പ്രസ്താവിക്കുന്നതെന്നു് നാം പ്രത്യേകം അനുസ്മരിക്കണം. കമ്മ്യൂണിസ്റ്റ് ചൈനയെപ്പററിയുള്ള സകല യാഥാർത്ഥ്യവും അതിൽ അടങ്ങിയിട്ടുണ്ടു്.

—o—





വിവിധ ഡോക്ടർമാരും, ത്വക്‌രോഗവിദഗ്ദ്ധന്മാരും പരിശോധിച്ച് ഏററവും ഫലപ്രദമെന്നു ശുപാർശചെയ്തിട്ടുള്ളതു്.

എല്ലാ പ്രധാന കടകളിലും കിട്ടും

Reg. M. No 2293

# Sathya Deepam

Vol. 28 Ernakulam, November 17, 1954 No. 14

## മതാനുഷ്ഠാനം ക്രെംലിനു തലവേദനയുണ്ടാക്കുന്നു

റഷ്യയിൽ മതബോധം ഉത്തരോത്തരം ഉണർന്നുവരുന്നതിൽ ക്രെംലിൻ അസ്വസ്ഥത പ്രകടിപ്പിക്കുന്നതായി റിപ്പോർട്ടുകൾ വിശദമാക്കുന്നു. യുവാക്കന്മാർ കൂടുതൽ കൂടുതലായി മതകർമ്മങ്ങളിൽ പങ്കെടുക്കുന്നു. കമ്മ്യൂണിസ്റ്റു ഭാഷയിൽ വളരെപ്പേർ "അന്ധവിശ്വാസപരമായ അനുഷ്ഠാനങ്ങളോടു ബന്ധപ്പെട്ടിരിക്കുക"യാണ്. കമ്മ്യൂണിസ്റ്റ് യുവസംഘടനകളുടെ നേതാക്കന്മാർ വേണ്ടത്ര ശുഷ്കാന്തിയായി പ്രവർത്തിക്കുന്നില്ല എന്നാണ് ക്രെംലിൻെറ ആരോപണം. കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ പ്രവദ എന്ന പത്രം, യുവജനനേതാക്കന്മാരും ട്രേഡ്യൂണിയനുകളും മററുപോലുള്ള സംഘടനകളും നിരീശ്വരപരമായ പ്രചാരണത്തിൽ വിമുഖത കാണിക്കുന്നതിനെ നിശിതമായി കുററപ്പെടുത്തി. പാർട്ടിസംഘടനകൾ സഹിഷ്ണുത കാണിക്കുന്നതുകൊണ്ടാണ് മതാധികാരികളും മതാനുയായികളും അവരുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതെന്നും, ഉത്തരവാദപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളും അദ്ധ്യാപകന്മാരും യുവതലമുറയെ വേണ്ടതരത്തിൽ പരിശീലിപ്പിക്കാത്തതാണ് ഈ മാററത്തിനു കാരണമെന്നും കമ്മ്യൂണിസ്റ്റുപത്രങ്ങൾ ആക്രോശിക്കുന്നുണ്ട്. പഴയ അന്ധവിശ്വാസങ്ങളിൽ കുടുങ്ങിപ്പോയിട്ടുള്ള വൃദ്ധജനങ്ങൾ മാത്രമേ റഷ്യയിൽ മതബോധം വച്ചുപുലർത്തുന്നുള്ളുവെന്നു വിശ്വസിച്ചിരുന്ന ക്രെംലിനിലെ ഉന്നതസ്ഥാനികൾ ഇന്നത്തെ യുവജനങ്ങളുടെ വിശ്വാസദാർഢ്യത്തെക്കണ്ടു ഭയപ്പെടുകയും അവരുടെ തല പുകയുകയുമാണ്.

## തൊഴിലാളികൾ കമ്മ്യൂണിസം വിടുന്നു

ഇററലിയിലെ തൊഴിലാളികളുടെ ഇടയിൽ കമ്മ്യൂണിസത്തിൻെറ പ്രാബല്യം അടിക്കടി കുറഞ്ഞുവരുന്നുവെന്നു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നു. സെപ്റ്റംബർ 1-ാം തീയതിയിലെ അംഗസംഖ്യ ഇക്കൊല്ലത്തേയും കഴിഞ്ഞകൊല്ലത്തേയും താരതമ്യപ്പെടുത്തിയതിൽ കാണുന്നതിപ്രകാരമാണ്. ഇക്കൊല്ലം 3,700,000, കഴിഞ്ഞകൊല്ലം 4,100,000, കുറവു 400,000. നാലുലക്ഷത്തിൻെറ ഈ കുറവിൽ അധികവും കമ്മ്യൂണിസത്തിൻെറ അഭേദ്യമായ ഉരുക്കുകോട്ടകളെന്നു വിശ്വസിക്കപ്പെട്ടിരുന്ന ടൂറിൻ, ജനോവ, മിലൻ, ബൊളോഞ്ഞ, മൊഡേനാ, മൻേറാവോ എന്നീ ഡിസ്ട്രിക്റ്റുകളിലാണ്.

# —വിവിധവൃത്താന്തങ്ങൾ—

## പ്രോട്ടസ്റ്റൻറ് പ്രെമിയരുടെ സഹോദരപുത്രൻ ബനഡിക്റ്റൻ സന്യാസി

ഉത്തരഅയർലണ്ടിലെ പ്രോട്ടസ്റ്റൻറ് പ്രധാനമന്ത്രിയായ ലോർഡ് ബ്രൂക്ക് ബറോയുടെ സഹോദരപുത്രൻ ഓഡോ ബ്രൂക്ക് എന്ന ദേഹം ബനഡിക്റ്റൻ സന്ന്യാസസഭയിൽ ചേർന്ന് വൈദികനായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. റവ. ഫാദർ ഓഡോ ബ്രൂക്ക് ഓക്സ്ഫോർഡിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് കത്തോലിക്കാസഭയിൽ ചേർന്നതു്. 1946-ൽ അദ്ദേഹം ബനഡിക്റ്റൻ സഭയിൽ അംഗമായി സ്വീകരിക്കപ്പെടുകയും പ്രിങ്ക്നാഷ് ആബിയിൽ നൊവിഷ്യേററ് നടത്തുകയുംചെയ്തു. പോർട്ട്സ്മൗത്ത് മെത്രാപ്പോലീത്താ കിംഗ് തിരുമനസ്സുകൊണ്ടാണ് അദ്ദേഹത്തിനു പൗരോഹിത്യപട്ടം നൽകിയതു്. അദ്ദേഹം ഡോക്ടറേററ് ബിരുദം സമ്പാദിക്കുവാൻ റോമിലേക്കു പോകുന്നതാണ്.

> ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
>
> ജെ. എൻ. റാവു, ഏജൻറു, "സത്യദീപം", ജെട്ടിറോഡ്, ആലപ്പുഴ

## റഷ്യയിൽ കൈയെഴുത്തു വേദോപദേശം

ഈയിടെ റഷ്യ സന്ദർശിച്ചുമടങ്ങിയ ബ്രിട്ടീഷ് ഡലഗേഷനിലെ ഏകകത്തോലിക്കാ മെമ്പറാണ് ദി ഓണറബിൾ മിസ്സിസ്സ് എച്ച്. ബോവർ. റഷ്യയിൽ 10,000 മൈൽ സഞ്ചരിച്ചുമടങ്ങിയ ആ മഹതി മുൻകൂട്ടി തയാറാക്കപ്പെട്ട കൃത്രിമപരിപാടികൾക്കും നിയന്ത്രണങ്ങൾക്കും വിധേയയായിരുന്നുവെങ്കിലും മതപരമായ അവിടത്തെ യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനു് കൈവന്ന അവസരങ്ങളെല്ലാം ഉപയോഗിക്കുകയുണ്ടായി. ഇംഗ്ലണ്ടിൽ തിരിച്ചെത്തിയശേഷം അവർചെയ്ത ഒരു പൊതുപ്രസംഗത്തിൽ, റഷ്യയിൽ മതമർദ്ദനത്തിനെതിരായി മതജീവിതം റഷ്യക്കാർ ധീരതയോടുകൂടി നയിക്കുകയാണ് എന്നു പ്രസ്താവിച്ചു. ഈ പ്രസ്താവത്തെ തെളിയിക്കുന്നതിനു അവർക്കു ലെനിൻഗ്രാഡിൽവച്ചു ഒരു വൈദികനിൽനിന്നു ലഭിച്ച ഒരു കൈയെഴുത്തു വേദോപദേശം സദസ്യരെ കാണിച്ചുകൊടുത്തു. അവർ തുടർന്നു:- "ഗവൺമെൻറിൻെറ ദൈവവിശ്വാസവിരുദ്ധമായ പ്രചാരണവേലകളെ ഇത്ര ശക്തിയായി എതിർക്കുന്ന റഷ്യാക്കാരെ—നൂറുനൂറായിരം റഷ്യാക്കാരെ—എൻെറ കണ്ണുകൊണ്ടു കാണുവാൻ സാധിക്കുന്ന ഒരു കാലമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. റഷ്യയിൽ പരസ്യമായി ഇത്രയധികം ആളുകൾ ദേവാലയത്തിൽ പോകുന്നതുകൊണ്ടു്, ഒരു ഒഴുകുന്ന മഞ്ഞുകട്ടയിലെന്നവണ്ണം, വളരെ വലിയൊരു വിഭാഗം മതതീക്ഷ്ണതയുള്ളവർ അടിയിലുണ്ടാകണമെന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു." മോസ്കോയിലുള്ള ഏക കത്തോലിക്കാപ്പള്ളിയിൽ അവർ പോയി. അവിടെ കൂടിയിരുന്നവരിൽ 200 സ്ത്രീകളുണ്ടായിരുന്നു. അവരിൽ 50 പേർ വിശുദ്ധ കുർബാന സ്വീകരിച്ചു. അവിടത്തെ വൈദികൻ ഞായറാഴ്ച മൂന്നു കുർബാന ചൊല്ലുന്നുണ്ടു്.

## വൈമാനികർ മദ്ധ്യസ്ഥയായ മറിയത്തെ ബഹുമാനിക്കുന്നു

ഇററലിയിലെ വൈമാനികരുടെ മദ്ധ്യസ്ഥ ലൊറേത്തോയിലെ പരിശുദ്ധ കന്യകമറിയമാണ്. ജൂബിലിവർഷം പ്രമാണിച്ച് അവരുടെ ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള പരിപാടികൾ അങ്കോണാ എന്ന സ്ഥലത്തുവച്ചാണ് നിർവ്വഹിക്കപ്പെട്ടതു്. നാലു ജെററുവിമാനങ്ങൾ തത്സമയം ആകാശത്തിൽനിന്നു അനുസ്യൂതം പുഷ്പവർഷം നടത്തിക്കൊണ്ടിരുന്നു. ബസ്സിലിക്കാദേവാലയത്തിനഭിമുഖമായി സജ്ജീകരിച്ചിരുന്ന മണ്ഡപത്തിൽ പ്രതിഷ്ഠിച്ചിരുന്ന ലൊറേത്തുമാതാവിൻെറ സ്വരൂപത്തിൻെറ പാദങ്ങളിൽ ഉദ്യോഗസ്ഥന്മാരും മററു വൈമാനികരും പൂച്ചെണ്ടുകളും പുഷ്പഹാരങ്ങളും സമർപ്പിച്ചു. ലോകത്തുള്ള സകല വൈമാനികരേയും ആശീർവ്വദിച്ചു കൊണ്ടു പരിശുദ്ധ പിതാവ് ത്രികാലജപം പ്രക്ഷേപണംചെയ്തു.

## തൊഴിലാളികൾക്കു വേണ്ടി പ്രത്യേകം പൊൻറിഫിക്കൽ കുർബാന

"വ്യവസായഞായർ" ഇക്കൊല്ലം ഇംഗ്ലണ്ടിൽ ഒക്ടോബർ 17-ാം തീയതി ആചരിക്കപ്പെട്ടു. വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രൽ തൊഴിലാളികളെക്കൊണ്ടു നിറഞ്ഞിരുന്നു. വെസ്റ്റ്മിനിസ്റ്റർ, സൗത്ത്വാർക്ക്, ബ്രൻറുവുഡ് മുതലായ രൂപതകളിൽനിന്നെല്ലാം തൊഴിലാളികൾ അതിൽ സംബന്ധിച്ചു. കർദ്ദിനാൾ ആർച്ചുബിഷോപ്പു തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ബ്രൻറുവുഡ് മെത്രാൻ ബെക്ക് തിരുമേനിയാണ് ഈ സാഘോഷപൊൻറിഫിക്കൽ പാടിയതു്. ട്രേഡ്യൂണിയൻ കോൺഗ്രസ്സിലെ നേതാക്കന്മാരായ മി. ഡബ്ല്യു. ജെ. കാരൻ മുതലായവരും അതിൽ പങ്കെടുത്തു. സ്ട്രൈക്കിൽ നിൽക്കുന്ന വളരെപ്പേർ ആക്കൂട്ടത്തിലുണ്ടായിരുന്നു. ഈ പരിപാടി ആസൂത്രണംചെയ്ത കാത്തലിക്ക് ട്രേഡ്യൂണിയൻ അസ്സോസ്സിയേഷൻ മെമ്പറന്മാർക്ക് കുർബാനയ്ക്കുശേഷം കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ട് കത്തീഡ്രൽ ഹാളിൽവച്ചു പ്രത്യേക സന്ദർശനം നൽകുകയുണ്ടായി.

## ഇന്ത്യയിലെ പ്രഥമ ബസിലിക്കാ ബന്ദ്രായിലെ മൗണ്ട് മേരി ദേവാലയം

ആസന്നമായ നാഷനൽ മരിയൻ കോൺഗ്രസ് സംബന്ധിച്ച് നാലുദിവസം നീണ്ടുനില്ക്കുന്ന പരിപാടികൾക്കിടയിൽ ബോംബെയിൽ ബന്ദ്രായിലെ മൗണ്ട് മേരി ദേവാലയം അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ട് ബസിലിക്കാ ആയി ഉയർത്തുന്നതാണ്. ഇന്ത്യയിലെ പ്രഥമ ബസിലിക്കാ ആയിരിക്കുമതു്. നാഷണൽ മരിയൻ കോൺഗ്രസിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുമായി 70 ആർച്ച് ബിഷപ്പുമാരും ബിഷപ്പുമാരും, ഇന്ത്യയിലെ മുൻപേപ്പൽ ഇൻറർനൺഷിയോ ഡോക്ടർ പീററർ കിയർക്കെൽസ് തിരുമേനി, കുടുംബജപമാലപ്രസ്ഥാനത്തിൻെറ സ്ഥാപകനായ റവ. ഫാദർ പാട്രിക്ക് പേയ്ററൻ തുടങ്ങിയ വിദേശസന്ദർശകരും ഇന്ത്യയിലെ ഇപ്പോഴത്തെ പേപ്പൽ ഇൻറർനൺഷിയോ തിരുമേനിയും സംബന്ധിക്കുന്നതാണ്. കോൺഗ്രസ് ഡിസമ്പർ 4 മുതൽ 8 വരെ തീയതികളിൽ നടത്തപ്പെടുന്നതാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരിന്ത്യാക്കാരൻ പേപ്പൽ ലെഗേററായി തിരുസിംഹാസനത്തിൽനിന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനിയാണ് പേപ്പൽ ലെഗേററായി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നതു്. കോൺഗ്രസിൻെറ ആതിഥേയനും പ്രണേതാവും തിരുമനസ്സുകൊണ്ടുതന്നെയാണ്. കോൺഗ്രസിൻെറ ഉൽഘാടനദിനത്തിൽ ക്രോസ് മൈതാനത്തുവച്ചു നടക്കുന്ന ചടങ്ങിൽ ഇന്ത്യയുടെ വൈസ്പ്രസിഡൻറ് ഡോക്ടർ എസ്. രാധാകൃഷ്ണനായിരിക്കും പ്രധാനാതിഥി. ക്രോസ് മൈതാനത്ത് ഒരുലക്ഷം പേർക്കു ഇരിക്കത്തക്ക സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ബോംബെ ഗവർണ്ണർ മി. ജി. എസ്. ബാജ്പൈ, ബോംബെ ചീഫ്മിനിസ്റ്റർ മി. മൊറാർജി ദേശായി എന്നിവർ പ്രസ്തുത ചടങ്ങിൽ സംബന്ധിക്കാമെന്നു് സമ്മതിച്ചിട്ടുണ്ട്.

## കർദ്ദിനാൾ വിഷിൻസ്കി തടവിലാണ്

പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കിയെ കമ്മ്യൂണിസ്റ്റു റിപ്പോർട്ടുകളിൽ പറയുന്നതുപോലെ ഒരു ആശ്രമത്തിൽ പാർപ്പിച്ചിരിക്കുകയല്ല. തിരുമേനിയെ കിഴക്കെ പ്രഷ്യയിലുള്ള ഹെയിൽസ് ബെർഗ്ഗിൽ ഒരു കാരാഗൃഹത്തിൽ അടച്ചിരിക്കുകയാണ് എന്നു കമ്മ്യൂണിസ്റ്റധീനത്തിൽനിന്നും ഓടി രക്ഷപെട്ട ഒരു വാർസാ ഉദ്യോഗമേധാവി പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത കാരാഗൃഹം സോവ്യററ് അതിർത്തിക്കു സമീപമാണെന്നും അദ്ദേഹം പറഞ്ഞു. സംരക്ഷണവകുപ്പിൽ ജോലിനോക്കിയിരുന്ന ജോസഫ് സ്വിയാററ് ലോ എന്ന ഈ യഹൂദ ഉദ്യോഗസ്ഥൻ വാഷിംഗ്ടണിൽവച്ചു നടത്തിയ ഒരു പ്രസ്കോൺഫറൻസിലാണ് ഈ വസ്തുത പ്രസ്താവിച്ചതു്.

വി. പത്താംപീയൂസിൻെറ മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

എന്നു്

P. P. John, കമ്പള്ളം

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

